
ഒറ്റപ്രതി 25 പൈസ

വാർഷികവരിസംഖ്യ 3 ക.

# A. K. C. C. BULLETIN

Vol. 15 | SEPTEMBER 1964 | No. 9



സൂനഹദോസിന്റെ മൂന്നാം സമ്മേളനോൽഘാടനാവസരത്തിൽ മാപ്പ്പ്പാ തിരുമേനി (ജനങ്ങളെ അഭിമുഖീകരിച്ച്) 24 സൂനഹദോസ് പിതാക്കന്മാരോടുകൂടി സംയുക്തദിവ്യബലി (Concelebration) അർപ്പിക്കുന്നു. കാപ്പുപോലെയുള്ള പൂജാവസ്ത്രങ്ങളാണ് അർപ്പകർ അണിഞ്ഞിരിക്കുന്നത്.

## വിഷയവിവരം

പേജ്

1 പത്രാധിപക്കുറിപ്പുകൾ
കാർഷിക–വ്യാവസായികസഹകരണ സംരംഭം 3
2 വസ്തുനിർമ്മാണ വിതരണങ്ങൾക്കു ഒരു സഹകരണസംരംഭം 4
3 എ. കെ. സി. സി. ബുള്ളറ്റിൻ 4
4 നിക്കുതിസമ്പ്രദായവും രവന്യുകടിശ്ശികപ്പിരിവും (ലേഖനം) (ശ്രീ പി. സി. ഏബ്രാഹം) 6
5 കൃത്രിമജനനനിയന്ത്രണവും സാമ്പത്തിക സാമൂഹ്യപ്രശ്നങ്ങളും (റവ. ഡോ. ജോർജ് പാലത്തുമ്പാട്ട്) 8
6 കാറിന്റെ കരച്ചിൽ (കവിത) ഏ ഡി അന്തോനി) 10
7 നമുക്കും മുന്നേറാം (ലേഖനം) (സി കാലായിൽ, ഇൻഡോർ) 11
8 കയ്യെത്താത്ത പൂവ് (ചെറുകഥ) ജോസ് വാക്കയിൽപറമ്പിൽ) 13
9 ഒരു നവയുഗത്തിന്റെ ഉദയം (ഫാ. കമിൽ സി.എം.ഐ) 17
10 നായകോൽബോധനം (പദ്യം) വിദ്വാൻ ജോസഫ് മുകളയിൽ) 18
11 ഓടിട്ടവീട് (നോവൽ) (ജോസഫ് മറ്റം) 19
12 സംഘടനാക്കാര്യം 21
13 മാത്തപ്പന്റെ മാനസാന്തരം (പ്രഹസനം) (പൗലോസ് തെക്കത്തു) 24
14 ഡോക്ടർ സംസാരിക്കുന്നു. 26
15 മെമ്മോറാണ്ടം 25

**'UNITED WE STAND, DIVIDED WE FALL'**




(അപ്പുമ്പൻ ആവമാന്യർ)

തൊമ്മി:— മൂന്നുകൊല്ലം മുൻപ് എന്റെ ഭാര്യ ''ഒരു കുട്ടിമാത്രം'' എന്ന പുസ്തകം വായിച്ചു. അല്പ കാലത്തിനുള്ളിൽ അവൾ ഒരു കുട്ടിയെ പ്രസവിച്ചു. പിന്നെ ''ഇരട്ടകൾ'' എന്ന ഒരു പുസ്തകം വായിച്ചു. അതിനുശേഷമാണു' അവൾ ഇരട്ട പ്രസവിച്ചതു്.

സ്നേഹിതൻ:— അതുകൊണ്ടെന്താ, എല്ലാം ശുഭമായി കലാശിച്ചില്ലേ?

തൊമ്മി:— കലാശിച്ചു പക്ഷെ ഇപ്പോൾ അവൾ വായിക്കുന്നതു് ''ഒരു ഗ്രാമക്കാരുടെ ഉൽഭവം'' എന്ന പുസ്തകമാണു്.

○ ○ ○

മാത്തു:— എടാ ചങ്കുവേ, നീയെന്തിനാടാ ഈ ദ്വാവിന്റെ വേരൊക്കെ വകഞ്ഞുതെളിച്ചു വയ്ക്കുന്നതു്.?

ശങ്കു:— അതോ, എനിക്കു കറെ ചക്കവേണം.

മാത്തു:— എന്തു്? ചക്കയോ!!

ശങ്കു:— അതെ; ചക്ക, ''വേണമെങ്കിൽ ചക്ക വേരേലും കായിക്കും'' എന്നല്ലേ ചൊല്ലു്.

○ ○ ○

ജോയിച്ചൻ:— ''അമ്മേ ഞാനൊന്നു നീന്തിക്കുളിക്കുവാൻ പൊയ്ക്കോട്ടേ?''

അമ്മ:— ''വേണ്ട. നീ, നീന്തൽ പഠിക്കുന്നതുവരെ നിന്നെ ഞാൻ വെള്ളത്തിൽ ഇറക്കുകയില്ല.''

○ ○ ○

കച്ചവടക്കാരൻ തോമ്മാച്ചൻ മകനോടു്:— എടാ. കുട്ടപ്പാ, നിന്റെ പഠിത്തമൊക്കെ എവിടെംവരെയായി, എങ്ങിനെയൊക്കെ ഇരിക്കുന്നെടാ.?

മകൻ:— അപ്പച്ചാ, ഞാനിന്നുവരെ അപ്പച്ചന്റെ കച്ചവടക്കാര്യത്തെപ്പറ്റിയൊ, ലാഭനഷ്ടങ്ങളെപ്പറ്റിയോ ഒരക്ഷരം പോലും ചോദിച്ചിട്ടില്ലല്ലോ. പിന്നെ അപ്പച്ചനെന്തിനാ എന്റെ പഠനക്കാര്യമൊക്കെ ചോദിക്കുന്നതു്.?

○ ○ ○

പാറക്കെട്ടുകൾ നിറഞ്ഞ നദിയിൽക്കൂടി വള്ളത്തിൽ സഞ്ചരിക്കുമ്പോൾ യാത്രക്കാരൻ വള്ളക്കാരനോടു പറഞ്ഞു:—

''എടോ സൂക്ഷിച്ചു വള്ളംവിടണം. ഈ നദിയിൽ പലസ്ഥലത്തും പാറയുണ്ടു കേട്ടോ?''

വള്ളക്കാരൻ:— ''എനിയ്ക്കു് ഈ നദിയിൽ പതിനഞ്ചു വർഷത്തെ പരിചയം ഉണ്ടു്. അതുകൊണ്ടു് എവിടെയൊക്കെ പാറകൾ ഉണ്ടെന്നു് നല്ല നിശ്ചയമാ.''

അല്പ നിമിഷത്തിനുള്ളിൽ വള്ളം ഒരു പാറയിൽ ഇടിച്ചു. അപ്പോൾ വള്ളക്കാരൻ പറഞ്ഞു. ''ദാ! ഇവിടെ ഒരു പാറയുണ്ടു്.''

○ ○ ○

വ്യാകരണക്ലാസ്സിൽ അദ്ധ്യാപകൻ:—

''വാണം രാമനാൽ അയയ്ക്കപ്പെട്ടു.'' ഇതു് കർത്തരിപ്രയോഗമോ? കർമ്മണിപ്രയോഗമോ? തോമ്മസ് പറയണം.

തോമ്മസ്:— ഇതു രണ്ടുമല്ല സാറേ,

''കരിമരുന്നു പ്രയോഗം''

○ ○ ○

അദ്ധ്യാപകൻ:— ക്ലാസ്സിൽവച്ചു് വിദ്യാർത്ഥികൾ ഏറ്റവും കൂടുതൽ ഉപയോഗിക്കുന്ന വാക്കു് ഏതാണു്? രാമൻ പറയണം.

രാമൻ:— ''അറിയത്തില്ല.'' സർ.

അദ്ധ്യാപകൻ:— ശരി, ഇരിക്കണം.

○ ○ ○

അവിരാച്ചൻ വിവാഹദല്ലാളിനോടു്:— എന്താ തോമ്മാച്ചേട്ടാ, ആ കല്യാണം നടക്കുമോടോ?

ദല്ലാൾ:— കൊള്ളാം, നടക്കുമോന്നു്! പെണ്ണിനെ പിടിച്ചാൽ നടക്കും.''

വിവാഹത്തിനുശേഷം ഏതാനും ദിവസങ്ങൾ കഴിഞ്ഞു് ചെറുക്കന്റെ അപ്പൻ അവിരാച്ചൻ ദല്ലാളിനെ കണ്ടപ്പോൾ പറഞ്ഞു. ''താനെന്തു ചതിവാണടോ ഞങ്ങളോടു ചെയ്തതു്. പെണ്ണിന്റെ ഒരു കാലു് തളർന്നതാണല്ലോ!!

ദല്ലാൾ:— ഞാനന്നേ പറഞ്ഞതല്ലേ, ''പെണ്ണിനെ പിടിച്ചാൽ നടക്കുമെന്നു്''

○ ○ ○

ചാണ്ടി:— ഒരമ്പതു രൂപാ ഇന്നു രാത്രിയിൽ തന്നെ കിട്ടാത്തപക്ഷം ഞാൻ സ്വയം വെടിവെച്ചു് മരിച്ചുകളയും. നിങ്ങൾക്കെന്നെ സഹായിക്കുവാൻ കഴിയുമോ? പീറ്റർ....?

പീറ്റർ:— സ്നേഹിതാ ഞാൻ നിർവ്യാജം വ്യസനിക്കുന്നു. എന്റെ കൈയ്യിൽ തോക്കൊന്നുമില്ലല്ലോ....

○ ○ ○

വ്യാകരണക്ലാസ്സിൽ അദ്ധ്യാപകൻ ചോദിച്ചു:—

''ബ്രിട്ടീഷുകാർക്കു് സൂര്യൻ അസ്തമിക്കാത്ത സാമ്രാജ്യമുണ്ടായിരുന്നു.'' എത്രകാലം?

ഒരുകുട്ടി:—''ഉഷ്ണകാലം.''

# കാർഷിക–വ്യവസായിക സഹകരണസംരംഭം

സമുദായാംഗങ്ങളുടെ സാമ്പത്തികക്ഷേമത്തിനുവേണ്ടി സുസംഘടിതമായ കത്തോലിക്കകോൺഗ്രസിനു് ആരംഭിക്കാവുന്ന പല പ്രവർത്തനങ്ങളുണ്ടു്. ഒരു വൻവ്യവസായം–കാർഷികമോ വ്യവസായപരമോ ആകട്ടെ– ഒരു വ്യക്തിക്കു തനിച്ചാരംഭിക്കാൻ പുരോഗമന സോഷ്യലൈസേഷനേറെതായ ഇക്കാലത്തു് അസാധ്യമായിത്തീർന്നിരിക്കുന്നു. കേന്ദ്രസാമൂഹ്യവികസനവകുപ്പു്, സഹകരണാടിസ്ഥാനത്തിലുള്ള ഇത്തരം സംരംഭങ്ങൾക്കു നൽകിയിട്ടുള്ള പ്രാധാന്യം അവരുടെ ചില നിർദ്ദേശങ്ങളിൽനിന്നു വ്യക്തമാണു്. സംസ്ഥാനഗവണ്മെൻറുകളും സഹകരണ പരിപാടികൾക്കായി പദ്ധതിത്തുകയുടെ 25ശതമാനമെങ്കിലും നീക്കിവയ്ക്കണമെന്നും നിർദ്ദേശമുണ്ടായിട്ടുണ്ടു്. കേരളത്തേക്കാൾ അധോഗതിയിൽനില്ക്കുന്ന സംസ്ഥാനങ്ങളിൽ പലപദ്ധതികളും നടപ്പിലാക്കിയിട്ടുണ്ടു്. എന്നാൽ ഈ ഇനത്തിൽ നീക്കിവച്ചിട്ടുള്ള പണം കേരളം പ്രയോജനപ്രദമായ എന്തെങ്കിലുംകാര്യത്തിനായി വിനിയോഗിച്ചിട്ടില്ലെന്നു് കേന്ദ്രഗവണ്മെൻറിനു പലപ്പോഴും ബോധ്യമായിട്ടുണ്ടു്. പല സംസ്ഥാനങ്ങളും, പ്രത്യേകിച്ചു് മഹാരാഷ്ട്രം, നടപ്പിലാക്കിയിട്ടുള്ള പരിപാടികളിലൊന്നാണു് ''കാർഷിക–വ്യവസായിക സഹകരണപരിപാടി'' ഇതനുസരിച്ചു് അവർ 20 പഞ്ചസാരഫാക്ടറികളും സ്ഥാപിച്ചു കഴിഞ്ഞു. അവരുടെ പ്രൊപ്പോസലിന്റെ പ്രസക്തമായ ചില ഭാഗങ്ങളും ഞങ്ങളും താഴെ ഉദ്ധരിക്കുന്നു.

(1) സൊസൈറ്റിയുടെ അംഗീകൃത ഓഹരിമൂലധനം 56,00,000 ക. യായിരിക്കും. അതു താഴെപ്പറയുന്ന ഇനങ്ങളിലായി വിഭജിക്കുന്നതാണു്.

(a) 43,50,000ക. 1000ക. യുടെ 4350 ഓഹരികളായി വീതിക്കുക. അതിന്റെ പേരു് ഉല്പാദകഓഹരിഎന്നായിരിക്കും. സൊസൈറ്റിക്കു കരിമ്പുനൽകുന്ന ഉൽപ്പാദക അംഗങ്ങൾക്കാണു് അതു നൽകപ്പെടുക.

(b) 2,50,000ക. 1000 രൂപയുടെ 250 ഓഹരികളായി വിഭജിക്കുന്നതും ''സാധാരണ ഓഹരികൾ'' എന്നപേരിൽ സഹകരണസ്ഥാപനങ്ങൾക്കും ബൈലോ 5 (b) വകുപ്പിൻപ്രകാരം യോഗ്യതയുള്ളവർക്കും നൽകുന്നതുമാണു്.

(c) 10,00,000ക. 1000രൂപയുടെ 1000 പ്രിഫറൻസു് ഓഹരികളായിവിഭജിക്കും. മഹാരാഷ്ട്രാഗവണ്മെൻറിനു മാത്രമേ അവ നൽകപ്പെടുകയുള്ള. തിരിച്ചെടുക്കാവുന്ന ഈ പ്രിഫറൻസു് ഷെയറുകൾ ''ക്യാപ്പിറ്റൽ റിഡംഷൻ റിസർവു് ഫണ്ടിൽ'' നിന്നോ, ഓഹരിമൂലധനമായി മാറ്റിയിരിക്കുന്ന, മടക്കിക്കൊടുക്കുകയില്ലാത്ത നിക്ഷേപങ്ങളിൽ നിന്നോ തിരിച്ചെടുക്കുന്നതാണു്. ഈ പ്രിഫറൻസു് ഷെയറുകൾക്കു്, കമ്പനിവൈൻഡു് അപ്പുചെയ്യേണ്ടിവരുന്നപക്ഷം പ്രിഫറൻഷ്യൽഅവകാശങ്ങളുണ്ടായിരിക്കും. ബൈലോ 39–ാംവകുപ്പുപ്രകാരം ഇവ നേരത്തേതന്നെ വീണ്ടെടുക്കാം.

2. അനുവദിച്ച മൂലധനം 56,00,000 ക. ആയിരിക്കും.

ഇവിടെ ഒരുകാര്യം ശ്രദ്ധേയമാണു്. 56ലക്ഷം ഓഹരിമൂലധനത്തിൽ 43,50,000 ക. ഉല്പാദകമെമ്പർമാർനൽകുന്നവയാണു്; അതായതു് ഭൂമിയും കരിമ്പുകൃഷിയുമുള്ള മെമ്പർമാർ. പ്രിഫറൻസു്ഷെയർ ഇനത്തിൽ മഹാരാഷ്ട്രാഗവ. 10 ലക്ഷം ക. സംഭാവനചെയ്യുന്നു.

ഉല്പാദകമെമ്പർമാരുടെ യോഗ്യതകളും താഴെപ്പറയുന്നവയാണു്. (1) 18 വയസ്സു കഴിഞ്ഞിരിക്കണം; ഒരു ഉടമ്പടിയുണ്ടാക്കാൻ പ്രാപ്തനായിരിക്കണം. (2) ഭൂമിയുള്ളവനും ഏറ്റവും കുറഞ്ഞതു് അരയേക്കർസ്ഥലത്തു കരിമ്പുകൃഷി ചെയ്യുന്നവനുമായിരിക്കണം. നിശ്ചിതമേന്മയുള്ള ഇനം കരിമ്പു് സംഘത്തിനു്നൽകിക്കൊള്ളാമെന്നു് വ്യവസ്ഥ ചെയ്തിരിക്കുകയും വേണം.

3. വിദ്യാഭ്യാസം മതപരമായ ലക്ഷ്യങ്ങൾക്കുവേണ്ടി സ്ഥാപിക്കപ്പെട്ടിരിക്കുന്ന ട്രസ്റ്റുകളും സഹകരണ സംഘങ്ങളും കരിമ്പുൽപ്പാദിപ്പിക്കുന്ന വിദ്യാഭ്യാസസ്ഥാപനങ്ങളും ''എ'' ക്ലാസ് മെമ്പർമാരായി സ്വീകരിക്കപ്പെടും. എന്നാൽ 1–ാംവകുപ്പു് അവർക്കു ബാധകമായിരിക്കുകയില്ല.

പ്രസ്തുത ബൈ–ലോ മുഴുവൻ പഠിക്കുകയാണെങ്കിൽ. ഇത്തരം സഹകരണസംരംഭങ്ങൾ ആരംഭിക്കുന്നതുകൊണ്ടു് ദരിദ്രരായ കർഷകർക്കു് എത്രമാത്രം പ്രയോജനങ്ങളാണുണ്ടാവുക എന്നു് വ്യക്തമാകും. എന്നാൽ മേല്പദ്ധരിച്ചതു് ബൈലോവകുപ്പുകളിൽനിന്നു് ഏതുവിഭാഗമാളുകൾക്കാണു് ഇതു പ്രയോജനമുണ്ടാകുന്നതു് എന്നുമാത്രമേ മനസ്സിലാകൂ.

ഈ പദ്ധതി കേരളത്തിനു്, പ്രത്യേകിച്ചും കത്തോലിക്കാസമുദായത്തിനു് വളരെ പറ്റിയതാണെന്നു് ഞങ്ങൾക്കു തോന്നുന്നു. നമ്മൾ നെൽകൃഷി നടത്തുന്ന വളരെയേറെ ഭൂമിയുണ്ടു്. തീരപ്രദേശത്തിനു കിഴക്കുള്ള ഈ നെൽകൃഷിസ്ഥലങ്ങൾ കരിമ്പുകൃഷിക്കു പറ്റിയതാണു്. കുറെ നെൽകൃഷിയുടെ വിജയം മൺസൂൺ, വെള്ളപ്പൊക്കം തുടങ്ങിയവയെ ആശ്രയിച്ചാണിരിക്കുന്നതു്. നെൽകൃഷി പലപ്പോഴും നഷ്ടത്തിലാണു കലാശിക്കാറു്; ചിലപ്പോൾ കൊയ്ത്തു നടന്നില്ലെന്നുവരെ വരും, പെറ്റ കർഷകരുടെ കൈയിലാണു് ഭൂരിപക്ഷംപാടങ്ങളും. ഈ

പാടങ്ങളിൽ കരിമ്പുകൃഷി ചെയ്യുകയാണെങ്കിൽ സഹകരണാടിസ്ഥാനത്തിൽ ഉടനെതന്നെ 6 പഞ്ചസാരഫാക്ടറികളും ആരംഭിക്കാമെന്നു പറയപ്പെട്ടു.

ഉല്പാദകരുടെ ഓഹരികൾക്ക് തന്റെ കൈയിൽ അല്പമായുള്ളതും ശാസ്ത്രീയമായ കരിമ്പുകൃഷിക്ക് ഉപയോഗിക്കാൻ സമ്മതമുള്ളതുമായ ഭൂമി ഒഴിച്ച് മറ്റു പരിധികളൊന്നുമില്ലെന്നു നാം കണ്ടു. സാധാരണഗതിയിൽപോലും, വളരെ കുറച്ചു വരുമാനമുള്ളതും വെള്ളപ്പൊക്കം, തുടങ്ങിയവകളാൽ നശിപ്പിക്കപ്പെടുന്നതുമായ തുണ്ടുഭൂമികളുടെ ഉടമസ്ഥന്മാർ ഇപ്രകാരമൊരു സംരംഭത്തിനു മുതിർന്നാൽ കുറച്ചുകൂടെ ഉയർന്ന വരുമാനം അവ പ്രദാനംചെയ്യുമെന്നും പ്രകൃതിക്ഷോഭനിമിത്തമുള്ള അപകടങ്ങളെ ഒഴിവാക്കാമെന്നും ഞങ്ങൾക്കു തോന്നുന്നു.

മുമ്പു സൂചിപ്പിച്ചതരത്തിലുള്ള സഹകരണ സംരംഭത്തിനു് ആകെയുള്ള ഓഹരിമൂലധനം 56ലക്ഷം ക.യാണു്. എന്നാൽ അത്തരമൊരു പഞ്ചസാരഫാക്ടറി തുടങ്ങുന്നതിനുവേണ്ട ആകെ നിക്ഷേപം 3കോടിക. യാവും. ബാലൻ സുതുക സ്റ്റേറ്റഗവണ്മെൻറും വ്യവസായ സാമ്പത്തിക കോർപ്പറേഷനും, പദ്ധതികളിൽ സഹകരണസംഘങ്ങൾക്കു വച്ചിരിക്കുന്ന സഹായംവഴി കേന്ദ്രഗവണ്മെൻറും, നൽകുകയാണുണ്ടായതു്. വളരെ കുറഞ്ഞ പലിശനിരക്കിലാണു് ഈ തുക അഡ്വാൻസു ചെയ്യപ്പെട്ടതു്. ഇത്തരം സംയുക്ത സഹകരണസംരംഭത്തിനു മുതിരുകയാണെങ്കിൽ കർഷകർക്കു് കിട്ടാവുന്ന പ്രയോജനങ്ങളെപ്പറ്റി കൂട്ടൽ വിശദീകരിക്കേണ്ട ആവശ്യമൊന്നുമില്ലല്ലോ.

മറ്റു സംസ്ഥാനങ്ങളിൽ ഇത്തരം സംരംഭങ്ങളുടെ വിജയകരമായ സംസ്ഥാപനത്തിനു് മുൻകൈയെടുക്കുന്നതു് പ്രാദേശിക സമുദായ സംഘടനകളും അവരുടെ നേതാക്കളുമാണു്. എ. കെ. സി. സിക്കു സമുദായത്തിന്റെ സാമ്പത്തികവികസനത്തിനുവേണ്ടി എന്തുചെയ്യാൻ കഴിയുമെന്നു് ഇവിടെ എടുത്തുപറയേണ്ടതില്ല. സമുദായത്തെ ഇങ്ങനെ സേവിക്കാൻ വരുന്നവരെ സംബന്ധിച്ചിടത്തോളം, ഇതു് തികച്ചും ക്രൈസ്തവ ഉപവിയുടെ ഒരു പ്രശ്നം മാത്രമല്ല. തങ്ങൾക്കുതന്നെയും പലതരത്തിൽ പ്രയോജനമുള്ള ഒരു കാര്യംകൂടെയാണു്. ചരക്കിന്റെ വിപണനത്തിനും നേതൃത്വം തുടർന്നുണ്ടാവണം. സേവനം പ്രതിഫലം കൂടാതെ നൽകപ്പെടണമെന്നു് അർത്ഥമാക്കേണ്ടതുമില്ല.

കരിമ്പുകൃഷിയും പഞ്ചസാരവ്യവസായവും മാത്രമല്ല കത്തോലിക്കാ സമുദായാംഗങ്ങൾക്കു് ഇവിടെ ആരംഭിക്കാവുന്നതു്. ഒരു ഉദാഹരണം കൂടി വിശദമാക്കാം. പഞ്ചസാര ഉല്പാദനത്തിനു തീർച്ചയായും അത്യാവശ്യമായ അസംസ്കൃതസാധനം കരിമ്പായിരിക്കുന്നതുപോലെ ഫാക്ടറികളിൽ നിർമ്മിക്കപ്പെടുന്ന എല്ലാ റബർ ഉല്പന്നങ്ങളുടെയും പ്രധാനപ്പെട്ട അസംസ്കൃതസാധനം റബറാണല്ലോ; അതു് ഒരു കാർഷികോല്പന്നവുമാണു്, വ്യവസായവും ഉല്പാദനവും ഒറ്റപ്പെട്ടു് അന്യോന്യം സ്വതന്ത്രമായി നില്ക്കുകയാണെങ്കിൽ, ഒന്നു് ഒന്നിനെ പൂഷ്ണംചെയ്യാനുള്ള പ്രവണത എന്നുമുണ്ടാവും; പലപ്പോഴും ചാട്ടയുടെ വടി നിർമ്മാതാവിന്റെ കയ്യിലായിരിക്കുമെന്നു മാത്രം. നമ്മുടെ കാർഷികോല്പന്നങ്ങളും വിപണനം ചെയ്യുന്നിടത്തു നമുക്കിതിനു് വേണ്ടത്ര അനുഭവങ്ങളുണ്ടു്. വില്ക്കുന്ന ഉല്പാദകനേക്കാളും എപ്പോഴും വാങ്ങുന്ന നിർമ്മാതാവിനായിരിക്കും മുൻകൈ. ഇന്നാട്ടിലെ 40 ശതമാനത്തിലധികം റബർ ഉൽപ്പാദിപ്പിക്കുന്നതു് ഒരു ലക്ഷത്തിലധികം ചെറുകർഷകരാണെന്നു കണക്കാക്കിയിരിക്കുന്നു. വണ്ടികളുടെ ടയറുകളും നിർമ്മിക്കുന്നതിനു മതിയായ ഒരു വ്യവസായയൂണിറ്റാരംഭിക്കുന്നതിനാവശ്യമായ റബറിന്റെ മൂന്നിരട്ടിയാണിതു്. എന്നാൽ വളരെക്കുറച്ചു റബർകൊണ്ടു് റബർ സാധനങ്ങളും നിർമ്മിക്കുന്ന നൂറുകണക്കിനു ഫാക്ടറികളും പ്രവർത്തിക്കുന്നുണ്ടു്. അസംസ്കൃത റബറിന്റെ, ഉല്പാദനവും റബർ ഉല്പന്നങ്ങളുടെ നിർമ്മിതിയും സംബന്ധിച്ച ഒരു പഠനം നടത്തുകയാണെങ്കിൽ അസംസ്കൃതറബർ ഉപയോഗിച്ചു് അത്തരം ഒരു കാർഷിക–വ്യവസായിക സഹകരണപ്രസ്ഥാനം ആദായകരമായി നടത്താൻ ഇവിടത്തെ കത്തോലിക്കാസമുദായത്തിനു കഴിവുണ്ടെന്നുകാണാം. അത്തരം സംരംഭങ്ങൾക്കു് കേന്ദ്രസംസ്ഥാനഗവണ്മെൻറുകളും നൽകുന്ന സഹായങ്ങളുടെയെല്ലാം പ്രയോജനം നമുക്കെടുക്കാം. അത്തരം പദ്ധതികളിൽ താല്പര്യമുള്ള കുറെയേറെ ആളുകളും, നേതൃത്വം കൊടുക്കുന്നതിനു കഴിവുള്ള ഉത്സാഹമതികളായ ഏതാനും ചെറുപ്പക്കാരും മുന്നോട്ടുവരുന്നപക്ഷം, അത്തരം വളരെയേറെ പദ്ധതികളും വിജയപ്രദമായി നടപ്പിലാക്കാൻ നമുക്കു കഴിയും. എ. കെ. സി. സിയെ വേണ്ടവിധം സംഘടിപ്പിക്കുകയും ശക്തമാക്കുകയും ചെയ്യുന്നപക്ഷം, സമുദായാംഗങ്ങളുടെ സാമ്പത്തിക നില കാര്യമായി അഭിവൃദ്ധിപ്പെടുത്തുന്നതിനുവേണ്ട പദ്ധതികളും വിജയപ്രദമായി നടപ്പിലാക്കാം എന്നു തോന്നുന്നതുകൊണ്ടാണു് ഞങ്ങളിതെഴുതുന്നതു്.

## വസ്ത്രനിർമ്മാണ– വിതരണങ്ങൾക്കു ഒരു സഹകരണ സംരംഭം.

യഥാർത്ഥമോ കൃത്രിമമോ ആയ ഒരു ഭക്ഷ്യധാന്യ ദൗർലഭ്യവും ധാന്യങ്ങളുടെ അനുചിതമായ വിതരണരീതിയിൽ നിന്നുണ്ടാകുന്ന സാമൂഹ്യവിരുദ്ധമായ ഫലങ്ങളും നമ്മളും ഇപ്പോൾ അനുഭവിച്ചുകൊണ്ടിരിക്കുകയാണു്. ഭക്ഷ്യധാന്യങ്ങൾക്കു അമിതമായ വിലകൊടുക്കുവാൻ പാവപ്പെട്ടവർ നിർബന്ധിതരാകുന്നു. ഭക്ഷ്യധാന്യവിതരണം മുഴുവനും ഗവണ്മെൻറു ഏറ്റെടുക്കണമെന്നും, അങ്ങനെ ഇടനിലക്കാരായ കൊള്ളലാഭക്കാരെയും പൂഴ്ത്തിവയ്പുകാരെയും ഒഴിവാക്കണമെന്നും പലരും ജനങ്ങളും പറഞ്ഞുതുടങ്ങിയിട്ടുണ്ടു്. പരിഷ്കൃത മനുഷ്യനു് ഭക്ഷണംപോലെ ആവശ്യമുള്ള ഒന്നാണു് വസ്ത്രം. ഈ രാജ്യത്തെ വസ്ത്രനിർമ്മാണക്രമത്തെ

പ്പാറി ജനങ്ങളും ഇപ്പോഴും അധികമൊന്നും ചിന്തിക്കുന്നില്ല. ഇവിടെയുമുണ്ട് അമിതമായ ലാഭമെടുക്കുന്ന അനവധി ഇടനിലക്കാർ. നമ്മുടെ ഈ ചെറിയ സംസ്ഥാനത്തു് വസ്ത്രങ്ങളുടെ ഉല്പാദനവും വിതരണവും സഹകരണാടിസ്ഥാനത്തിൽ കൊണ്ടുവരാമെങ്കിൽ, വളരെയധികമാളുകൾക്കു തൊഴിൽകിട്ടാനുള്ള സൗകര്യങ്ങളും ഉണ്ടാവുകയും ചെയ്യും.

ഒന്നാമതായി, വിതരണ സമ്പ്രദായം മുഴുവൻ സഹകരണാടിസ്ഥാനത്തിൽ കൊണ്ടുവരണം. ഉദാഹരണത്തിനു് കത്തോലിക്കാ കോൺഗ്രസ്സിനു് ഇക്കാര്യത്തിൽ എന്തുചെയ്യാൻ കഴിയുമെന്നു മാത്രം ഞാൻ വിശദീകരിക്കാം. ഓരോ ഇടവകയ്ക്കും കുറഞ്ഞതു ഒരു ജവുളിക്കടയെങ്കിലും ആരംഭിക്കാം. വളരെയധികം ഇടവകകളിൽ ഒന്നിലധികവുമാകാം. ഇവരെല്ലാം കൂടി ഒരു സഹകരണസംഘം രൂപീകരിക്കുകയും, ഈ സംഘങ്ങളും ഒരു സഹകരണയൂണിയനിൽ ചേരുകയും ചെയ്യുന്നപക്ഷം, കടയുടമസ്ഥനു് നല്ല ലാഭവും. ഉപഭോക്താവിനു് കുറഞ്ഞ വിലയ്ക്കു സാധനങ്ങളും കിട്ടുക്കപലേ പ്രയോജനങ്ങളും ഉണ്ടാകാവുന്നതാണു്. മില്ലുടമകളിൽ നിന്നു വസ്ത്രങ്ങളും വാങ്ങി ചില്ലറക്കച്ചവടക്കാർക്കു വിതരണം ചെയ്യുന്ന അനവധി മൊത്തക്കച്ചവടക്കാരുണ്ടിന്നു്. മൊത്തക്കച്ചവടക്കാരും മില്ലുടമകളും തമ്മിലുള്ള ഇടപാടുകളിലെ ലാഭമുണ്ടാക്കലുംകടസൗകര്യങ്ങളും മറ്റുംചില ബിസ്സിനസ്സുരഹസ്യങ്ങളാണു്. ചിലപ്പോൾ അവ സത്യസന്ധമായിരുന്നെന്നും വരുന്നതുമല്ല. സഹകരണസംഘങ്ങൾവഴിയുള്ള ഒരു കേന്ദ്രവിപണനത്തിനു മാത്രം വളരെയേറെ പ്രയോജനങ്ങളും ഉണ്ടാക്കാൻ കഴിയും.

വസ്ത്രധാരണത്തിലെ ആധുനിക ഫാഷനുകളും പ്രിൻറഡ് വസ്ത്രങ്ങൾക്കു് വളരെ പ്രിയമുളവാക്കിയിട്ടുണ്ടു്. ചില മില്ലുകളിൽ പ്രിൻറിംഗ് യന്ത്രങ്ങൾവഴിയാണു ചെയ്യുന്നതെങ്കിലും കൂടിൽ വ്യവസായങ്ങളായി നടത്തുന്ന കൈത്തറിത്തുണികളിൽ അവ അങ്ങനെയല്ലതന്നെ. ഒരു സാരിക്കുവേണ്ട വെള്ളത്തുണിക്കു് ആരോ ഏഴോ രൂപയേ വിലയുള്ളൂ; എന്നാൽ ഏറ്റവും വിലകുറഞ്ഞ ഒരു പ്രിൻറഡ് സാരിക്കു് 12 രൂപയെങ്കിലും കൊടുക്കണം. വ്യത്യാസമുള്ള അഞ്ചു രൂപാ ചായത്തിനും പണിക്കൂലിക്കും മുൻപു പറഞ്ഞ സഹകരണസംഘത്തിൽപ്പെട്ട ചില്ലറക്കച്ചവടക്കാർക്കു് സഹകരണസംഘത്തിന്റെ വകയായി തുണിപ്രിൻറിംഗ് നടത്താം. പ്രിൻറിംഗിനുവേണ്ട വെള്ളത്തുണി പുറത്തു നിന്നു വാങ്ങുകയും, പ്രിൻറിംഗ് നമ്മുടെയാളുകൾ, നമ്മുടെ സ്ഥലങ്ങളിൽവച്ചു നടത്തുകയും ചെയ്യുന്ന ഒരു സാഹചര്യം നമുക്കു മനസ്സിൽ കാണാൻ കഴിയും.

വേറെയുമുണ്ടു് നമുക്കുചെയ്യാവുന്ന കാര്യം. സഹകരണാടിസ്ഥാത്തിലുള്ള ചെറിയ യന്ത്രത്തറികൾ ആരംഭിക്കുന്ന പക്ഷം, പ്ലാനിംഗ് കമ്മീഷന്റെ സഹായങ്ങളും ലഭിക്കും. അങ്ങനെ നമ്മൾ തറികൾ ആരംഭിക്കുകയാണെങ്കിൽ വെള്ളത്തുണിതന്നെ പുറത്തു നിന്നു വാങ്ങേണ്ടിവരികയില്ല: നമുക്കു് നമ്മുടെ ഇടവകകളിൽത്തന്നെ അവ നിർമ്മിക്കാൻ കഴിയും. അങ്ങനെ വരുമ്പോൾ പുറത്തുനിന്നു നമുക്കു നൂലേ വാങ്ങിക്കേണ്ടിവരികയുള്ള സഹകരണാടിസ്ഥാനത്തിൽ 10 നൂൽനൂൽപ്പു മില്ലുകൾ ആരംഭിക്കാനുദ്ദേശിക്കുന്നുവെന്നു് ഏതാനും ആഴ്ചകൾക്കുമുമ്പു് വ്യവസായമന്ത്രി പറയുകണ്ടായി. നമ്മുടെ സംരംഭത്തിന്റെ അവസാനത്തിൽ നമുക്കു നൂൽനൂൽപ്പു മില്ലുകൾ ആരംഭിക്കുകയും, നൂൽ സ്വന്തമായി ഉല്പാദിപ്പിക്കുകയും ചെയ്യാം. പഞ്ഞി പ്രിൻറഡ് സാരിയാകുന്നതുവരെയുള്ള ഈ ഏർപ്പാടിനു ധാരാളം പണം വേണം. ഈ പണമെല്ലാം നമ്മുടെ നാട്ടിൽ, നമ്മുടെ ജനങ്ങളുടെ കൈയിൽക്കിടക്കും. ഇതു നമുക്കു നിഷ്പ്രയാസം നേടാമെങ്കിൽ, ഓരോ വീട്ടിലെയും അലസമായ മണിക്കൂറുകൾ ആദായകരങ്ങളായി മാറാവുന്നതാണു്.

മാത്രവുമല്ല, കൈകൊണ്ടു നിറംപിടിപ്പിക്കുന്ന തുണികൾക്കു് ഇന്ത്യയിലും പുറത്തും പ്രിയം ഏറിക്കൊണ്ടിരിക്കുന്ന കാലമാണിതു്. ഓരോ വസ്ത്രവും കൈകൊണ്ടു വിവിധ നിറങ്ങളിലും മാതൃകകളിലും ചിത്രപ്പെടുത്തി ആകർഷകമാക്കുകയാണിവിടെ ചെയ്യുന്നതു്. യന്ത്രങ്ങളിൽ പ്രിൻറുചെയ്യുവരുന്ന സാരിക്കു് 20 രൂ. വിലയുള്ളപ്പോൾ കൈകൊണ്ടു നിറംകൊടുത്തുല്പാദിപ്പിക്കുന്ന സാരിക്കു് 40—45 രൂപാവരെവിലയാകുന്നു,ഈ കൂടുതൽ വില, ആ നിർമ്മാണത്തിനു എടുക്കുന്ന സമയത്തിലും നിർമ്മാതാവിന്റെ കലാവാസനയ്ക്കുമാണു്. ആദായകരമായ യാതൊരു തൊഴിലുമില്ലാതെ വീടുകളിൽ അലസമായിരിക്കുന്ന അനവധിയാളുകളുണ്ടു് നമുക്കു്. മുകളിൽ പറഞ്ഞ രീതിയിൽ നാം വേണ്ടതു ചെയ്യുന്നപക്ഷം, നമുക്കു അനവധി തൊഴിൽ സൗകര്യങ്ങളും ലഭിക്കുകയും ചെയ്യും,

## എ. കെ. സി. സി. ബുള്ളറിൻ


കേരളകത്തോലിക്കകോൺഗ്രസ്സു സംഘടനയുടെ ഔദ്യോഗിക പ്രസിദ്ധീകരണമാണു് ബുള്ളറിൻ. കേരളത്തിലെ സകല സാമുദായികസംഘടനകൾക്കും അതാതിനേറ്റതായി അംഗീകരിക്കപ്പെട്ടിട്ടുള്ള പ്രസിദ്ധീകരണങ്ങളും ഉണ്ടു്. ഒന്നിലധികംദിനപ്പത്രങ്ങളും പോലുമുണ്ടു്. ആ പത്രങ്ങളും അതാതു സംഘടനകളുടെ ഔദ്യോഗികപത്രമെന്ന പദവിയുപയോഗിച്ചിട്ടില്ലെങ്കിലും ഉള്ളടക്കങ്ങളും പലപ്പോഴും ആ സംഘടനകൾക്കു പ്രചാരവും ശക്തിയും കൊടുത്തുകൊണ്ടുള്ളതാണെന്നു നമുക്കു കാണാൻ കഴിയും. കേരളകത്തോലിക്കർക്കു അവരുടേതായ സംഘടനയെ പ്രചരിപ്പിക്കുന്നതിനും അതിനു ശക്തി നൽകുന്നതിനും മാത്രമായ പ്രസിദ്ധീകരണങ്ങളും ഇല്ലെന്നുള്ളതു സുവിദിതമാണല്ലോ. നമ്മുടെ പ്രസിദ്ധീകരണങ്ങളെന്നു അഭിമാനിക്കപ്പെടുന്നവയുടെ പ്രവർത്തനങ്ങളും സംഘടനയ്ക്കുവേണ്ടി മാത്രമായി നടത്തപ്പെടുകസാധ്യവുമല്ല. എങ്കിലും എല്ലാകത്തോലിക്കാ ദിനപത്രങ്ങളും മറ്റു പ്രസിദ്ധീകര

# നികുതിസമ്പ്രദായവും റവന്യൂ കുടിശികപ്പിരിവും

(ശ്രീ പി. സി. എബ്രാഹാം ബി. എ: ബി. എൽ. ക. കോ. പ്രസിഡൻറ്)

കിർഷികാദായ നികുതി വില്പനനികുതി എന്നീ ഇനങ്ങളിൽ കൂടെ വരുമാനം സംസ്ഥാനബഡ്ജറ്റിൽ വകകൊള്ളിക്കാറുണ്ട്. ഇതു രണ്ടും ഒരേ ഡിപ്പാർട്ടുമെൻറിലാണ്; ഏറെക്കുറെ ഒരേ ഭരണവകുപ്പിൻെറ കീഴിലുമാണ്. ആ കെത്തുക വിവിധ ജില്ലകൾക്കും, ഒടുവിൽ വിവിധ നികുതിപിരിവുദ്യോഗസ്ഥന്മാക്കുമായി നിശ്ചയിച്ചുകൊടുക്കുന്നു. ഒരു നിശ്ചിതതുക ഓരോ ഉദ്യോഗസ്ഥനും പിരിച്ചിരിക്കണമെന്നാണ് വയ്പ്. ഒരു പ്രദേശത്തുനിന്നു പിരിക്കാവുന്ന നികുതിയുടെ ശരിയായ ഒരു എസ്റ്റിമേറ്റായിരിക്കും ഈ തുക.

ഇപ്പോഴത്തെ രീതിയനുസരിച്ച് തന്നിൽനിന്നു കൂടുതൽ തുക ഈടാക്കി എന്നൊരു നികുതിദായകനു തോന്നിയാൽ, അപ്പീൽ കൊടുക്കുവാൻ അയാൾക്കവകാശമുണ്ട്. പരാതിക്കു കുറച്ചു അടിസ്ഥാനമെങ്കിലുമുണ്ടെന്നു് ഒറ്റനോട്ടത്തിൽ ആ ഉദ്യോഗസ്ഥനു തോന്നിയാൽ നികുതിപിരിവു് സ്റ്റേ ചെയ്യാൻ അദ്ദേഹത്തിനധികാരമുണ്ട്. എന്നാൽ വളരെ നീതിയുക്തമായ കേസുകളിൽപ്പോലും അങ്ങനെ ഒരു സ്റ്റേ ഒരു ഉദ്യോഗസ്ഥനും നൽകിയിട്ടില്ലെന്നതാണു സത്യം. സ്റ്റേ അനുവദിക്കാതിരിക്കുന്നതു് മുകളിൽ നിന്നു് നിർദ്ദേശമുണ്ടായിട്ടാണെന്നു ജനങ്ങളും വിശ്വസിക്കുന്നു. സമ്മതിച്ച നികുതി കൊടുക്കാൻ നികുതിദായകൻ ഒരുക്കമായാൽപ്പോലും സ്റ്റേ അനുവദിക്കുകയില്ല. ഇതേസമയം, ഉദ്യോഗസ്ഥന്മാർ നിശ്ചയിച്ച നികുതി ഈടാക്കുന്നതിനു് നടപടികളെടുക്കാൻ ഈ അപ്പീലനുവദിക്കേണ്ട ഉദ്യോഗസ്ഥൻ റവന്യൂ റിക്കവറി ഡിപ്പാർട്ടുമെൻറിനോടാവശ്യപ്പെടുന്നു. ജംഗമസാധനങ്ങളും ജപ്തിചെയ്തു ലേലം ചെയ്താണ് സാധാരണ ഈ തുക ഈടാക്കുന്നതു്. ഇതുമൂലമുള്ള നഷ്ടവും, മാനഹാനിയും മറ്റും ഒഴിവാക്കാൻ കുടിശികക്കാരൻ വസ്തുവകകളോ ആഭരണങ്ങളോ വിറ്റു് പണമുണ്ടാക്കാൻ നിർബന്ധിതനാകുന്നു; ഈ നികുതി ഓയകനോട്ട് കൂടുതൽ തുക ഈടാക്കുന്നു എന്ന സത്യം നിലനിൽക്കെയാ



എ. കെ. സി. സി. ബുള്ളറിൻ

---

ണങ്ങളും അവശ്യം വേണ്ട മുഖപ്രസംഗങ്ങളും സംഘടനാവാർത്തകളും പ്രസിദ്ധംചെയ്തു പ്രോത്സാഹിപ്പിക്കുന്നതിൽ നാം കൃതജ്ഞതയുള്ളവരായിരിക്കണം. ഈ പരിതസ്ഥിതി മാന്യവായനക്കാർ— സമുദായാംഗങ്ങളും സദയം ശ്രദ്ധിക്കണം. അതുകൊണ്ടു എ.കെ. സി. സി. ബുള്ളറിൻെറ പ്രസിദ്ധീകരണവും പ്രചാരവും സമുദായത്തിൻെറസംഘടനാകാര്യങ്ങൾക്കു ഒഴിച്ചുകൂടാൻ പാടില്ലാത്തതാകുന്നു. ഈ പ്രസിദ്ധീകരണം എല്ലാ കത്തോലിക്കാഭവനങ്ങളിലും ഉണ്ടായിരിക്കണം. അതിനുള്ള മാർഗ്ഗങ്ങളാണു ഏവരും ഉപദേശിച്ചതരേണ്ടതു്.

## പേരുമാറ്റം

എ. കെ. സി. സി ബുള്ളറിൻ എന്ന പേരുമാറ്റണമെന്നു കാണിച്ചു പലകത്തുകളും ഞങ്ങൾക്കു കിട്ടിയിട്ടുണ്ട്. കോൺഗ്രസ്കമ്മറ്റി അവഗാഢം ചിന്തിച്ചു സ്വീകരിച്ചിട്ടുള്ള ഈ പേരിനു തൽക്കാലം മാറ്റം വരുത്താൻ നിവൃത്തിയില്ല. ഈ പേരുതന്നെയാണു വേണ്ടതെന്നു പല പ്രമുഖരും ഞങ്ങളെ അറിയിച്ചിട്ടുമുണ്ട്. പേരിനേക്കാൾ പ്രാധാന്യം കാര്യനിർവഹണത്തിനാണെന്നു ഏവരുമോർമ്മിച്ചിലാക്കണം.

## വൃസ്തകാഭിപ്രായം

ഗ്രന്ഥങ്ങളും മറ്റു പ്രസിദ്ധീകരണങ്ങളും അഭിപ്രായത്തിനയക്കുന്നവർ അതാതിൻെറ രണ്ടു പ്രതികൾ അയച്ചുതരണം. ചപ്പും ചവറുംപോലെ പ്രസിദ്ധീകരണങ്ങൾ കുന്നുകൂന്നായിക്കൂടുന്ന ഈ പുരോഗമനകാലത്തു ഉത്തമ ഗ്രന്ഥങ്ങൾ തിരിച്ചറിയേണ്ടതു് ഒരാവശ്യമാണ്.

എഡിറ്റർ

## വരിക്കാരുടെ ശ്രദ്ധയ്ക്ക്

സർ,

കെ. കോൺഗ്രസിൻെറ ആഭിമുഖ്യത്തിൽ കേരളകത്തോലിക്കാ മാരിയേജ് ബ്യൂറോ' ഏർപ്പെടുത്തിയാൽ വേണ്ടില്ല. വിവാഹപ്രായം കഴിഞ്ഞിട്ടും സാമ്പത്തികശേഷിക്കുറവുകൊണ്ടോ മറ്റു കാരണങ്ങളാലോ ആഗ്രഹമുണ്ടായിട്ടും വിവാഹം ചെയ്യാൻ സാധിക്കാതെ വരുന്നവർക്കു് പ്രസ്തുത ബ്യൂറോയുടെ സേവനം വലിയ സഹായമായിരിക്കും.

ചാക്കോ പോത്താനിക്കാട്.

ണീ പരാക്രമങ്ങളെല്ലാം ചെയ്യുന്നതും.

അപ്പീൽ കേട്ട് തീരുമാനമാകാൻ വളരെയേറെ സമയമെടുക്കും. കേസ് അവധിവയ്ക്കുമ്പോഴൊക്കെ പാവപ്പെട്ട കുടിശികക്കാരൻ എത്തണം; യാത്രച്ചെലവും വക്കീൽ ഫീസുമുണ്ടാക്കണം. ഒടുവിൽ അപ്പീൽ തള്ളപ്പെടുന്നു, കാരണമെന്തായാലും ഒരു അപ്പീലും അനുവദിക്കേണ്ട എന്നു് മുകളിൽ നിന്നു നിർദ്ദേശമുള്ളതായി ജനങ്ങൾ വിശ്വസിക്കുന്നുമുണ്ടു്.

കുടിശികക്കാരന്റെ അടുത്ത പരിഹാരമാർഗ്ഗം ട്രിബ്യൂണലിന്റെ മുമ്പിൽ അപ്പീൽകൊടുക്കുകയാണു്. ഇതിനും വക്കീൽമാർ വേണം; ജില്ലാതലസ്ഥാനങ്ങളിലായിരിക്കും കേസ് കേൾക്കുക. അവിടങ്ങളിലേ ട്രിബ്യൂണൽ കൂടുകയുള്ള. കേസ് ട്രിബ്യൂണൽ തീരുമാനിക്കുന്നതിനും വളരെസമയമെടുക്കും; ഇവിടെയും കുടിശികക്കാരനു് വളരെയധികം പണച്ചെലവാണു്. ന്യായവും യഥാർത്ഥവുമായ പരാതിയെങ്കിൽ കുടിശ്ശികക്കാരനു് അനുകൂലമായ ഒരു തീരുമാനമാണു് സാധാരണയുണ്ടാവുക. തന്നിൽനിന്നു് അധികമായി ഈടാക്കിയ പണം തിരിച്ചുകിട്ടുന്നതാഴ്ന്ന വരുമാനക്കാരായതിനു് അവനവകാശമുണ്ടാവുന്നു. പാവപ്പെട്ട കർഷകരിൽ ഈ നടപടിക്രമം ഉണ്ടായാൽ, എന്തനീതിയാണു അവരോടു ചെയ്യുന്നതെന്നു നമുക്കു ബോധ്യമാവും. ഏറ്റവും കുറഞ്ഞ കാർഷികാദായനികുതി 80 ക. യാണു്. 80 ക. അടയ്ക്കേണ്ട ഒരു കർഷകന്റെമേൽ തെറ്റായോ മനഃപൂർവ്വമായോ ചുമത്തുന്നതു് 120 ക. ആയിരിക്കും. ഇതു തിരുത്താൻ അപ്പീലിനുപോകുകയേ അവനു നിവൃത്തിയുള്ള. പക്ഷേ നാലോ അഞ്ചോ കൊല്ലം കഴിഞ്ഞാണു് ഈ പരാതി പരിഹരിക്കപ്പെടുക. 120 ക. നേരത്തേ അവൻ അടയ്ക്കണം; അധികമുള്ള 40 ക. അവനു തിരിച്ചുകിട്ടുമ്പോഴേക്കും 40–ൽ അധികം ക. അവൻ ചെലവാക്കിയിട്ടുണ്ടാവും. അന്യായമായി ഈടാക്കിയ തുക അടയ്ക്കാൻ വേണ്ടി സ്വർണ്ണമോ മറ്റു വല്ലതുമോ പണയപ്പെടുത്തിയിട്ടുണ്ടെങ്കിൽ അതിന്റെ നഷ്ടം അങ്ങനെയും. ന്യായമായ ഒരു പരാതി ന്യായമായ മാർഗ്ഗങ്ങളിലൂടെ സാധിച്ചുകിട്ടാൻ ഒരു സാധുകർഷകൻ ശ്രമിക്കുന്ന പക്ഷം, ആ ശ്രമത്തിൽ തോറ്റാലും ജയിച്ചാലും അവനു മിച്ചം നഷ്ടംതന്നെ. ഉദ്യോഗസ്ഥൻ കൂട്ടുതലായി ഈടാക്കിയ തുക അടച്ചു് മിണ്ടാതിരിക്കുന്നതാണു് അവൾക്കു നല്ലതു്; പലരും സാധാരണ അതാണു ചെയ്യുന്നതും.

ഒരു പ്രത്യേക പ്രദേശത്തെ, പ്രത്യേക അസസിംഗ് ഓഫീസർക്കു നിശ്ചയിച്ചുകൊടുക്കുന്ന തുക ഏതാണ്ടു ശരിയാണെന്നു് വിചാരിച്ചാലും ഈ ഓഫീസർ ഇങ്ങനെ ബഡ്ജറിൽ കൊള്ളിച്ചിരിക്കുന്നതിന്റെ പകുതി തുക കൂടെയെങ്കിലും പിരിച്ചിരിക്കും. ഇങ്ങനെ തുക കണക്കാക്കി പിരിക്കുന്നതുകൊണ്ടു് മറ്റൊരു ദോഷവും സംഭവിക്കുന്നു: ഏതാനും നികുതിദായകരിൽ നിന്നുതന്നെ നിശ്ചിത തുകയുടെ ഭൂരിഭാഗവും കിട്ടിയെന്നു വരും. ബാക്കിയുള്ളവരിൽനിന്നു് അധികം പിരിക്കാതിരിക്കാനും അങ്ങനെ കണക്കു ഒപ്പിക്കാനും ഉദ്യോഗസ്ഥനു കഴിയും. ഇതു് കർഷകർക്കു് ഏറ്റവും പറ്റിയ ഒരു അവസരമാണു്. അന്യായമായി പിരിച്ച നികുതി സ്റ്റേചെയ്യാൻ വിസമ്മതിക്കുന്നതു് ഉദ്യോഗസ്ഥന്മാർക്കു് അഴിമതി കാണിക്കാൻ മാർഗ്ഗമുണ്ടാക്കിക്കൊടുക്കുകയാണു്. ഇതു താഴ്ന്നവരുമാനക്കാരായ നികുതിദായകർക്കു് എത്ര മേൽക്ലേശകരമായിരിക്കുമെന്നു് പ്രത്യേകം പറയേണ്ടതില്ലല്ലോ.

ഈ സാധുക്കൾക്കുവേണ്ടി കത്തോലിക്കകോൺഗ്രസിനു എന്തു ചെയ്യാൻ കഴിയും എന്നു വിശദീകരിക്കാനാണു് ഞാനീക്കാര്യങ്ങൾ വിവരിച്ചതു്. തനിച്ചുനിന്നു് ഈ അനീതികൾ നേരിടാൻ സാമ്പത്തിക പരാധീനതകൾ സാധുകർഷകരെ അനുവദിക്കുകയില്ല. ഓരോ പ്രദേശത്തുമുള്ള ഇത്തരം കേസുകൾ ഗവണ്മെൻറിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നു് പരിഹാരം കാണാൻ ഒരു സാമൂഹ്യസേവന സംഘടനയ്ക്കു കഴിയും. അങ്ങനെ ചെയ്യുന്നില്ലെങ്കിൽസാധുകർഷകർ ചൂഷണംചെയ്യപ്പെടുകയും മർദ്ദിക്കപ്പെടുകയും ചെയ്യും.

അഴിമതി നിവാരണത്തിനു് എല്ലാ സംസ്ഥാനങ്ങളിലും അഴിമതിനിവാരണ സമിതികൾ രൂപീകരിച്ചിട്ടുണ്ടു്. കേരളത്തിലുമുണ്ടു് ഒരു ശാഖ. സാമൂഹ്യ–മതസംഘടനകളുടെ അംഗങ്ങൾ അഴിമതിനിവാരണസംഘടനയിൽ അംഗങ്ങളാകണമെന്നു് ആഭ്യന്തരമന്ത്രി നന്ദാ വിശദീകരിക്കുകയുണ്ടായി. അഴിമതിസംബന്ധിച്ച വിവരങ്ങൾ സമിതിക്കു നേരിട്ടു നൽകാൻ അവർക്കവകാശമുണ്ടു്. ഇടവകകൾതോറും എ. കെ. സി. സി. ശാഖകൾ സ്ഥാപിച്ചാൽ, ആ ഇടവകയിലെ ഏതെങ്കിലുമൊരംഗത്തിനു് അഴിമതിയനുഭവമുണ്ടായെന്നു കണ്ടാൽ അഴിമതിനിവാരണസമിതിക്കു നേരിട്ടു തെളിവു നൽകാൻ കഴിയും. അഴിമതിനിവാരണസമിതി നന്നായി പ്രവർത്തിക്കുന്നുവെന്നും, അഴിമതിനിവാരണത്തെ തൃപ്തികരമായി സഹായിക്കുന്നുവെന്നും അറിയുന്നുണ്ടു്. ഔദ്യോഗികസ്ഥാനങ്ങളിലുള്ളവരുടെ അന്യായങ്ങൾക്കും അഴിമതികൾക്കും ഇരയായിത്തീരുന്നവരെ സഹായിക്കാൻ എ. കെ. സി. സി. ശാഖകൾക്കു കാര്യമായ സേവനമനുഷ്ഠിക്കാൻ കഴിയും.

–0–


**James & Co;**

**Wholesale & Retail Chemists & Druggists,**

ERNAKULAM 1.

Phone: 952

# കൃത്രിമജനനനിയന്ത്രണവും സാമ്പത്തികസാമൂഹ്യപ്രശ്നങ്ങളും

(റവ. ഡോ. ജോർജ്ജ് പാലത്തുമ്പാട്ട്)

കുടുംബാസൂത്രണ പ്രചരണം കൊട്ടംപിരികൊണ്ടിരിക്കുന്ന ഒരു വസരമാണല്ലോ ഇത്. സന്താനനിയന്ത്രണം എത്രയും വേഗം സാധിച്ചില്ലെങ്കിൽ വലിയ നാശങ്ങം ഇവർ പ്രവചിക്കുന്നു. ഏതായാലും ഈ 'പ്രവാചകരു'ടെ മാതാപിതാക്കം ഇങ്ങനെയൊരപകടം കാണാതിരുന്നതു് ഇവരുടെ ഭാഗ്യം! കേന്ദ്രഗവമ്മെൻറിനേറയും സംസ്ഥാനഗവമ്മെൻറിനേറയും ശ്രദ്ധ ഇന്നു് ഏറെറവുമധികം കേന്ദ്രീകരിച്ചിരിക്കുന്നതു് ഈ പ്രശ്നത്തിലാണോ എന്നു് സംശയിക്കത്തക്കവണ്ണമാണു് പ്രചരണകാഹളം മുഴങ്ങിക്കേൾക്കുന്നതു്. മനുഷ്യക്കു് തിന്നാനുള്ള വിഭവങ്ങം ഉല്പാദിപ്പിക്കുന്നതിൽ ശ്രദ്ധിക്കുന്നതിനു പകരം തിന്നാനുള്ള മനുഷ്യരെ ഉല്പാദിപ്പിക്കാതിരിക്കാനുള്ള പരിശ്രമമാണു് പുരോഗമിക്കുന്നതു്!

കേന്ദ്രകുടുംബാസൂത്രണ ഇവാലുവേഷൻ കമ്മിറ്റി സെപ്റ്റംബർ 12-ാംനു- തിരുവനന്തപുരത്തുവച്ചു ചെയ്ത പ്രസ്താവനയിൽ ഒരു ഗർഭനിരോധനോപകരണഫാക്ടറി കേരളത്തിൽ സ്ഥാപിക്കുന്നതിനേപ്പറ്റി പറയുകയും "കേരളത്തിൽ പെരുകിവരുന്ന ജനസംഖ്യക്കു് ഒരു കടിഞ്ഞാണിടാൻ കുടുംബാസൂത്രണപ്രചരണം ഊർജ്ജിതപ്പെടുത്തേണ്ടതാണെന്നു് നമ്മംക്കു് അഭിപ്രായമുണ്ടെന്നു്" വ്യക്തമാക്കയുമുണ്ടായി. ഈ സെപ്റ്റംബർ 2-ാംവാരം മുഴവനും കേന്ദ്രഗവമ്മെൻറിനേറ ഒരു 'കുടുംബാസൂത്രണപദ്ധതിപ്രവർത്തന 'പ്രദർശനം' കോട്ടയം മാമ്മൻമാപ്പിളഹോളിൽ നടത്തിയതു് 5000 സ്ത്രീകളും 10,000 പുരുഷന്മാരും കൗതുകത്തോടുകൂടി ദർശിച്ചുപിരിഞ്ഞു വാർത്ത നാം പത്രത്തിൽ കണ്ടു. ഈ 15000 പേർ കോട്ടയം ജില്ലയിൽ കഴിഞ്ഞ ഏഴവർഷങ്ങംക്കുള്ളിൽ വന്ധീകരണശസ്ത്രക്രിയക്കു വിധേയരായി ഷണ്ഡരായി നടക്കുന്നവരുടെകൂട്ടത്തിലുള്ളവരായിരുന്നു എന്നാണു് ആ കോട്ടയംപത്രത്തിൻറെ അഭിപ്രായം.

### യാഥാർത്ഥ്യവുമായി ബന്ധമില്ലാത്ത പേടിസ്വപ്നം.

അപകടസൂചനക്കാർ 'ജനവർദ്ധനസ്പോടന'ത്തേപ്പറ്റി നടത്തുന്ന ഈ പ്രസംഗങ്ങളും പ്രദർശനങ്ങളുമെല്ലാം കേവലം കഴമ്പില്ലാത്തവയെങ്കിലും ഒരു വലിയ പേടിസ്വപ്നമായി വളരുകയാണിന്നു്. ചിലർ അറുത്തു മുറിച്ചു പ്രവചിക്കുന്നു. "ലോകത്തിനു തീറ്റിപോറ്റാൻ കഴിയുന്നതിലധികം ആളുകം വേഗം ഉണ്ടാകും." പക്ഷേ അമേരിക്കാപോലുള്ള പ്രദേശങ്ങളിൽ ഭക്ഷ്യോല്പാദനം കുറച്ചുകിട്ടുന്നതിലേക്കു് ജനങ്ങം ഗവമ്മെൻറിനു് കരം കൊടുക്കാൻ തുടങ്ങിയിട്ടു് വർഷങ്ങം തന്നെ ആയിരിക്കുന്നു. ഇതിനുള്ള കാരണം സംസ്ഥാനത്തുള്ള സ്വകാര്യവും പൊതുവുമായ ധാന്യസംഭരണശാലകളിലെല്ലാം കണക്കിലധികം ഭക്ഷ്യവിഭവങ്ങം കെട്ടിക്കിടന്നു നശിക്കുകയും നശിപ്പിക്കപ്പെടുകയും ചെയ്യുന്നതാണു്. ചാറൽസ്ഡാർവിൻറെ കൊച്ചുമകൻ സർ ചാറൽസ്, ജനനനിയന്ത്രണം ജനനിയന്ത്രണമാകുമെന്നും അതു് അപ്രായോഗികമാണെന്നും പ്രസ്താവിച്ച അതേദിവസം തന്നെ അതിനു കടകവിരുദ്ധമായി "ലോകജനവർദ്ധന സ്പോടനത്തെ തടയുന്നതിനുള്ള ഏറെറം നല്ല പ്രത്യാശ ജനനനിയന്ത്രണമാണെന്നു് ഒരു പ്രസംഗത്തിൽ പറഞ്ഞു. എത്രയധികം ഭക്ഷ്യവിഭവങ്ങം ഉല്പാദിപ്പിച്ചാലും, തീറ്റിപ്പോറ്റാൻ അസാദ്ധ്യമാംവിധം വളരെയധികം വായ്കം എന്നുമുണ്ടായിരിക്കും" എന്നാണു് സർ ചാറൽസിൻറെ അഭിപ്രായം.

ജനവർദ്ധനവിനേയും ഭക്ഷ്യപ്രശ്നത്തേയുംപറ്റി ആഗോളപഠനം നടത്തിയ ഒരു അമേരിക്കൻ ഗവമ്മെൻറു് ഏജൻസിയുടെ റിപ്പോർട്ടിൽ പറയുന്നതു് 1975 ആകുമ്പോഴേക്കു് ഗോതമ്പിൻറേയും അരിയുടേയും വർദ്ധനവു് ലോകമെങ്ങുമുള്ള ഉപഭോക്താക്കളുടെ ആവശ്യംകഴിഞ്ഞു് വളരെ അധികം ആയിരിക്കുമെന്നാണു്. സമുദ്രോപരിതലത്തിൽ ശാസ്ത്രീയമായി ചൂഷണം ചെയ്യാവുന്ന ഭക്ഷ്യവിഭവങ്ങംകൊണ്ടുതന്നെ വരാനിരിക്കുന്ന പത്തുപതിനഞ്ചു തലമുറയെ സുഭിക്ഷമായി പോറ്റാമെന്നാണു് വിഷയവുമായിബന്ധപ്പെട്ട പ്രശസ്തശാസ്ത്രജ്ഞന്മാരുടെയെല്ലാം വസ്തുനിഷ്ഠമായ നിഗമനം. രണ്ടാം ലോകമഹായുദ്ധത്തിൻറെ അന്ത്യഘട്ടത്തിൽ, അറപ്പുപൊടിയിൽനിന്നും അതുപോലുള്ള പരിത്യക്തവസ്തുക്കളിൽനിന്നും ജർമ്മൻ ശാസ്ത്രജ്ഞന്മാർ കൊഴുപ്പും പോഷകവസ്തുക്കളും നിർമ്മിച്ചുതുടങ്ങിയതല്ലേ?

ദൈവം ഭൂമിയെ സൃഷ്ടിച്ചു് അതിൽ മനുഷ്യനേ നിവസിപ്പിച്ചപ്പോം മുൻനോട്ടമില്ലാത്ത ഒരു ഭോഷനേപ്പോലെയല്ല പ്രവർത്തിച്ചതെന്നു് സമ്മതിക്കുമെങ്കിൽ "നിങ്ങം വർദ്ധിച്ചുപെരുകുവിൻ" എന്നുകൂടെ കല്പിച്ച ആ പരമകാരുണികൻ തീർച്ചയും മനുഷ്യൻറെ സുഖമായ നിലനില്പിനു വേണ്ട എല്ലാ വിഭവങ്ങളും ഈ ഭൂമിയിൽ ശാക്തികമായിട്ടെങ്കിലും നിക്ഷേപിച്ചിട്ടാണു് അങ്ങനെ ചെയ്തതെന്നു് ആർക്കാണു നിഷേധിക്കാവുന്നതു്? പക്ഷേ ദൈവം ഭൂമിയിൽ നിക്ഷേപിച്ചിട്ടുള്ള വിഭ

വശക്തികളെ, അതേ ദൈവം തന്നെ മനുഷ്യനിൽ നിക്ഷേപിച്ച ബുദ്ധിശക്തി ഉപയോഗിച്ച് പ്രയോജനപ്പെടുത്തേണ്ടതു് മനുഷ്യന്റെ കർത്തവ്യമാണു്. അങ്ങനെ പ്രകൃതിശക്തിയേ കൂടുതൽ കൂടുതൽ പൂഷണം ചെയ്യുന്നതിനെയാണു് ശാസ്ത്രപുരോഗതി എന്നു പറയുന്നതു്. മനുഷ്യൻ തന്റെ ജാഗ്രതക്കുറവുമൂലം പ്രകൃതിയിലെ വിഭവശക്തിയെ പൂഷണംചെയ്യാതിരിക്കുമ്പോഴാണു് ഭക്ഷ്യവിഭവദൗർലഭ്യവും മറ്റും ആവിർഭവിക്കുന്നതു്. ഇതിൽനിന്നും, സാമ്പത്തികാവശതയാകുന്ന കാര്യത്തിന്റെ ശരിയായ കാരണം പ്രകൃതിവിഭവങ്ങളെ പ്രയോജനപ്പെടുത്തിയെടുക്കാനുള്ള മനുഷ്യബുദ്ധിയുടേയും അദ്ധ്വാനത്തിന്റേയുംനിഷ്ക്രിയത്വത്തിലാണു് നാം ദർശിക്കേണ്ടതു്. അല്ലാതെ കുട്ടികളും കൂടുതൽ ജനിക്കുന്നതിലല്ല. രോഗം അറിയാതെ ചികിത്സിക്കുന്ന വൈദ്യന്മാരുടെ ഭോഷത്വം നാം ആവർത്തിക്കരുതു്. ഭക്ഷ്യദൗർല്ലഭ്യത്തെച്ചൊല്ലി ജനനനിയന്ത്രണം പ്രസംഗിക്കുന്നവരുടെ നിലപാടു് തികച്ചും അശാസ്ത്രീയമാണെന്നു മാത്രമല്ല പ്രകൃതിയുടേയും പ്രകൃതിനാഥന്റേയും നേരെയുള്ള അബദ്ധജഡിലമായ ഒരു കയ്യേറ്റംകൂടിയാണു്.

## പ്രശ്നം വളരെ പുരാതനം.

ജനവർദ്ധനയാകുന്ന പേടിസ്വപ്നം വളരെ പഴക്കമുള്ള ഒന്നാണു്. ഗ്രീക്കുതത്വശാസ്ത്രജ്ഞനായ പ്ലേറ്റോ ഇതിന്മേൽ അസ്വസ്ഥനായിട്ടുണ്ടു്; അരിസ്റ്റോട്ടിൽ ഇതു് ചർച്ചാവിഷയമാക്കിയിട്ടുണ്ടു്; വി. തോമസ് അക്വീനാസിനു് ഇതു സുപരിചിതമായിരുന്നു. മാൽത്തൂസ് തനിക്കായി ഒരു പേരു തന്നെ ഈ പ്രശ്നത്തിൽ കൂടി സമ്പാദിച്ചു. പലരും ഇതിന്മേൽ ഉപന്യാസങ്ങളും രചിച്ചിട്ടുണ്ടു്. പക്ഷേ ഒരുവൻപോലും പ്രശ്നത്തിന്റെ അടിസ്ഥാനകാരണങ്ങളിലേക്കു് ശാസ്ത്രീയമായി പ്രവേശിച്ചിട്ടില്ല. ഇതിലെല്ലാം രസകരമായ വസ്തുത, ഇവർ ഭയപ്പെട്ട ജനപ്പെരുപ്പം—അഥവാസ്ഫോടനം ഇന്നുവരെ സംഭവിച്ചിട്ടില്ല എന്നുള്ളതാണു്!

## പ്രചരണം വിശ്വവ്യാപകമായിട്ടുണ്ടു്.

കൃത്രിമജനനനിയന്ത്രണത്തിന്റെ വിശ്വവ്യാപകമായ പ്രചരണത്തിനായി 1953—ൽ Stockholm പട്ടണത്തിൽ International Planned Parent hood Federation എന്നൊന്നു രൂപീകൃതമായിട്ടുണ്ടു്. ഇതിന്റെ പ്രേഷിതർ ലോകത്തിന്റെ വിവിധഭാഗങ്ങളിൽ ക്രമമായി സമ്മേളിച്ചു് സജീവമായ പ്രചരണവേല നടത്തിക്കൊണ്ടിരിക്കുകയാണു്. ആശയപ്രചരണത്തോടൊപ്പംതന്നെ ഗർഭനിരോധനോപകരണങ്ങളുടെ വില്പന കൂടുതൽ കൂടുതൽ പരസ്യമായും വർദ്ധിച്ചതോതിലും നടത്തിവരുന്നു. അവികസിതരാജ്യങ്ങളായ ഇൻഡ്യയിലും മറ്റും ഗവൺമെന്റു പിന്തുണയോടുകൂടി വിവേകത്തിന്റെ അതിർത്തിവരമ്പുകളെല്ലാം ലംഘിച്ചു് പട്ടാപ്പകൽ ഈശ്വര വില്പന പുരോഗമിക്കുന്നു.

ഇംഗ്ലണ്ടിൽ Neo-Malthusian പ്രസ്ഥാനത്തിനു് (കൃത്രിമഗർഭനിരോധനത്തിനു്) ഒരു പുതിയ വിജയമാണു് 1958 ആഗസ്റ്റു് മാസത്തിൽ ഉണ്ടായതു്. അന്നുവിളിച്ചുകൂട്ടിയ ആംഗ്ലീക്കൻസഭാസമ്മേളനത്തിൽ സന്നിഹിതരായിരുന്ന 810 ആംഗ്ലിക്കൻമെത്രാന്മാർ ഗർഭനിരോധനോപകരണങ്ങളുടെ ഉപയോഗം നിരോധിച്ചില്ലെന്നു മാത്രമല്ല അതിനെ അനുകൂലിക്കുകയും ചെയ്തു എന്നതാണു് ആ വസ്തുത. പ്രോട്ടസ്റ്റന്റു രാജ്യങ്ങളിൽ ഇതൊരു പ്രാദേശിക നടപടിയായി തീർന്നിരിക്കുകയാണു്.

സുദീർഘമായ കത്തോലിക്കാപാരമ്പര്യമുള്ള ഫ്രാൻസിൽ കുടുംബാസൂത്രണത്തിനു വേണ്ടിയുള്ള പ്രചരണമാരംഭിച്ചതു് 1955 മാർച്ചിലാണു്. Academic des science Politique et morales എന്ന പണ്ഡിതസദസ്സിൽഅവതരിപ്പിക്കപ്പെട്ടഅയഥാർത്ഥമായ ഒരു മെഡിക്കൽറിപ്പോർട്ടിനു്ഫ്രഞ്ചു പ്രസ്സു് പ്രസിദ്ധീകരണം നൽകിയതാണു് ഈ പ്രസ്ഥാനത്തിനു് അവിടെയുണ്ടായ വിജയഹേതു. ഫ്രാൻസിൽ വിവാഹമോചനനിരക്കു് 10—നു് ഒന്നു് എന്നതോതിൽ വർദ്ധിക്കാനുള്ള കാരണം ഈ പ്രസ്ഥാനത്തിന്റെ പ്രചരണമാണു്.

ബൽജിയത്തിലാണു് ഈ നശീകരണ കൊട്ടുകാറു് ആഞ്ഞടിക്കുന്നതു്. ദൈവാലയത്തിലും വിദ്യാലയങ്ങളിലും സംബന്ധിക്കുന്ന പതിവിൽനിന്നു് അടിക്കടി ആത്മാക്കൾ വീണുകൊണ്ടിരിക്കുന്നതു് കുടുംബാസൂത്രണപദ്ധതിയുടെ പുരോഗമനത്തോടുകൂടെയാണു്. ബൽജിയത്തിൽ 4—ൽ ഒരു കുടുംബത്തിൽ മാത്രമേ മൂന്നോ അതിലധികമോ സന്താനങ്ങളുള്ളു. ജനനനിരക്കു് ശരാശരി 1000നു് 16.64 മാത്രമാണു്. ഇതു് ലോകത്തിലെ ഏറ്റവും താണ ജനനനിരക്കാണു്. വിവാഹമോചനനിരക്കു് 7ശതമാനമാണു്. ചുരുക്കം ചില പട്ടണങ്ങളിൽ 4 വിവാഹത്തിനു് ഒന്നുവീതവും.

ഇറ്റലി, സ്പെയിൻ, പോർച്ചുഗൽ, ഐർലണ്ടു് എന്നീ കത്തോലിക്കാരാജ്യങ്ങളിൽ ഇന്നും ജനനനിയന്ത്രണ പ്രചരണത്തെ ഫലവത്തായി ഏതിർത്തു നില്ക്കുന്നുണ്ടെങ്കിലും തികച്ചും അപകടവിമുക്തമാകണമെങ്കിൽ കുടുംബഭദ്രതസ്ഥായി അവിടങ്ങളിൽ ശക്തിയുക്തം പടവെട്ടേണ്ടിയിരിക്കുന്നു. അമേരിക്കയിലും ഏഷ്യയിലും ഈ പ്ലേഗ് പടർന്നുപിടിക്കുകയാണു്. ഏഷ്യയിൽ ജപ്പാനും ഇൻഡ്യയുമാണു് ഇക്കാര്യത്തിൽ ഭ്രാന്തുപിടിച്ചിരിക്കുന്നതു്. ജപ്പാനിൽ ഗർഭനിരോധനനിരക്കു് 1950ൽ 15 ശതമാനം; 1953—ൽ 30 ശതമാനം ഇന്നു് അതു് 60 ശതമാനം മുതൽ 70 ശതമാനംവരെ ഉയർന്നിട്ടുണ്ടു്, ഗർഭനിരോധനോപകരണങ്ങളും സൗജന്യമായി വിതരണം ചെയ്യുന്ന ക്ലിനിക്കുകളും എല്ലാ പാവപ്പെട്ട ഡിസ്ട്രിക്റ്റുകളിലും സ്ഥാപിച്ചിട്ടുണ്ടു്. ഇതിൽപരിശീലനം സമ്പാദിച്ച 'സാമൂഹ്യപ്രവർത്തകർ' വീടുകളും കയറിയിറങ്ങി ദമ്പതികളെ ഇതിലേക്കു് പ്രേരിപ്പിക്കുമ്പോഴും, ഫാക്ടറി ഉടമകളും തൊഴിലാളികളുടെമേൽ ഇതിലേക്കു സമ്മർദ്ദം ചെലുത്തുന്നു.

## ഇൻഡ്യയിലെ സ്ഥിതി

1957 ജനുവരി 5-ാംനു- സ

# കാറിന്റെ കരച്ചിൽ

(എ. ഡി. അന്തോനി)

വിതിയ പൂവുകളം വിടർന്ന വാടിയിൽ
വിറച്ചുവേച്ചുഞാൻ കടന്ന തെന്നലും
പഴയൊരെന്നെക്കണ്ടോർക്കെക്കണ്ണുകളം
മിഴിച്ചുനോക്കുന്ന പ്രസൂനസഞ്ചയം
ചിരിച്ചുഞാനുമെൻ സഹപ്രവർത്തകൻ
ചരിക്കുംതെന്നലും പൊടിച്ചുമമ്മരം.
'' കിഴവനാരിവൻ പുതുയുഗത്തിന്റെ
കൊഴത്തമേനിയിൽ കളങ്കംചേർപ്പവൻ
നരച്ച ശീർഷവും ജരയും കാണുകി
ലറസ്സുമാർക്കുമിപ്പടികിഴവനെ
ചരണങ്ങളം നീണ്ടുമെലിഞ്ഞുകമ്പിച്ച
ധരയിൽ വീഴുവാൻ വിതുമ്പി നിൽക്കുന്ന.
ചിതലുകളംകണ്ടിട്ടറക്കെ കൂവുന്ന
ചിതമല്ലീയാത്ര മൃതിമാത്രംമെച്ചം ''
അരിശംകൊണ്ടേറെ വിറച്ചുമാരുത—
നുറക്കെ ഗർജ്ജിച്ചു ..നിറുത്തു ചാപല്യം
ഉടയവൻ നിങ്ങൾക്കുയിരുനൽകുവാ—
നിടരെഴാതെന്നും തൊടിനനവപ്പൻ
നിനവിലുംരാവിൽ കിനാവിൽകൂടിയും
നിനസ്സുന്നുണ്ടിവൻ മഹിമചേർക്കുവാൻ
കുടിലിൽമേവുമ്പോളിരുളിൻ ശക്തിയെ
ത്തുളച്ചുകൊണ്ടിവൻ തൊടിയെനോക്കുന്നു
തിളങ്ങുന്നു കൺകളുഡുക്കളെന്നപോൽ
തളരുന്നില്ലിമതപരിതാകാംക്ഷയാൽ
മതിദീപംകാട്ടിവളരും ജിജ്ഞാസാ—
ഭരിതം വാടികക്കരികെ നിൽക്കുന്നു
ഉറങ്ങുന്നില്ലിവൻ, മയക്കത്തിൽകൂടി
ഉരസ്സുന്നു പുഷ്പപ്രശസ്തിയാരോടോ
കിഴവനാണത്രെ പരിതാപം നിന്ദ
ക്കിതിലുംമേലായിട്ടൊരു വാക്കോതാമോ?''
വ്യഥകൊണ്ടായിടാം ധരയുടെ നീതി
കഥിക്കും രീതികണ്ടുഴന്നുമായിടാം
വിതുമ്പി തെന്നലിൻ കുടത്തമമ്മര—
മൊതുങ്ങി, സ്പന്ദനം നിനച്ചുമട്ടായി

---

മേളിച്ച All India Conference of Family Planning ൽ ഇൻഡ്യാഗവണ്മെൻറിന്റെ പ്രത്യേക ഉപദേഷ്ടാക്കളിൽ ഒരാളായ Barkat Narain പ്രസ്താവിച്ചതു് 2000 ഗ്രാമീണ കുടുംബാസൂത്രണ പരിശീലനകേന്ദ്രങ്ങൾ ഉടനടി സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടെന്നാണു് 50,000 ഗ്രാമങ്ങളിലും 560 പട്ടണങ്ങളിലും ഗവണ്മെൻറുത്ഘന സംഘടിപ്പിച്ചു. അഞ്ചുവർഷത്തിനകം 100 ആളുകളം ഉള്ളിടത്തു് ഒരു സെൻറർവീതം സ്ഥാപിക്കുകയാണു് ഗവണ്മെൻറു ലക്ഷ്യം!

3—ാം പഞ്ചവത്സരപദ്ധതിയിൽ 127 കോടി രൂപായാണു് കുടുംബാസൂത്രണപദ്ധതിക്കു് ബഡ്ജറിൽ വകകൊള്ളിച്ചതു്. പലപേരിലുള്ളകരംപിരിവിലൂടെജനങ്ങളെ ഞെക്കിപ്പിഴിഞ്ഞും നാട്ടനന്നാക്കാനായി വിദേശത്തു നിന്നു് കടമെടുത്തും ഉണ്ടാക്കുന്ന സംഖ്യയാണു് അനേക ലക്ഷം സ്ത്രീപുരുഷന്മാരെ വികലാംഗരാക്കാനായി ചെലവഴിക്കുന്നതു്. ഈ ലോകത്തിൽ സുഖിക്കാനായി ഓപ്പറേഷൻകത്തിയെ സ്വാഗതംചെയ്ത ഒരു നല്ല സംഖ്യ സ്ത്രീകളെ ഇതിനകം 'സുഖിക്കാനായി' പരലോകത്തേക്കു് പറഞ്ഞയച്ചിട്ടുണ്ടു്.

### വിലയിരുത്തൽ

ഭക്ഷ്യപ്രശ്നം പ്രാദേശികമായിട്ടെങ്കിലും ഇന്നു് വളരെ ഗുരുതരമായിട്ടുണ്ടെന്നു സമ്മതിക്കണം. പക്ഷേ പരിശോധനയിൽ ആർക്കും ബോദ്ധ്യമാകും വിതരണത്തിൽ വരുന്ന ക്രമക്കേടും നീതികേടുമാണു് ഈ പ്രശ്നം ഇത്ര സങ്കീർണ്ണമാക്കിത്തീർത്തതെന്നു്. അമേരിക്കർ പെടോം ഒഴിച്ചു കത്തിച്ചുനശിപ്പിക്കുന്ന ധാന്യത്തിന്റെ ഒരു ചെറിയപങ്കു് ഇൻഡ്യയിലേയ്ക്കു് അയക്കുന്നതിനോസ്വന്തംകയറുമതി ധാന്യങ്ങളുടെ വിലയിടിവു ഭയന്നു് ആസ്ത്രേലിയാ എതിർക്കുന്നു. അങ്ങനെ ഇൻഡ്യാക്കാരന്റെ വയറു് എരിയുമ്പോൾ അമേരിക്കയിൽ ഗോതമ്പു് എരിഞ്ഞു നശിക്കുന്നു. അതിലൂടെ ആസ്ത്രേലിയാ ലാഭമുണ്ടാക്കുന്നു! സാമൂഹ്യനീതിയെവിടെ! ഈ അനീതികളുടെ ശിക്ഷ അനുഭവിക്കേണ്ടതു് ഗർഭസ്ഥരായ പിഞ്ചുശിശുക്കളം!! അതുപോലെ തന്നെ കൃഷിക്കുപയുക്തമായ എത്രമാത്രം ഭൂമി ഇനിയും തരിശായിക്കിടക്കുന്നു! അതൊക്കെ വിട്ടിട്ടു് ഉള്ളതുകൊണ്ടു സുഖിക്കാൻ പിള്ളപിറക്കാതെ കാക്കുകയാണുപോലും കരണീയം! തൊപ്പിക്കൊപ്പിക്കാൻ തലചെത്തണമെന്നോ കട്ടിലിനു നീളംകുറഞ്ഞാൽ കാലു മുറിക്കണമെന്നോ ചെരുപ്പിലൊതുങ്ങാൻ പാദങ്ങളം അരിയണമെന്നോ പറയുന്നതിലുള്ളത്ര യുക്തിമാത്രമേ ഭ്രൂണഹത്യ, ഗർഭച്ഛിദ്രം, വന്ധീകരണം, കാരുണ്യവധം(Euthanasia) ഇവയിലൂടെ സുഭിക്ഷിത പ്രതീക്ഷിക്കുന്നതിലുള്ള.

ഒരിക്കൽ നശിപ്പിച്ചാൽ പിന്നീടു തിരിച്ചുകിട്ടുന്ന ഒന്നിനെയാണ മനുഷ്യൻ തന്നിൽനിന്നു് നശിപ്പിക്കുന്നതെങ്കിൽ തരക്കേടില്ലായിരുന്നു. ഒന്നും രണ്ടും കുട്ടികളം മ

എ. കെ. സി. സി. ബുള്ളറിൻ

# നമുക്കും മുന്നേറാം

**(സി. കാലായിൽ, ഇൻഡോർ)**

രണ്ടാംവത്തിക്കാൻസൂനഹദോസിന്റെ മുഖ്യലക്ഷ്യങ്ങളിൽ ഒന്നാണ് സഭാകാര്യങ്ങളിൽ അൽമായരെ കൂടുതൽ സജീവമായി പങ്കെടുപ്പിക്കുന്നതിനും തൽലക്ഷ്യാർത്ഥം അവരെ വിജ്ഞാനികളാക്കുകയും ചെയ്യുന്നതിനുമുള്ള പദ്ധതികൾആവിഷ്ക്കരിക്കുകയെന്നതും. അല്പകാലത്തിനുള്ളിൽ ആകെപ്പാടെ ഒരു പരിവർത്തനമുണ്ടാകുമെന്നു പലരും കരുതുന്നു.

ഇക്കാലമത്രയും അൽമായ വിഭാഗം മതപരമായ അജ്ഞതയിലും തന്മൂലം സഭാകാര്യങ്ങളിൽനിന്നും അകന്നും കഴിഞ്ഞുവന്നിരുന്നു. ഈ മതപരമായ അജ്ഞതയുടെ തെളിവിലേയ്ക്കു മറെറങ്ങും പോകേണ്ട. ഏതെങ്കിലും ഒരു മതസത്യമോ, തത്വമോ, വ്യക്തമായും കൃത്യമായും ഒരു ഹൈന്ദവസഹോ

---

തിയെന്നു പറഞ്ഞു് വാസക്ടോമി തുടങ്ങിയ ഓപ്പറേഷനു വിധേയരായ അനേകം മാതാക്കളും തങ്ങളുടെ മക്കളുടെ അകാലചരമത്തിനു ശേഷം തങ്ങൾക്കാരുമില്ലല്ലോ എന്നു നെഞ്ചത്തടിച്ചു കരയുന്ന സംഭവങ്ങളും ഇന്നും നടക്കുന്നുണ്ടു്. കഴിഞ്ഞ യുദ്ധകാലത്തു് സന്താനനിയന്ത്രണംമൂലം ഫ്റാൻസിനു വന്ന കെടുതിയെപ്പററി മാർഷൽ പെറെയിൻ പറഞ്ഞു: ''കഷ്ടം! കുഞ്ഞുങ്ങളും കുറഞ്ഞുപോയി!'' എന്നു്. ജനസംഖ്യ അവിഹിതമാർഗ്ഗങ്ങളിൽ കൂടി നിയന്ത്രിക്കാൻ പരിശ്രമിച്ച പുരാതന സാമ്രാജ്യങ്ങളെല്ലാം തകർന്നുപോയിട്ടുണ്ടു്.

സ്ത്രീവർഗ്ഗത്തിനു തീർത്തും അവമാനകരമായതും പുരാതനപേഗൻ റോമായിലെയും ഗ്രീസിലേയും സ്ത്രീകളെപ്പോലെ പുരുഷന്മാരുടെ കാമാസക്തിയെ തൃപ്തിപ്പെടുത്താൻ മാത്രം സ്ഥിതിചെയ്യുന്ന മാംസപിണ്ഡങ്ങളായി അധഃപതിപ്പിക്കുന്നതുമായ ഈ നെറികേടിനു് സ്ത്രീകളും കൂട്ടുനിൽക്കുന്നുണ്ടെന്നുള്ളതു ശോചനീയം തന്നെ. കണ്ണുണ്ടായിട്ടും ഇതൊന്നും കാണാൻ പല വമ്പന്മാർക്കും സാധിക്കുന്നില്ല. ഇതിനാൽ മനുഷ്യൻ മൃഗമായി മാറുന്നു; പരിപാവനമായ കുടുംബം വേശ്യാലയമായി അധഃപതിക്കുന്നു. സാന്മാർഗ്ഗികവും ആത്മീയവുമായ തകർച്ചയിലൂടെ രാജ്യം നശിക്കുന്നു.

സന്താനങ്ങളും മൂന്നു്, രണ്ടു് എന്ന നിയന്ത്രണപദ്ധതി നടപ്പിലാക്കിയാൽ ജനതതി അതി വിദൂരഭാവിയിൽ നശിക്കുമെന്നതു തീർച്ചയാണു്. The Cases against Birth Control എന്ന ഈടുറ്റ ഗ്രന്ഥത്തിൽ, അമേരിക്കയിലെ ജനനനിയന്ത്രണത്തേപ്പററി ഗവേഷണം നടത്താൻ നിയോഗിച്ച കമ്മററിചെയർമാൻ ഡോ. എഡ്വേർഡ് റോബർട്ട്മൂർ വളരെയേറെ വിദഗ്ദ്ധാഭിപ്രായങ്ങളുംചേർത്തിട്ടുണ്ടു്. അതിൽ ഡോ. ബർങ്ഡോർഫറിന്റെ അഭിപ്രായം: 'ഓരോ വിവാഹത്തിൽ നിന്നും രണ്ടുകുട്ടികളും മതിയെന്നു നിശ്ചയിക്കുന്ന ജനതതി നശിക്കുമെന്നു തീർച്ച. തലമുറതോറും അതു നശിച്ചുകൊണ്ടിരിക്കും. 1000 പേർ ഉള്ളിടത്തു് ഈ നിയന്ത്രണം പാലിച്ചാൽ 30 വർഷങ്ങൾക്കു ശേഷം 621—ം, 60 വർഷങ്ങൾക്കു ശേഷം 386—ം, 150 വർഷങ്ങൾക്കുശേഷം കേവലം 8 പേരുമായി കുറയുന്നതാണു്.''

**വിശിഷ്ടമായ ദാമ്പത്യസ്നേഹത്തെ തകർക്കുന്നു.**

ഭാര്യാഭർത്താക്കന്മാരെ തമ്മിൽ ബന്ധിക്കുന്ന യഥാർത്ഥസ്നേഹത്തിന്റെ ഘടകങ്ങളും നാലാണു്: ആത്മീയ ഐക്യം; മാനസിക ഐക്യം; ഹൃദയ ഐക്യം; ശാരീരിക ഐക്യം.

ആത്മരക്ഷയെ സദാ മുൻനിർത്തി അതിനു പരസ്പരം സഹായകമായി ദമ്പതികളും വർത്തിക്കുന്നതിലാണു് ആത്മീയ ഐക്യം അടങ്ങിയിരിക്കുന്നതു്. മാനസിക ഐക്യം വഴി ജീവിതത്തിലെ അടിസ്ഥാനപരമായ പ്രശ്നങ്ങളെ ഒരോ വിധത്തിൽ വീക്ഷിക്കുന്നു. ഹൃദയങ്ങളുടെ ഐക്യം മൂലം പരസ്പരം അർപ്പിക്കുന്നു. മേല്പറഞ്ഞ ത്രിവിധ ഐക്യങ്ങളും ഒന്നുചേർള്ള ശാരീരികപ്രകടനം, അഥവാ ദാമ്പത്യബന്ധത്തിലെ ദൈവീകാംശങ്ങളുടെ ഒരു മനുഷ്യാവതാരം —Incarnation—ആണു് ജഡീക ഐക്യം എന്നു സയുക്തികം പറയാം.

കൃത്രിമജനനനിയന്ത്രണക്കാർ ഈ അത്ഭുതാവഹമായ ക്രമത്തെ മാനിക്കുന്നില്ല, ആത്മീയ ഐക്യവും മാനസിക ഐക്യവും ദാമ്പത്യജീവിതത്തിൽ നിന്നു് മാററിനിത്താമെന്നു് അവർ വ്യാമോഹിക്കുന്നു. ഹൃദയ ഐക്യത്തെ, സർവ്വോപരി, ജഡീകൈക്യത്തെ മാത്രം ഇവർ ഊതിവീർപ്പിച്ചുകാണിക്കുന്നു. അതും അതിന്റെ ഏററവും താണ വികാരത്തിൽ. സ്നേഹിക്കുക എന്നതിനു് ഇവരുടെ നിഘണ്ടുവിലേ അർത്ഥം ലൈംഗിക സംതൃപ്തി നേടുക എന്നാണു്. ഇതു് ഗൗരവാവഹമായ ഒരു തെററാണു്. മതത്തേയും സംസ്ക്കാരത്തേയും ബുദ്ധിയേയും മാനിക്കുന്നവർ ഈ മാദ്ധ്യസ്ഥത്തിനെതിരായി പടവാളയർത്തുകതന്നെ ചെയ്യും. ദാമ്പത്യസ്നേഹത്തെ അതിന്റെ സംപൂജ്യസ്ഥാനത്തു് പുനഃസ്ഥാപിക്കുകയാണു് സാമ്രാജ്യത്തിന്റെ കെട്ടുറപ്പിനുള്ള ആണിക്കല്ലു്. ഇതു് സുസാധ്യമാകുന്നതിനുവേണ്ടി നമ്മുടെ സാഹിത്യകാരന്മാരും, സാമൂഹ്യപ്രവർത്തകരും ബുദ്ധിജീവികളും പ്രസിദ്ധീകരണങ്ങളും ഇനിയുമെങ്കിലും രംഗത്തിറങ്ങേണ്ടതാണു്.

കൃത്രിമ ജനനനിയന്ത്രണത്തെ എതിർക്കുന്ന സഭ, ജനനക്രമീകരണത്തിനു് തികച്ചും അനുകൂലയാണെന്നും, അതിനു് സഭ നിർദ്ദേശിക്കുന്ന മാർഗ്ഗങ്ങളെന്തെല്ലാമെന്നും അടുത്ത ലേഖനത്തിൽ വ്യക്തമാക്കാം.

(തുടരും)

ഒരുന്ന വിവരിച്ചുകൊടുക്കാൻ തക്ക വേദശാസ്ത്രജ്ഞാനമുള്ള എത്ര വ്യക്തികളെ കേരളത്തിലെ അൽമായരുടെ ഇടയിലുണ്ട്? ഒന്നോ രണ്ടോ പേർ കണ്ടെന്നുവരാം. ഈ ശോചനീയാവസ്ഥ നമ്മുടെ കൊച്ചുകേരളത്തിൽ മാത്രമല്ല, ലോകം മുഴുവനിലും നിലവിലുണ്ട്. ഇന്നുവരേയും ദൈവശാസ്ത്രത്തിൽ ഡോക്ടർബിരുദം സമ്പാദിക്കാൻ അർഹനായി അൽമായരുടെയിടയിൽ ഒരൊറ്റ വ്യക്തിയേ—ഡോ.ഫ്രാങ്ക്ഷീഡ്—ഉണ്ടായിട്ടുള്ളുവെന്നു പറയുമ്പോൾ ഈ നില എത്രമാത്രം പരിതാപകരമാണെന്നു കാണാവുന്നതാണ്.

പല വിദേശചരിത്രകാരന്മാരും ചോദിക്കാറുണ്ട്, എന്തുകൊണ്ടാണ്, ക്രിസ്തുവർഷാരംഭഘട്ടംമുതൽ സുവിശേഷം പ്രസംഗിക്കപ്പെട്ടഇൻഡ്യയിൽ കത്തോലിക്കർ ഇന്നും ഒരു ന്യൂനപക്ഷമായി കഴിയുന്നതെന്ന്. തീർച്ചയായും അതിന്റെ മുഖ്യകാരണങ്ങളിൽ ഒന്ന് മതപരമായി നമുക്കുണ്ടായിരുന്ന അജ്ഞതയാണ്. മുപ്പത്തിമൂന്നു നമസ്ക്കാരങ്ങളും കൊന്തനമസ്ക്കാരവും ചെറിയ വേദോപദേശത്തിലെ ചില ചോദ്യോത്തരങ്ങളും മനഃപാഠമാക്കുകയായിരുന്ന അടുത്തകാലംവരെയും നമ്മുടെ മതപഠനപദ്ധതി. അതിനാൽ നാം വിശ്വാസം മറ്റുള്ളവക്ക് പകർന്നുകൊടുക്കാഞ്ഞതിൽ അത്ഭുതപ്പെടാനില്ല. ഇത്ര പരിമിതമായ വേദജ്ഞാനംകൊണ്ട് നാം വിശ്വാസത്തെ ഇത്രനാളും എങ്ങനെ കാത്തുസൂക്ഷിച്ചുവെന്നുള്ളതാണ് യഥാർത്ഥത്തിൽ അത്ഭുതാവഹം. തീർച്ചയായും ദൈവത്തിന്റെ അദൃശ്യകരങ്ങൾ നമ്മെ കാത്തുസൂക്ഷിച്ചു.

പലരും എതിർവാദമുന്നയിച്ചേക്കാം, അൽമായർ പഠിപ്പിക്കപ്പെടുന്ന സഭ (Ecclesia docta) ആയതിനാൽ വേദശാസ്ത്രങ്ങളിൽ നിപുണത പ്രാപിക്കേണ്ടത് പഠിപ്പിക്കുന്ന സഭ(Ecclesia docens)യുടെ ചുമതലമാത്രമാണെന്ന്. ശരിയാണ്; മൗലികകാര്യങ്ങളിലും വിധിതീർപ്പിലും പരമാധികാരംപഠിപ്പിക്കുന്ന സഭയ്ക്കുതന്നെയാണുള്ളത്. പക്ഷേ ഒരു പരമാർത്ഥം വിസ്മരണീയമല്ല: ''അൽമായരാണ കൂടുതൽ ലോകസമ്പർക്കം പുലർത്തുന്നത്'' ഒരുഅകത്തോലിക്കന്റെ തന്റെ ചോദ്യശരം തൊടുത്തുവിടുന്നത് ആദ്യം അൽമായന്റെ നേർക്കാണ്. അതിനെ വേണ്ടവിധം നേരിടാനുള്ള ശേഷിയും ശുഷ്കാന്തിയും അയാംക്കില്ലെങ്കിൽ അയാം ഉതപ്പിനുതന്നെ കാരണഭൂതനായിരിക്കും. ഇതിനെല്ലാമുപരിയായി, ഭൗതികവാദവുംനിരീശ്വരപ്രസ്ഥാനങ്ങളും പ്രചണ്ഡപ്രചരണം നടത്തുന്നഇന്നത്തെ ലോകത്തിൽ സമനസ്സാക്ഷിയുടെതന്നെ കെട്ടുറപ്പു ശിഥിലമാകാൻ സാദ്ധ്യതയുള്ളതിനാൽസ്വസ്ഥചിത്തരാക്കുവേണ്ടിക്കൂടി ഒരു അൽമായനു സാമാന്യം നല്ല വേദശാസ്ത്രജ്ഞാനം ആവശ്യമാണ്. അല്പജ്ഞാനം ഇക്കാലത്തു വിശ്വാസക്ഷയത്തിനും തന്മൂലം ആദ്ധ്യാത്മിക തകിടംമറിച്ചിലിനും വഴിയൊരുക്കും. ഇതെല്ലാം മനസ്സിലാക്കികൊണ്ടാണ് സുനഹദോസിന്റെ അജണ്ടയിൽ 'ആധുനികലോകവും സഭയും' എന്ന ചൂടുറ്റ ചർച്ചാവിഷയം ഉൾക്കൊള്ളിച്ചിരിക്കുന്നത്.

കേരളകത്തോലിക്കർ വേദശാസ്ത്രങ്ങളിൽ ഇന്നും ഒട്ടുംതന്നെ മുൻപന്തിയിലല്ല. കാരണങ്ങൾ പലതാകാം. ഇനി ഭൂതകാലത്തെച്ചൊല്ലി ദുഃഖിച്ചിട്ടു ഫലമില്ല. ക്രിയാത്മകമായി ചിന്തിക്കാനും പ്രവർത്തിക്കാനുമുള്ള സമയമാണിത്. ഈ അടുത്തകാലത്തായി നമ്മുടെ അൽമായരുടെ വേദശാസ്ത്രാഭ്യസനത്തിനുവേണ്ടി ചിലതെല്ലാം ചെയ്യപ്പെടാൻ തുടങ്ങിയിട്ടുണ്ടെന്നുള്ളതു ആശ്വാസജനകമാണ്. പല പത്രമാസികകളും തത്വശാസ്ത്രപരവും ദൈവശാസ്ത്രപരവുമായ ലേഖനങ്ങളും വാദവിവാദങ്ങളും പ്രസിദ്ധപ്പെടുത്തുന്നുണ്ട്. ഇവയെല്ലാം കൊണ്ടെല്ലാം ഫലദായകങ്ങളുമായിട്ടുണ്ട്. എന്നാൽ അങ്ങേയറ്റം ഫലപ്രദമായിട്ടുണ്ടെന്നു പറയാനും വയ്യാ. തീർച്ചയായും അദ്ധ്യയനമണ്ഡലവും എസ്. എച്ച്. ലീഗും മറ്റുംമറ്റും അനുമോദനാർഹമായ രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. പക്ഷേ ആയിരം കോപ്പികളിൽ കൂടുതൽ അച്ചടിച്ച അനവധി പുസ്തകങ്ങൾവിറ്റഴിഞ്ഞിട്ടുണ്ടോയെന്നു സംശയിക്കേണ്ടിയിരിക്കുന്നു.

ഈ മാക്രോസ്കോപ്പിനുള്ള കാരണങ്ങൾ പലതാണ്. ഒരു മുഖ്യകാരണം സുപ്രസിദ്ധ പ്രസാധകനായ ഡോ. ഫ്രാങ്ക് ഷീഡ് ചൂണ്ടിക്കാണിക്കുന്നു. ദൈവശാസ്ത്രപരമായ ഗ്രന്ഥങ്ങൾ 'പാരായണാത്മകമായ' ശൈലിയിലും ഭാഷയിലും എഴുതാൻ കഴിവുള്ള ഗ്രന്ഥകർത്താക്കളുടെ വിരളത. ഗഹനങ്ങളായ പല ഗ്രന്ഥങ്ങളും മലയാളത്തിലുണ്ടെങ്കിലും അവയിൽ മിക്കവയും അലമാരികളിൽ ഭദ്രമായി ഇരിക്കുകയെയുള്ളൂ.

അൽമായനായ ഡോ. ഷീഡ് 'തിയോളജി ആൻഡ് സാനിറ്റി (Theology and Sanity) എന്ന തന്റെ ഗ്രന്ഥം പ്രസിദ്ധീകരിച്ചപ്പോൾ ഒരു ചുരുങ്ങിയ കാലയളവിൽ 200,000 കോപ്പികൾ വിറ്റഴിഞ്ഞു. അതിന്റെ പിന്നിലുള്ള രഹസ്യമെന്തെന്നോ, അദ്ദേഹത്തിന്റെ ദൈവശാസ്ത്രം ''പാരായണാത്മക''മായിരുന്നു.

അടുത്തകാലത്തു നമ്മുടെനാട്ടിൽ ആരംഭിച്ച ഒരു പദ്ധതിയാണ് വേനൽക്കാല മതപഠനകോഴ്സുകൾ. അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കുമായി നടത്തപ്പെടുന്ന ഇത്തരം കോഴ്സുകൾ അങ്ങേയറ്റം ഫലദായകമാണ്. കർട്ടിനാം കൃഷിംഗ് ഒരിക്കൽ പ്രസ്താവിക്കുകയുണ്ടായി, ''വേതനം നൽകിക്കൊണ്ട് അൽമായരേയും മതാദ്ധ്യാപനത്തിനായി നിയമിക്കേണ്ടതു ഇന്നത്തെ ഒരാവശ്യമാണ്. ഗണിതശാസ്ത്രവും മറ്റും പഠിപ്പിക്കാനായി നാം അദ്ധ്യാപകരെ ശമ്പളംകൊടുത്തു നിയമിക്കുന്നു. അങ്ങനെയെങ്കിൽ എന്തുകൊണ്ട് ശാസ്ത്രീയമായരീതിയിൽ മതാദ്ധ്യാപനത്തിനായി ഒരു ഗണം അൽമായരെ പരിശീലിപ്പിച്ചുകൂടാ?'' ആശയം പാരമ്പര്യവിരുദ്ധമെന്നു തോന്നാം. പക്ഷേ ഈ രണ്ടുപ്രശ്നങ്ങൾക്കും ഉത്തരം നൽകുന്നുണ്ട്. വൈദിക ദൗർല്ലഭ്യത്തിനും അൽമായരുടെ മതപരമായ അജ്ഞതയ്ക്കും.

ബോംബെ തമിഴ്നാട് തുടങ്ങിയ പ്രദേശങ്ങളിൽ അൽമായശിക്ഷണത്തിനായി പല പുതിയ പദ്ധതികളും പ്രവർത്തനപഥത്തിലെത്തിയിട്ടുണ്ട്.തമിഴ്നാട്ടിൽതിണ്ടിവനമെന്നസ്ഥലത്തു ഒരുപദേ

# — കെയ്യത്താത്ത പൂവ് —

— ജോസ് വാക്കയിൽപറമ്പിൽ ബി.എ.ബി.എൽ. —

ദീപങ്ങളും മങ്ങുകയാണു്; അന്ധകാരം പരന്നൊഴുകുന്നു.... എന്റെ മസ്തിഷ്കത്തിനുള്ളിലെ വെള്ളിത്തിരയിൽ ഓർമ്മയുടെ ചിതറി ചിത്രങ്ങളും നിഴലിക്കുകയാണു്! പഴയ കാലങ്ങളെ കെട്ടിപ്പുണർന്നുകിടക്കുന്ന ശോകസുന്ദരങ്ങളായ ഓമൽസ്മരണകളും ഹൃദയത്തിൽ നിറഞ്ഞുനിറഞ്ഞു വിതുമ്പുകയാണു്! ക്രൂരനായ കാലത്തിന്റെ ശ്രുപത്തിൽ ആ കഴിഞ്ഞ കാലമത്രയും കൺമുൻപിലുരുണ്ടു കിടക്കുകയാണു്. മൂടുപടത്തിനുള്ളിലെ അപ്സരസ്സിന്റെ മനോഹര വദനം പോലെ!

അന്നു ഞാനൊരു കൗപീനമാത്രധാരിയായി വീടിന്റെ ഉമ്മറത്തങ്ങനെ നിൽക്കുകയായിരുന്നു. പൂഴിവാരികളിക്കുന്ന പ്രായം.... കഷ്ടിച്ചു നാലോ അഞ്ചോ വയസ്സു പ്രായം കാണും എന്നെപ്പോലെതന്നെ ചുവന്ന പട്ടകോണകമുടുത്ത ഒരോണത്തുമ്പി സായാഹ്നത്തിന്റെ തങ്കവെയിലിൽ മുളിമൂളിപ്പറന്നു വിഹരിക്കുന്നു. അതിനെ എങ്ങനെ കൈക്കുമ്പിളിലൊതുക്കാമെന്നാലോചിച്ചുകൊണ്ടു ഞാനങ്ങനെ നിൽക്കുകയാണു്... അപ്പോഴും....

"മോനേ! മോൻറമ്മയിവിടില്ലേ?" വീണമീട്ടുന്ന സ്വരത്തിൽ ചോദിച്ചുകൊണ്ടു് ഒരു സ്ത്രീ ഗയിറ്റിനുള്ളിലേക്കു കടന്നുവന്നു. ഓ! പുതിയ അയൽക്കാരിയാണു് മിനിയാന്നു രാവിലെ, ഏതാനും നാളുകളായടച്ചിട്ടിരുന്ന, ആലയത്തെ ആ വീടാരാണ്ടോക്കെ അടിച്ചു വൃത്തിയാക്കുന്നതുകണ്ടു. അപ്പോഴും അമ്മ അച്ഛനോടുപറഞ്ഞു. "കേട്ടോ, ദേ, ആ വീട്ടിലാരാണ്ടോ ഒരുപുതിയ താമസക്കാരു വരുന്നുണ്ടെന്നു്....!"

"ഉം." അച്ഛനൊന്നു മൂളി.

"എന്റെ ദൈവമേ! ആരെങ്കിലും ഒന്നു വേഗം വരണേയെന്നു ഞാനങ്ങനെ പ്രാർത്ഥിച്ചുകൊണ്ടിരിക്കുകയായിരുന്നു. ഒന്നുമില്ലേൽ വല്ലപ്പോഴുമൊന്നു മിണ്ടുകേംപറയുകേമെങ്കിലും ചെയ്യാമല്ലോ?"

അമ്മ പറഞ്ഞ ആ അയൽക്കാരിതന്നെയാണു മുൻപിൽ നിൽക്കുന്നതു്! പിന്നാലെ അവരുടെ സാരിത്തുമ്പിൽ തൂങ്ങിക്കൊണ്ടു് സുന്ദരിയായ ഒരു കൊച്ചു പെൺകുട്ടിയും! ഒരു നിമിഷം ഞാനവരേയൊന്നു സൂക്ഷിച്ചുനോക്കി. ആ മുഖം ഇന്നും എന്റെ കൺമുന്നിൽ നിൽക്കുന്നതുപോലെ തോന്നുന്നു. മുറുക്കിച്ചുവപ്പിച്ചു ചെമ്പരത്തിപ്പൂപോലുള്ള അധരങ്ങളും വെളുത്തുചുവന്ന സുന്ദരങ്ങളായ കവിൾത്തടങ്ങളും.... എങ്കിലും എല്ലാറ്റിലുമുപരിയായി എന്നെ ആകർഷിച്ചതു് ആ കണ്ണുകളാണു് സദാ കരുണരസംകതിർ വീശിനിന്നിരുന്ന ആ കണ്ണുകൾ!

"അമ്മയെവിടെ മോനേ!" ആ സ്ത്രീ വീണ്ടും ചോദിക്കുകയാണു്—ശല്യം....

"ദാ! അവിടെ" അലസമായി ഞാനടുക്കളഭാഗത്തേക്കു വിരൽ ചൂണ്ടി. ഓണത്തുമ്പിയുടെ പിന്നാലെ പരതിപ്പരതി സഞ്ചരിക്കുകയായിരുന്ന എന്റെ നയനങ്ങളും....

"ആങ്ഹാ! അടുക്കളയിലാണോ?" ആ സ്ത്രീ ചിരിച്ചുംകൊണ്ടു എന്റെ കവിളത്തു മൃദുവായി ഒരു തോണ്ടും നൽകി അകത്തേക്കുകയറി, പിന്നാലെ ആ കൊച്ചുപെൺകുട്ടിയും....

"ഒരു വിരുന്നുകാരി വന്നിരിക്കുന്നു.... കാപ്പിയോ വല്ലതുമുണ്ടേൽ വേഗമിങ്ങെടുത്തോ?" വലിഞ്ഞുകയറിവന്ന പുതിയ അയൽക്കാരി സ്വയം ഇൻറർഡ്യൂസ് ചെയ്യുന്നതിന്റെ ശബ്ദം എന്റെ കാതുകളിൽ വന്നലയ്ക്കുന്നുണ്ടു്.

"അല്ല; ഇതാരു്? ഇങ്ങോട്ടു വഴിയൊക്കെ ആരു പറഞ്ഞുതന്നു? സംഭാഷണത്തിനൊരാളെ കിട്ടിയതിലുള്ള അമ്മയുടെ സന്തോഷം അങ്ങനെ പുറത്തേയ്ക്കൊഴുകി വീഴുകയാണു്....

"അയൽപക്കത്തൊരാളു താമസിക്കാൻ വന്നാൽ അങ്ങോട്ടൊന്നു തിരിഞ്ഞുനോക്കുകപോലുമില്ല." അമ്മ അവരുടെ വാസസ്ഥലത്തേയ്ക്കൊന്നു ചെല്ലാഞ്ഞതിലുള്ള കനത്ത പരിഭവം ആ വാക്കുകളിൽ മുഴച്ചു നിന്നിരുന്നു. അങ്ങനെ വരണം— അമ്മയിതുതന്നെ കേൾക്കണം. അച്ഛൻ അന്നും തലേദിവസവുമായി ഒരായിരം തവണ പറഞ്ഞതാണു് "എടീ നീയങ്ങോട്ടൊന്നു ചെല്ലണമെന്നു് അക്കൂട്ടത്തിൽ എനിക്കുംകൂടി പോകാമായിരുന്നു. പക്ഷേ അമ്മയതു കേട്ടഭാവംനടിച്ചിട്ടുവേണ്ടേ—?അ

---

ശിപരിശീലനകേന്ദ്രമുണ്ടു്. അവിടെ അൽമായർ രണ്ടുവർഷത്തെ പരിശീലനത്തിനു വിധേയരാകുന്നു. മദ്രാസ് മെത്രാപ്പോലീത്തായുടെ വിവേകപൂർണ്ണവും വളരെയേറെ ഫലദായകവുമായ ഒരു കണ്ടുപിടുത്തമാണിതു്. അതുപോലെതന്നെ മദ്രാസിൽ കാത്തലിക്ക് സെൻററിനോടനുബന്ധിച്ചു് അൽമായരെ ഉദ്ദേശിച്ചു് ഒരു പ്രസംഗപരിശീലനകോഴ്സും നടത്തപ്പെടുന്നുണ്ടു്. കാരണം, പാണ്ഡിത്യം നേടിയാൽ മാത്രം പോരാ, പ്രത്യുത അതിനെ മറ്റുള്ളവർക്കു പകർന്നുകൊടുക്കുന്ന കലകൂടി സ്വായത്തമാകേണ്ടിയിരിക്കുന്നു.

ഈവക നൂതനമാർഗ്ഗങ്ങളും നമ്മുടെ കൊച്ചുകേരളത്തിലും ഏർപ്പെടുത്തിക്കൊണ്ടു് കാലത്തിനൊത്തുണരുന്ന സാവ്ത്രികസഭയ്ക്കൊത്തു പൗരാണികപാരമ്പര്യവും പ്രൗഢിയുമുള്ള കേരളസഭയും മുന്നേറേണ്ട സമയമാണിതു്.

പ്പോഴും അമ്മയിതു കോട്ടാൽ പോരാ.

''നേരം കിട്ടിയിട്ടവേണ്ടേ ചേച്ചീ—'' അമ്മയുടെ എകസ്യൂസാണു— ഓ—ഓ— ഈ അമ്മയുടെ ഒരു പുളമാസു ഇങ്ങനത്തെ പച്ചക്കള്ളം പറഞ്ഞാൽ ആരാണു വിശ്വസിക്കുക— നേരം കിട്ടിയില്ലപോലും—! നേരമെല്ലാം എവിടെപോയിരുന്നു? എനിക്കീ പുളമാസൊന്നും കേൾക്കുകയേ വേണ്ടാ— ഞാൻ ചെവി പൊത്തിപ്പിടിച്ചു.

അകത്തെ സംഭാഷണം അങ്ങനെ നീണ്ടുനീണ്ടുപോകുകയാണു. ഇതിനിടയിൽ എന്റെ ആശാകേന്ദ്രമായിരുന്ന ആ ഓണത്തുമ്പി കണ്ണുതെറ്റിച്ചു മുകളിലേക്കു പറന്നുയർന്നുപോയി.

നൈരാശ്യത്തോടെ ഞാനകത്തേക്കുചെന്നു. അപ്പോഴും അവിടെ ഡിന്നർടേബിളിനരികിൽ ആ പുതിയ അയൽക്കാരിയും അവരുടെ അരുമപ്പെൺകിടാവുമിരുന്നു കാപ്പി കുടിക്കുകയാണു. എന്നാലും നാണമില്ലല്ലോ അവർക്കിങ്ങനെ വല്ലവരുടേയും വീട്ടിൽ വന്നിരുന്നു കാപ്പികുടിക്കാൻ?

''മോനെവിടാരുന്നു—ഇതുവരെ? ഒള്ള വെയിലും കാറ്റുമെല്ലാം കൊണ്ടു നടക്കുവാരുന്നോ?'' അമ്മയുടെ ചോദ്യമാണു ഒ—! ഇത്ര സ്നേഹമുള്ള ഒരമ്മ....! എങ്ങാണ്ടു നിന്നു വലിഞ്ഞുകയറിവന്ന സുന്ദരിപ്പെണ്ണിനും അവടമ്മയ്ക്കും വന്നയുടനെ കാപ്പിയും പലഹാരവും— അവിടത്തെ ഏകസന്താനമായ ഞാൻ പുറത്തുനിന്നിട്ടു ഒന്നു വിളിക്കുകയെങ്കിലും— ഇപ്പോഴീ അമ്മയുടെ സ്നേഹപ്രകടനം.... ഹോ!.. ഈ അമ്മ—!

''വരുമകനെ! ഇങ്ങോട്ടൊട്ടുത്തു വരു...'' ഒരു ബിസ്ക്കറെടുത്തു നീട്ടിക്കൊണ്ടു ആ സ്ത്രീ എന്നെ അടുത്തേക്കു വിളിച്ചു.

ഓ! എനിക്കു കഴിയേലാ! ആ വെളുത്തപെണ്ണിന്റെ അരികത്തിരുന്നു കാപ്പികുടിക്കാൻ— ഞാൻ അമ്മയുടെ സാരിത്തുമ്പിനിടയിൽ മറഞ്ഞു.

''മോന്റെ പേരെന്താ? ചക്കരയും തേങ്ങായും ചേർത്ത മധുരമുള്ള മടക്കപ്പം വാനിറയെയിട്ടു വയ്ക്കുന്നതിനിടയിൽ ആ സ്ത്രീ ചോദിച്ചു.

''ഷീബു— ഞങ്ങളവനെ വീട്ടിൽ വിളിക്കുന്നതു മോനെന്നാ'' സംഭാഷണം നീണ്ടുനീണ്ടുപോകുകയാണു. അച്ഛന്റെ ജോലി, അമ്മയുടെ ഭവനത്തിലെചുറ്റുപാടുകം,ആസ്ത്രീയുടെ ഭർത്തൃഗൃഹത്തിലെ പരിതസ്ഥിതികം എല്ലാം എല്ലാം ആസംഭാഷണസമുദ്രത്തിൽ വിഷയബിന്ദുക്കളായി ഭവിച്ചു. ഒന്നൊന്നരമണിക്കൂറുകഴിഞ്ഞപ്പോഴേക്കും അവർ യാത്രപറഞ്ഞുപിരിഞ്ഞു—

ഷീല— എന്റെ പിഞ്ചുഹൃദയത്തിൽ പുളകം പൂശിക്കൊണ്ടു കടന്നുവന്നു. ഞാൻ പഠിച്ചിരുന്ന അതേ നേഴ്സറിസ്കൂളിൽ തന്നെ അവളേയും ചേർത്തു ഞങ്ങടെ ഒന്നിച്ചാണു സ്കൂളിൽ പോകുന്നതും വരുന്നതും— ക്ലാസ്സിൽ ഇരിക്കുന്നതും അളത്തടുത്തുതന്നെ. ക്ലാസ്സു കഴിഞ്ഞാലും മിക്കസമയവും അവരും വീട്ടിൽതന്നെയുണ്ടായിരിക്കും. മണ്ണപ്പം ചുട്ടും മൈലാഞ്ചി പുരട്ടിയും മധുരമധുരമായ ആ ബാല്യകാലം ശബളാഭ സുന്ദരമായി! അങ്ങനെ ഇഴഞ്ഞിഞ്ഞു നീങ്ങി.

അന്നൊക്കെ പടുകൂസ്തിയായ ഒരു മാൻകിടാവിനെപ്പോലെ ഷീല, എന്റെ മനസ്സാകുന്ന മലർവാടിയിൽ ഓടിച്ചാടിക്കളിക്കുകയായിരുന്നു— അങ്ങുമിങ്ങും കിക്കിളിയിട്ടു— നിഷ്ക്കളങ്കയായ ആ കൊച്ചു സുന്ദരി—!

കാലം അതിന്റെ മന്ത്രകാലിൽ മുന്നോട്ടു നീങ്ങുകയാണു. ഞങ്ങടെ വളരുകയായിരുന്നു—

ഞാനും ഷീലയും അന്നു നാലാംക്ലാസ്സിൽ പഠിക്കുകയാണു. അക്കൊല്ലംകൂടി കഴിഞ്ഞാൽ ഇംഗ്ലീഷു സ്കൂളിൽ ചേരാം.

ഒരു ദിവസം രാവിലെ പതിവുപോലെ ഞങ്ങടെ സ്കൂളിലേക്കു പോകുകയായിരുന്നു. അങ്ങകലെ, ഗ്രാമീണ കന്യകയുടെ മുകളപ്പാണ! കണക്കു കാണുപ്പട്ടന്ന ദേവാലയത്തിന്റേയും അപ്പുറത്തായി കാണുന്ന കുന്നിൻചെരിവിലുള്ള ഓടിട്ട വെള്ളപൂശിയ കെട്ടിടം! അതായിരുന്നു ഞങ്ങളുടെ വിദ്യാലയം. ഒരു ഫർലോംഗ് നടന്നുകഴിഞ്ഞപ്പോഴും ഞങ്ങളുടെ ക്ലാസ്സിൽ പഠിച്ചിരുന്നമധുവുംകൂടി കൂട്ടത്തിൽ ചേർന്നു. എന്തുകൊണ്ടോ എന്തോ മധുവും ഷീലയും തമ്മിൽ കീരിയും പാമ്പുംപോലെയാണു എവിടെവച്ചുകണ്ടുമുട്ടിയാലും അവരുതമ്മിലൊന്നു വഴക്കിടാതെ പിരിയുകയില്ല!

ഷീല അന്നിട്ടിരുന്നതു മഞ്ഞനിറത്തിലുള്ള ഒരു ഫ്രോക്കായിരുന്നു. ആഫ്രോക്കിനുള്ളിൽ കയറിക്കഴിയുമ്പോഴും അവളൊരു പുതിയ ആളായിതീർന്നതുപോലെതോന്നും. ചെമപ്പും വെള്ളയുംകൂടി സമമലിഞ്ഞുചേർന്നുണ്ടായിട്ടുള്ള അവളുടെ നിറത്തിനു് ഏറ്റവുമനയോജ്യമായിരുന്ന ആ മഞ്ഞഫ്രോക്കു— അതുമിട്ടവം കുലുങ്ങിക്കുലുങ്ങിയങ്ങനെ നടന്നു നീങ്ങുന്നതു കാണുവാൻ എന്തൊരു ഭംഗി? എന്നിട്ടും കുസൃതിക്കുമ്പായ മധുവിനതു പിടിച്ചില്ല!

''മഞ്ഞപ്പക്കീ'' അവൻ വിളിച്ചു.

ഷീല തിരിഞ്ഞുനോക്കിയില്ല. ഭംഗിയേറിയ ആ അധരപുടങ്ങം അല്പം വക്രീപ്പിച്ചു് ശിരസ്സു് ഒചരിച്ചുകൊണ്ടവം പകരം വീട്ടി. ''വെള്ളപ്പാറാ'' മധുവിന്റെ ക്ലസ്സിലെ കുട്ടികം ഏകകണ്ഠ്യേന നൽകിയിട്ടുള്ള അപരനാമമാണു് ''വെള്ളപ്പാറാ''

''അയ്യോ ഷീബൂ.... ഈ മഞ്ഞപ്പക്കിയുടെകൂടെയാണോ നടക്കുന്നതു്'' എന്റെ ചിലവിൽഷീലയെ അല്പം ചെറുതാക്കാനുള്ള മധുവിന്റെ ആരംഭമാണു്.

''അതിനു നിനക്കെന്തൊരു നഷ്ടമാണെടാ വെള്ളപ്പാറാ?'' ഷീല തിരിച്ചടിച്ചു.

''പെണ്ണേ! അധികം കേടന്നു വെളയരുതു് കേട്ടോ?'' മധുവിന്റെ മുന്നറിയിപ്പാണു്,

''വെളഞ്ഞാൽ നീയെന്തെടുക്കുമെടാ വെള്ളപ്പാറാ?'' ഷീല അങ്ങനെ ജില്ലുജില്ലെന്നു നിൽക്കുകയാണു്.

''ഞാനെന്തെടുക്കുമെന്നുകാണണോടീ മഞ്ഞപ്പക്കീ?''

''ഒന്നു കാണെട്ടെടാ വെള്ളപ്പാറാ'' ഷീല മധുവിന്റെ പൂരുഷത്വത്തെതന്നെ വെല്ലുവിളിക്കുകയാണു്. കൊള്ളാം മധുവിനതു സഹിക്കുമോ?

എ. കെ. സി. സി. ബുള്ളറിൻ

വഴിക്കു ഞങ്ങൾക്കൊരു കൈത്തോട്ട കടക്കുവാനുണ്ടായിരുന്നു ചേറും ചെമ്മണ്ണും കലർന്ന അഴുക്കുവെള്ളം നിറഞ്ഞ ഒരു കൊച്ചു കൈത്തോട്ട്— ഞങ്ങൾ അതിലേക്കിറങ്ങുകയായിരുന്നു.

''നിനക്കൊന്നുകൂടിവിളിക്കാമോടി പെണ്ണേ മൻപിലത്തെ ആ പേരു?'' ഷീലയെ മധു വഴക്കിനു ക്ഷണിക്കുകയാണു്.

''വിളിക്കാമെടാ വെള്ളപ്പാറാ—വെള്ളപ്പാറാ—വെള്ളപ്പാറാ—''

മധു മുന്നോട്ടാഞ്ഞു ഒരു തള്ളകൊടുത്തു. ''പ്ലിൻ'' ഷീല കമിഴ്ന്നടിച്ചുവീണു— ആ അഴുക്കുനീരിൽ.... പാവം! അവളുടെ മഞ്ഞ ഫ്രോക്കെല്ലാം വൃത്തികേടായി വായിലും കണ്ണിലുമെല്ലാം ചേറും ചെളിയുമായി അവൾ ഉറക്കെ കരഞ്ഞു.

സംഗതികളിത്രത്തോളമായപ്പോൾ നിഷ്പക്ഷനായ ഞാൻ കൂടിഅതിലിടപെട്ടേമതിയാവൂഎന്നെനിക്കു തോന്നി. എന്റെ ഷീലയെ മധു ഉപദ്രവിച്ചിരിക്കുന്നു! എനിക്കു സഹിക്കാൻ കഴിഞ്ഞില്ല. ''എടാപട്ടീ!'' ഞാൻ മധുവിന്റെ മുഖമടച്ചൊരടികൊടുത്തു കൂട്ടത്തിൽ സ്വൽപ്പശക്തിയും സംഭരിച്ചൊരു തൊഴിയും! പാവം മധു മറിഞ്ഞുവീണു. അവന്റെ പുസ്തകസഞ്ചി താഴെവീണു.... സ്ലേറ്റും പുസ്തകങ്ങളും നാനാവഴിക്കും ചിതറി.

മധു പിടഞ്ഞെണീറ്റപ്പോഴേക്കും ഞങ്ങൾ മൂന്നുനാലുവാര ഓടിയകന്നിരുന്നു.

X X X X

കാലചക്രം തിരിയുകയായിരുന്നു. ഞങ്ങൾ വളർന്നുകൊണ്ടേയിരുന്നു. കായികമായും മാനസികമായും! ഷീല ഒരു യുവതിയാകാൻ ആരംഭിച്ചു. യൗവ്വനം അതിന്റേതായ മിനുക്കുപണികൾ അവളിൽ ചെയ്തുതുടങ്ങിയിരുന്നു....

ആ പഴയ പട്ടപാവാടയുടേയും വെൽവെറ്റു ബ്ലൗസിന്റേയും സ്ഥാനത്തു് ഇന്നൊരു നൈലോൺ സാരിയാണവൾ ധരിക്കുന്നതു്. ആ ശരീരം വളർന്നു പുഷ്ടിപ്പെട്ടു. ആ പൂംകവളകളിൽ മാതളമൊട്ടുകൾ വിടരുന്നു! മാൻമിഴികളിൽ കിനാവുകൾ പൂത്തുനിൽക്കുന്നു! മധുരമനോഹരമായൊരു സ്നേഹകാവ്യം കൺകോണുകളിൽ യൗവ്വനത്തിന്റേതായ പ്രകാശധാര ചൊരിഞ്ഞു. മാറിടത്തിൽ താമരമൊട്ടുകൾ കൂമ്പിട്ടുന്ന പഴയതുപോലെ ഇപ്പോളവൾ എന്നെ അടുത്തു വരാറില്ല. സൈരമായി സംസാരിക്കാറുമില്ല. എന്നെ കാണുമ്പോൾ ആ പൂഞ്ചുണ്ടുകളിൽ പുഞ്ചിരിയുടെ നിഴലാട്ടമുണ്ടാവും! പേലവമായ നെറ്റിത്തടത്തിൽ ചാടിത്തുള്ളുന്ന കുറുനിരകളെ പടിച്ചുനിറുത്തിക്കൊണ്ടു് മുല്ലമൊട്ടുകൾ നിരത്തി അവൾ പുഞ്ചിരിതൂകും മാനഴകുവിളിനകളിൽ മാരിവിൽക്കൊടികൾ വിരിയും.. റോസപ്പൂവിന്റെഉൾച്ചുഴികൾപോലെ അപ്പോൾആ കവിൾത്തടങ്ങളിൽ നുണക്കുഴികൾ തെളിഞ്ഞുയരും ഞങ്ങൾ രണ്ടുപേർക്കുമിടയ്ക്കു യൗവ്വനത്തിന്റേതായ കനത്ത തിരശ്ശീല വീണിരിക്കുകയാണു്!....

എങ്കിലും! അവൾ മിക്കപ്പോഴും വീട്ടിൽ വരും. എന്നാൽ അധികസമയവും അമ്മയുടെകൂടെ അടുക്കളയിലായിരിക്കും കഴിഞ്ഞുകൂടാറുള്ളതു് അപൂർവ്വം ചിലപ്പോൾ എന്റെ മുറിയിലേക്കും കടന്നുവരും. വന്നാൽ എന്നെ ശകാരിക്കും; ഒരു ഔരസസോദരിയുടെ അധികാരത്തോടെ! ക്രമമല്ലാത്തഎന്റെ ജീവിതരീതികളെ വിമർശിക്കും. ഞാൻ സിഗററു വലിക്കുന്നതു്, സിനിമാകാണുന്നതു്, പുരോഗമനഗ്രന്ഥങ്ങൾ വായിക്കുന്നതു്, ദിവസവും പള്ളിയിൽ പോകാത്തതു് സിനിമാതാരങ്ങളുടെ ചിത്രങ്ങൾകൊണ്ടു ചുമരലങ്കരിക്കുന്നതു്, സ്നാക്കും, ലിബേർട്ടി,യുമൊക്കെ ഉപയോഗിക്കുന്നതു് എല്ലാം എല്ലാം അവളുടെ ദൃഷ്ടിയിൽ അക്ഷന്തവ്യങ്ങളായ അപരാധങ്ങളാണു്. കൂട്ടത്തിൽ ഒന്നുപറയട്ടെ, അവൾ വലിയ ഭക്തിക്കാരിയാണു്! ദിവസവും പള്ളിയിൽപോകും, എല്ലാ ശനിയാഴ്ചയും ദിവ്യകാരുണ്യം സ്വീകരിക്കും. പള്ളിയിലെ ഭക്തസംഘടനകളുടെയെല്ലാം സജീവപ്രവർത്തകയാണവൾ സൊഡാലിറ്റി, ലീജൻ ഓഫ് മേരി, എം. സി. എസ്സ്. എൽ, മിഷ്യൻലീഗ് എന്നു വേണ്ടാ എല്ലാ സംഘടനകളുടേയും.

ഞായറാഴ്ചപോലും പള്ളിയിൽപോകാൻ ഉദാസീനനായ എന്നെ അവളെങ്ങനെ ശകാരിക്കാതിരിക്കും?

ഞാനന്നു ജൂണിയർ ബി.എ. ക്ലാസ്സു പഠിച്ചുകൊണ്ടിരിക്കുകയാണു്. ഇന്ററിനു് രാജാപാർട്ട (ഇംഗ്ലീഷ്) നഷ്ടപ്പെട്ട ഷീല സെപ്തംബറിനു കൂടിയ ശേഷം ഫലവും കാത്തിരിക്കുകയാണു്.

അന്നൊരു ഞായറാഴ്ചയായിരുന്നു. ഞാൻ മോർണിംഗ്ഷോക്കു പോകാൻ തയ്യാറെടുക്കുകയാണു്. നിലക്കണ്ണാടിയുടെ മുമ്പിൽ നിന്നുകൊണ്ടു് തനിത്തങ്കവർണ്ണമെന്നു ഞാനഭിമാനം കൊള്ളാറുള്ള എന്റെ തൊലിപ്പുറത്തു കുമ്മായം പോലെ സമൃദ്ധമായി ടാൽക്കം പൗഡർ തേച്ചുപിടിപ്പിക്കുകയാണു്. അണിയലിന്റെ ആദ്യത്തെ ചടങ്ങാണതു്. മുടിചീകൽ തുടങ്ങിയ വമ്പിച്ച പരിപാടികൾ കിടക്കുന്നതേയുള്ള.

ഒരു വെള്ളബ്ലൗസും നീലസാരിയുമണിഞ്ഞു് കയ്യിലൊരു ജപമാലയും പ്രാർത്ഥനപുസ്തകവുമായി ഷീല എന്റെ മുറിയിലേയ്ക്കു കടന്നുവന്നു. പള്ളിയിലെ രണ്ടാം കുർബാനയ്ക്കുള്ള പുറപ്പാടാണെന്നു തോന്നുന്നു.

''ഷിബു പള്ളിയിൽ പോകുന്നില്ലേ?'' വന്നപാടെയുള്ള അന്വേഷണമാണു്.

''പിന്നെ ഞാൻ പള്ളിയിൽ പോകുന്നില്ലേ.. ഇതെന്തൊരു ചോദ്യമാണെന്റെ ഷീലേ?'' ഞാൻ മുഖം തിരിക്കാതെ തന്നെ മറുപടി കൊടുത്തു.

''എന്നിട്ടാൻറി പറഞ്ഞല്ലോ മറ്റെങ്ങോ പോകാനുള്ള ഒരുക്കമാണെന്നു്?''

എന്റെ അമ്മയെ അവൾ 'ആൻറി'യെന്നാണു വിളിക്കാറു്. ഞാൻ സിനിമാക്കു പോകുന്ന കാര്യം അമ്മയെങ്ങനെയോ മണത്തറിഞ്ഞുവെന്നു തോന്നുന്നു. നാശം!

''ഇന്നത്തെ മോർണിംഗ് ഷോക്കുന്നു പോകുന്നമെന്നു വാചാരിക്കുകയാണു്'' വാസ്തവം ഞാൻ തുറന്നുപറഞ്ഞു. പണ്ടു മുതൽക്കേ ഞാനെന്തെങ്കിലും മാരു നല്ലകാര്യത്തിനിറങ്ങിയാൽ എവിടെങ്കി

ലും ഒരു സ്വർഗ്ഗത്തിലെ കട്ടെറുമ്പവിടെ വലിഞ്ഞുകേറിക്കൊള്ളുമെന്നുള്ളതെനിക്കനുഭവമാണു്.!

''ഇന്നു ഞായറാഴ്ച മോർണിങ്ങ് ഷോയ്ക്കോ?'' അവളുടെ വാക്കുകളിൽ അല്പത്തം കൂറ്റനുണ്ടായിരുന്നു.

''അതേ ഷീലേ, ഇന്നു ഇൻഗ്രീസ് ബർഗ്ഗ്മാനഭിനയിച്ച ഒരു ഫസ്റ്റ്ക്ലാസ് ഫിലിമുണ്ടു്. ഷീല പോകുന്നോ?''

''ഇൻഗ്രീസ് ബർഗ്ഗ്മാൻ!'' അവളുടെ വാക്കുകളിൽ പുഛഭാവം സ്ഫുടിച്ചു നിന്നു രണ്ടായിരം വർഷങ്ങൾക്കു മുമ്പു് ലോകം കണ്ടിട്ടുള്ളതിലേയ്ക്കും ദാരുണമായ ഒരു ശോകബലികാൽവരിഗിരിയിലരങ്ങേറുകയുണ്ടായി. നൂറ്റാണ്ടുകൾക്കപ്പുറം ലോകത്തിനേറ്റതായ നിയമശാസ്ത്രം നിഷ്ഠുരനായ ഒരു നിരപരാധിയെ ക്രൂശിൽ തറച്ചു നീചനീചമായി നിഹനിച്ചതിന്റെ സ്മരണാചിത്രം ഇന്നും അംഗത്താരയാകുന്ന വെള്ളിത്തിരയിൽ പ്രതിബിംബിക്കപ്പെടാറുണ്ടു്. പക്ഷെ ഷിബുവിനെപ്പോലെ തന്നെ പലർക്കും ഇഷ്ടമേയില്ല അതു കാണുവാൻ—.

''ഓ! തുടങ്ങിയല്ലപ്പാ! പള്ളിപ്പടാർത്ത!'' എനിക്കു കനത്ത ദേഷ്യം തന്നെ വന്നു. ''ഈ ഷീലയ്ക്കു വേറെ ജോലിയൊന്നുമില്ലെന്നാ തോന്നുന്നതു്.''

''ഇപ്പോഴത്തെ ജോലി ഇതാണു്.''

''എന്നാലേ, എനിക്കിതു കേട്ടു നിൽക്കാൻ നേരമില്ലെന്നു് മനസ്സിലായോ കൊച്ചേ'' ഞാൻ വെട്ടിത്തുറന്നങ്ങു പറഞ്ഞു.

''എന്റെ ഷിബു അപകടത്തിലാക്കിയേക്കാവുന്ന സാഹചര്യങ്ങളെ ഒഴിഞ്ഞുമാറിയില്ലെങ്കിൽ...!'' ഷീല എനിക്കെന്തോ മുന്നറിയിപ്പു നൽകാനുള്ള പുറപ്പാടാണു്.

''ഇല്ലെങ്കിൽ?''

''ആത്മാവു നശിച്ചുപോകും...''

''ആത്മാവു്! അതെന്തൊരു മാവാണു ഷീലേ! ആത്മാവും മണ്ണാങ്കട്ടയുമൊന്നുമില്ലെന്നു ഡാവ്വിൻ പണ്ടേയ്ക്കു പണ്ടേ തെളിയിച്ചുകഴിഞ്ഞു. ഷീല വായിച്ചിട്ടില്ലേ, ഡാവ്വിന്റെ ''തിയറി ഓഫ് എവലൂഷൻസും'' ''ഒറിജിൽ ഓഫ് ദി സ്പീഷീസും''

''എനിക്കൊരു തിയറിയും വായിക്കേണ്ട. കണ്ട കാളനും കുള്ളനുമൊക്കെ എഴുതിവിടുന്ന വിടുവിഡ്ഢിത്തങ്ങളൊക്കെ വായിച്ചുകൂട്ടുകയാണീ ഷിബുവിന്റെ ജോലി...''

''ചാറൽസ് ഡാവ്വിനെപ്പറ്റിയാണോ ഇങ്ങനെയൊക്കെ പറയുന്നതു്? കൊള്ളാം, ലോകപ്രസിദ്ധനായ ഒരു ശാസ്ത്രജ്ഞനെ ഷീല മനഃപൂർവ്വം അധിക്ഷേപിക്കുകയാണു്. വെറുതെയല്ല ഞാൻ ചിലപ്പോഴും പറയുന്നതു് ഈ ഷീലയ്ക്കൊരു ചുക്കും അറിഞ്ഞുകൂടെന്നു്...!''

''എനിക്കീ പ്രസംഗമൊന്നും ഇപ്പോഴും കേൾക്കേണ്ട. ഷിബു പള്ളിയിൽ പോരുന്നോ?''

''സിനിമയ്ക്കു ടിക്കറ്റു നേരത്തെ റിസേർവ്വ് ചെയ്തുപോയല്ലോ ഷീലേ, പോയില്ലെങ്കിൽ ആ പണം വെള്ളത്തിലാവുകയില്ലേ?''

''അതിനേക്കാളെത്രയോ വിലയുള്ളതാണു് നമ്മുടെ ആത്മാവു്. ഒരു മാരകപാപത്താൽ ആത്മാവിനെ മുറിപ്പെടുത്തുക എത്ര ഭയങ്കരമാണു്! ലോകം മുഴവൻ നേടിയാലും നിന്റെ ആത്മാവു നശിച്ചാൽ ഫലമെന്തു്?,,

''ഈ ഷീലക്കൊന്നു നിത്തിക്കളടെയീ പള്ളിപ്പടാർത്ത! ആത്മാവും ശരീരവും!'' എനിക്കസാമാന്യമായ ദേഷ്യം വന്നു.

''അപ്പോൾ ഷിബു പള്ളിയിൽ പോരുന്നില്ലേ?'' ആ വാക്കുകളിൽ ശോകസ്ഫുരണമുണ്ടായിരുന്നു. അവളുടെ വദനകുസുമം വാടുന്നതുപോലെ തോന്നി.

''ഒരു പള്ളിയും പട്ടക്കാരനും ഏതായാലും സെക്കൻറ്ഷോയല്ലേ (രണ്ടാമത്തെ കുർബാന) ഞാനല്പം കഴിഞ്ഞിട്ടു വന്നേക്കാം ഷീല പൊയ്ക്കോ...'' ഞാൻ പിറുപിറുത്തു.

''ആ പ്ലാനൊക്കെ മനസ്സിലിരിക്കട്ടെ. ഷിബുവിനേയും കൊണ്ടേ ഞാനിന്നുപള്ളിയിലേയ്ക്കുള്ളൂ''

''എങ്കിൽ അതുതന്നെ നമുക്കൊന്നു കാണണം'' എനിക്കുമല്പമൊരു വാശി തോന്നി.

''പ്രിയപ്പെട്ട ഷിബൂ! ഇതെന്റെ അപേക്ഷയാണു്. ഇത്രയും നാളും പഴക്കമുള്ള, നിർമ്മലമായ നമ്മുടെ സ്നേഹബന്ധത്തെപ്രതി, എന്റെ ഈ അപേക്ഷ സ്വീകരിക്കുകയില്ലേ?'' അവളുടെ മുഖകമലം യാചനാഭാവം പൂണ്ടു. കവിത വിരിയുന്ന ആ കടക്കണ്ണുകളും ജലാവിലങ്ങളായി.

ശല്യംതീർക്കാൻ ഞാനും അവളോടൊന്നിച്ചു പള്ളിയിൽ പോകേണ്ടതായിതന്നെ വന്നു.

പള്ളി പിരിഞ്ഞപ്പോഴും ഏകദേശം മണി പതിനൊന്നോളമായിരുന്നു. ഞാൻ പള്ളിയിൽനിന്നു വെളിയിലേക്കിറങ്ങി സാവധാനം നടക്കുകയാണു്. അതാ പൊട്ടിവിടർന്ന ഒരു മലർക്കുല പോലെ ആ ഇളംവെയിലത്തു നില്ക്കുന്ന ഷീല....വെള്ള ബ്ളൗസും നീലസാരിയുമണിഞ്ഞു്, കവരം പിരിച്ചു, കറുത്തിരുണ്ട കമനീയമായ ആ കബരീഭാരം തോൾത്തലപ്പുകളിലൂടെ താഴോട്ടൊഴുകിവീഴുകയാണു്..... തനിത്തങ്കവർണ്ണമാന്ന ലലാടഫലകത്തിൽ സ്വേദബിന്ദുക്കൾ മണിമുത്തുകൾപോലെ അണിനിരന്നിരിക്കുന്നു. അരുണാഭമായ ആ പൂങ്കവിളുകളിൽ പനിനീർക്കുസുമങ്ങൾ വിരിഞ്ഞുനിൽപ്പുണ്ടോ? ചുരുണ്ടിരുണ്ട ആ നീലലോലാളകങ്ങളെ പരിചുംബനം ചെയ്യുന്ന മന്ദാനിലൻ എത്രയോ ഭാഗ്യവാനാണു്?

ഞാനടുത്തെത്തിയപ്പോഴേയ്ക്കും ഷീല എന്റെകൂടെ നടന്നുതുടങ്ങി ഞങ്ങളൊരുമിച്ചു മുന്നോട്ടുനീങ്ങി..

(തുടരും)


**Advertisement Tariff**

Cover Full Page— Rs. 100

Inside— ,, 60

,, ½ Page— ,, 30

,, ¼ ,, ,, 15

,, ⅛ ,, ,, 8

എ. കെ. സി. സി. ബുള്ളറ്റിൻ

# ഒരു നവയുഗത്തിന്റെ ഉദയം

— ഫാ. കമിൽ സി.എം.ഐ. —

പ്രതീക്ഷാപൂർണ്ണമായ രണ്ടാംവത്തിക്കാൻ സൂനഹദോസിന്റെ തൃതീയ സമ്മേളനം ഈ മാസത്തിൽ സമാരംഭിച്ചുകഴിഞ്ഞു. അമർത്യസ്മരണാർഹനായ യോഹന്നാൻ മാപ്പ്വാപ്പാ തിരുമനസ്സിലെ വ്യക്തിപ്രഭാവവും ദീർഘവീക്ഷണപാടവവും വ്യക്തമാക്കിയ ഒന്നത്രെ സൂനഹദോസ്. അതിലുമുപരിയായി കത്തോലിക്കാതിരുസ്സ്ഭ സ്വചലനാത്മകതയാൽ(Self dynamison)നവീകരിക്കുന്നതിനുള്ള കഴിവുണ്ട് എന്നതും അതു വ്യക്തമാക്കി. ആശ്വാസപ്രദായകനായ പരിശുദ്ധാത്മാവുതന്നെയാണ് സഭയെ എക്കാലത്തുംനയിച്ചുകൊണ്ടിരിക്കുന്നതു് എന്ന സത്യം പ്രസ്പഷ്ടമാക്കുന്നതിനും അതുപകരിച്ചു.

ഈ നൂറ്റാണ്ടിലെ ഏറ്റവും സുപ്രധാനസംഭവമാണ് രണ്ടാംവത്തിക്കാൻസൂനഹദോസ് എന്ന് ന്യൂയോർക്ക് ടൈംസ് മുതലായ വിശ്വവിശ്രുതപത്രങ്ങൾതന്നെ അതിനെ വിശേഷിപ്പിക്കുകയുണ്ടായി. രണ്ടാംവത്തിക്കാൻസൂനഹദോസിന്റെ പ്രഥമസമ്മേളനത്തിനു പരേതനായ പ്രസിഡണ്ട് കെന്നഡി അയച്ചുകൊടുത്ത സന്ദേശത്തിൽ ഇപ്രകാരമാശംസിച്ചു. 'അമേരിക്കയിലെ കത്തോലിക്കരും അനേകം അകത്തോലിക്കരും കൗൺസിലിനു് സകല വിജയങ്ങളുമാശംസിക്കുന്നു. ലോകം ഇന്നഭിമുഖീകരിക്കുന്ന എല്ലാ മൗലികപ്രശ്നങ്ങൾക്കും വത്തിക്കാൻ സൂനഹദോസു് യുക്തമായ ഉപശാന്തി, ഉദ്ദേശിക്കുമെന്നും പ്രത്യാശിക്കുന്നു, വിശിഷ്യാ അവികസിതരാജ്യങ്ങളുടെ തീവ്രപ്രശ്നങ്ങൾക്കു്'

സൂനഹദോസിന്റെ ലക്ഷ്യമെന്താണ് എന്നു പാവന സ്മരണാർഹനായ ഇരുപത്തിമൂന്നാം യോഹന്നാൻ മാപ്പ്വാപ്പാ ലോകത്തോടു് പ്രഖ്യാപിച്ചിട്ടുണ്ട്. ''(Aggiornamento Ecelesia''. സഭയെ സമലങ്കരിക്കുക അഥവാ നവീകരിക്കുക. അപ്രകാരം സഭാസ്ഥാപകനായ മിശിഹാനാഥൻ ഗിരിപ്രഭാഷണത്തിലരുളിച്ചെയ്തതുപോലെ കത്തോലിക്കാസഭയെ ഒരു 'ഗിരിദീപ'മായി ആധുനികലോകത്തിന്റെ മുമ്പിൽ അവതരിപ്പിക്കുക. അതിന്റെ പ്രകാശദീപ്തിയിൽ സമാകൃഷ്ടമായി മാനവരാശി ക്രിസ്തുവിൽ ഐക്യം പ്രാപിക്കുമെന്നു് പ. പിതാവു് പ്രത്യാശിച്ചു, ലൗകായതികതയിലേയ്ക്കു് തരിതഗമനംചെയ്യുന്ന ലോകത്തെ ക്രിസ്തുവിന്റെ അമോഘവും അനവദ്യസുന്ദരവുമായ പ്രബോധനങ്ങളാൽ ആദ്ധ്യാത്മികപ്രബുദ്ധമാക്കി ഒരുനവ്യലോകം പടുത്തുകയർത്തുക.

ആധുനിക ലോകത്തിന്റെ നിരങ്കുശമായ സ്വാതന്ത്ര്യാഭിലാഷവും സുഖഭോഗാസക്തിയും ദൈവത്തെയും ധാർമ്മികമൂല്യങ്ങളെയും തൃണവൽഗണിച്ചുകൊണ്ടു് വെറും ഭൗതികമാത്രമായ ഉന്നമനത്തിനുവേണ്ടിയുള്ളപരക്കംപാച്ചിലും മാനവസംസ്ക്കാരത്തിന്റെ അടിസ്ഥാനശിലയെതന്നെ തകർക്കുന്നതാണെന്നു് സഭ ഗ്രഹിച്ചു. ക്രിസ്തുവിന്റെ ദിവ്യപ്രബോധനങ്ങളുടെ സംരക്ഷകയും പ്രേഷിതയുമായസഭ,ചരിത്രത്തിനു് രൂപംനൽകുന്ന ലോകൈക ധാർമ്മികശക്തിയാണു്. സനാതനമൂല്യങ്ങളിൽ അധിഷ്ഠിതമായമാനുഷിക മൂല്യങ്ങളുടെ ശാശ്വതമായ ഫലം പ്രദാനം ചെയ്യുകയുള്ള എന്നവയ്ക്കറിയാം. അതാണ് സഭ ലോകത്തോടു് പ്രഖ്യാപിക്കുന്നതു്.

സഭയെ സമലങ്കരിക്കുന്നതിൽ മൗതികശരീരത്തിലെ അംഗങ്ങളായ നാമോരോരുത്തർക്കും സുപ്രധാനമായ ഒരു പങ്കു വഹിക്കുണ്ടു് എന്ന കാര്യം വിസ്മരിക്കരുതു്. പാശ്ചാത്യരാജ്യങ്ങളിൽ അപ്രകാരമുള്ള ഒരു പ്രോദനം വിശ്വാസികൾക്കുണ്ടായിട്ടുണ്ട് എന്ന വസ്തുത ഇതിനകം പ്രകടമായിക്കഴിഞ്ഞു. പൗരസ്ത്യരായ നമുക്കും ഏതാദൃശ്യമായ ഒരു നവോത്ഥാനമുണ്ടാകണം. അതു് എപ്രകാരമാണു്. കേവലം ദേവാലയത്തിലെ മതപരമായ കർമ്മങ്ങളിലുള്ള ഭാഗഭാഗിത്വംകൊണ്ടു മാത്രം നമ്മുടെ ക്രിസ്തീയജീവിതം പരിപൂർണ്ണമായി എന്നുള്ള ധാരണ കൈവെടിഞ്ഞു് അനുദിനജീവിതത്തിലെ എല്ലാ രംഗങ്ങളിലും ക്രിസ്തീയമായ ആദർശങ്ങളാൽ നാം ഉത്തേജിതരാകണം. രാഷ്ട്രീയ സാമ്പത്തികസാമൂഹ്യ വിദ്യാഭ്യാസ കലാപരമായ എല്ലാ സാംസ്ക്കാരികമണ്ഡലങ്ങളിലും നാം യഥാർത്ഥ ക്രൈസ്തവരാണെന്നു് നമ്മുടെ ജീവിതംവഴി നാം പ്രഖ്യാപിക്കേണ്ടതു് അത്യന്താപേക്ഷിതമത്രെ.

പാവനചരിതനായ കർദ്ദിനാൾസുഹാർഡ് അദ്ദേഹത്തിന്റെ Grontu or Decline എന്ന ഇടയലേഖനത്തിൽ പ്രസ്താവിച്ചിട്ടുള്ളതു് ശ്രദ്ധേയമാണു്. ''When religious vitality is on the wane religious life Confines itself to acts of wordship conversily when it is mounting it spreads from act of worship into all activities of Christians, even those wnich seem to be the most profane'' മതത്തിന്റെ ചൈതന്യം നാശോന്മുഖമാകുമ്പോഴാം മതപരമായ ജീവിതം വെറും ആരാധനാപരമായ കർമ്മങ്ങളിൽ ഒതുങ്ങിനില്ക്കുന്നു. എന്നാൽ മറിച്ചു് ചൈതന്യം ശക്തിപ്രാപിക്കുമ്പോഴാം ഒരു ക്രിസ്ത്യാനിയുടെ എല്ലാ പ്രവർത്തനങ്ങളിലും ഏറ്റവും മതേതരമായ ധർമ്മങ്ങളിൽപോലും അതിന്റെ സ്വാധീനം വ്യാപിക്കുന്നു.

തിരുസഭ ലോകചരിത്രത്തിലെ ഏറ്റവും വലിയ ഒരു പ്രതിസന്ധിഘട്ടത്തെ തരണംചെയ്തുകൊണ്ടിരിക്കുകയാണു്. ബ്ളയിസ് പാസ്ക്കൽ എന്ന പണ്ഡിതൻ പറഞ്ഞതുപോലെ ''The chu-

rch is born in agony and it will continue in that agony till the end of the world''.സഭ മരണവ്യഥയിലാണ ജനിച്ചതു് അതു ആ മരണവ്യഥയിൽതന്നെ മുമ്പോട്ടപോകും ലോകാവസാനം വരെ.'' പക്ഷേ ഓരോ വിപൽസന്ധിയേയും തരണംചെയ്തുകൊണ്ടു് പൂവ്വവൽ മഹത്വപൂരിതയായി അവം പ്രത്യക്ഷപ്പെട്ടം. ആർനോൾഡ് റോയിംബി പറയുന്നതുപോലെ സഭയുടെപ്രയാണം Tour de force. ശക്തിയിൽ ക്രിയാണു്.

ലൗകായതികമായ ആധുനികലോകത്തിനു് സഭയുടെ പ്രകൃത്യതീതവും ദൈവികവുമായ സ്വഭാവവും സ്ഥാപനവും അജ്ഞാതമായിരിക്കുന്നതു് എന്തുകൊണ്ടാണു്. അവരുടെ അന്തർമസന്താനങ്ങളും തങ്ങളുടെ പ്രായോഗികജീവിതത്തിൽ മറ്റു മതസ്ഥരിൽനിന്നും വിഭിന്നമായ ജീവിത വിശുദ്ധികൊണ്ടു് ആ സത്യം അസന്നിഗ്ദ്ധമായി പ്രഖ്യാപിക്കുന്നില്ല. അതു് എല്ലായിടത്തും പ്രഖ്യാപിക്കുന്നതിനുള്ള ഒരു സുവർണ്ണാവസരമാണു് ഈ രണ്ടാംവത്തിക്കാൻ സൂനഹദോസു് നമുക്കു നൽകുന്ന ദൗത്യം. ഇന്നു് അനേകം കത്തോലിക്കർക്കു് സഭാമാതാവിനോടുള്ള ഏകീഭാവം വെറും നാമമാത്രമാണെന്നാണു്. ഫാദർ ബർദാർഡ് എഫ്മെയർ പ്രസ്താവിച്ചിട്ടുള്ളതു്. ആ ദുസ്ഥിതി പരിഹരിക്കപ്പെടണം് ഇന്നത്തെ പ്രക്ഷുബ്ധമായ അന്തരീക്ഷത്തെ അതിജീവിക്കുന്ന സഭ നവോത്ഥാനംപ്രാപിച്ചു്. വിജയശ്രീലാളിതയായി അക്ഷയഭാസ്സോടെ പരിതപ്തമായ ആധുനിക ലോകത്തിനുമുമ്പിൽപ്രത്യാശാകിരണങ്ങം പ്രസരിപ്പിച്ചുകൊണ്ടു് പ്രത്യക്ഷയാകും. അതു് ഒരു നവ്യ മാനവകുലത്തിന്റെ മുന്നോടിയായിരിക്കുന്നതാണു്. വർണ്ണവർഗ്ഗസംസ്കാരാദിയായ എല്ലാ സങ്കുചിതചിന്തകൾക്കും അതീതമായി മാനവരാശി മുഴവൻ ക്രിസ്തുവിൽസംയോജിക്കുന്ന ഒരു നവ്യയുഗത്തിന്റെ പൊൻപുലരി നമുക്കു വിഭാവനം ചെയ്യുകയും അതിന്റെ ഉദയത്തിനായി പ്രാർത്ഥിക്കുകയുംചെയ്യാം.

# നായകൽബോധനം

**(വിദ്വാൻ ജോസഫ് മുകളയിൽ)**

'നിനിവ' സൈന്യാധിപനായ 'ഹോളോ ഫർണാസ്' തന്റെ 'പടയോട്ടത്തിനിടയ്ക്ക്' 'യൂദ'യിലേയ്ക്ക് ഉടൻ കടക്കുമെന്നു് ബോദ്ധ്യമായപ്പോഴം, ഇസ്രായേൽക്കാരുടെ നായകനും, പരമഭക്തനുമായ 'ഏലിയാക്കിം' പ്രാർത്ഥനയ്ക്കും, തപസ്സിനുമായി സ്വജനങ്ങളെ ഉൽബോധിപ്പിക്കുന്നു. പ്രസിദ്ധീകരിപ്പാനിരിക്കുന്ന 'യൂദിത്തു്'' എന്ന കാവ്യത്തിൽ നിന്നും.)

1. 'വരിശുദ്ധമനസ്സ്കം നേലിയാക്കിം'
തവരിതം ചുറ്റിനടന്ന നാട്ടതോറും;
വിരവിൽ ജനമാചരിച്ചിടേണ്ടം—
വിധമേവം വിവരിച്ചു ചൊല്ലി പിന്നെ;
2. മമസോദരരേ! ജഗൽപിതാവിൻ—
വിമലംപാദയുഗം ഭജിച്ചുകൊംവിൻ—
അമരാത്തരിപുക്ക,ളപ്പദത്തിൻ—
ഹതിയേൽക്കെപ്പെതിയും; ശവങ്ങളാകും!
3. പലതുണ്ട നമുക്ക കുറ്റമെന്നാൽ—
മലപോൽ വൻദയപൂണ്ട ലോകനാഥൻ,
അല,മായവ സവ്വും ക്ഷമിക്കും
നലമോടേവരുമൊത്ത,പേക്ഷ ചെയ്താൽ.
4. തുടരെഭജനം, വ്രതങ്ങം തൊട്ട—
ള്ളിടിയാതുള്ളതപഃക്രിയാവിധത്താൽ,
ഉടനേ ഫലമുത്ഭവിക്ക;മീശൻ
വടിവിൽപ്പോററിടു;മില്ലസംശയംമേ.
5. കരശക്തി നരക്ക സാരമില്ലി—
ദ്ധരയിൽ; ദൈവസഹായമാണ കാര്യം;
'പര'നൊന്ന കനിഞ്ഞുനോക്കുമെങ്കിൽ
'പര'രെല്ലാം 'പൊടിഭസ്മ'മക്ഷണം താൻ!
6. 'അമലക്കി'നെ 'മോശ' വാളുകൊണ്ടോ,
സമരം ചെയ്തു ജയിച്ചു മുന്ന?മോർപ്പിൻ;
വിമലാശയ,നായവൻ തപസ്സും,
സമമറ്റുള്ളോരപേക്ഷയും തുടന്നാൻ!
7. അതിശക്തി, മഹൽപ്രഭാവ,മെന്ന—
ല്ല,തിരില്ലാത്ത ചമൂഗണം, രഥങ്ങം,
ദൃതിയാന്നൊരു ഖംഗ, മെന്നിതെല്ലാം
ചതിയേറ്റ'ന്നമലക്കി'യന്നിരുന്നു!
8. എതിരാളി വഹിച്ചു, മാനസത്തിൽ—
പ്പതിവായ്പ്പൊങ്ങിടുമാത്മശക്തി മാത്രം;
പതിരാ'യതു'കൊണ്ട വെട്ടിയപ്പോഴം,
കതിർപോൽ തിങ്ങിയിരുന്ന ശത്രുശക്തി!
9. എരിവോട ഭജിക്ക; ശത്രുസൈന്യം
പൊരിയും, തീയിലടിഞ്ഞ പാറ്റപോൽ താൻ!
അരി,യെത്ര ചൊടിക്കിലെന്തു? ദേവ—
ന്നരിവാളുണ്ട'കടാക്ഷ'മെന്ന പേരിൽ!
10. ഇതുപോൽ പലതും, പ്രസംഗമാകം—
പുതുതേൻ മാരിവഴിക്ക, വൈദികാഗ്ര്യൻ,
മതിയിൽ സ്ഫുടമേററി വിട്ടു; ലോകം—
കുതികൊണ്ടാർ 'പരമേശനേ'പ്പിടിപ്പാൻ!!

# ഒടിട്ട വീട്

— ജോസഫ് മറ്റം —

## അദ്ധ്യായം 2

പ്പമേന രാവിലെ എഴനേറ്റു. ഈ റാനിച്ചേട്ടൻ എഴനേറ്റപ്പൊഴേക്കും അവം പഴേങ്കഞ്ഞികുടിച്ച് മുടിചീകിപ്പിന്നി. ഉടത്തൊങ്ങിക്കഴിഞ്ഞിരുന്നു.

വരവുസാധനങ്ങംകൊണ്ട കൃത്രിമമായി മോടിപിടിപ്പിക്കേണ്ട ഒരാവശ്യവുമില്ല പ്പമേനാസ്സ്. അവം സുന്ദരിയല്ല. ഉള്ള സൗന്ദര്യത്തിൽ ഒട്ടും മായം ചേത്തിട്ടമില്ല.

ഈറാനിച്ചേട്ടനും തയ്യാറായി.

പുറത്തേക്കിറങ്ങിയപ്പോം മറിയാമ്മ പറഞ്ഞു: ''എടീ മാർസ്ലീഹാമുത്തപ്പന്റെ വെളക്കിൽ എണ്ണയൊഴിച്ചേക്കാവെന്നോമറോ ഒരു നേർച്ച നേന്നോണ്ട പോ. ഒരു നല്ല കാര്യത്തിനിറങ്ങുകല്ലേ!''

''അതേടീ ജോലികിട്ടിയാ ദരിശനപ്പെരുന്നാള കഴിച്ചേക്കാവെന്നാട്ടെ.'' ഈറാനിച്ചേട്ടൻ അവരെ കളിയാക്കി.

''ചെല്ല്, ദൈവദോഷോം പറഞ്ഞോണ്ട്''

വലിയ ഉൽക്കണ്ഠയാണ പ്പമേനാസ്സ്. എന്താകം ഈ ഇൻർവ്യൂവിന്റെ ഫലം?. ഇതും കിട്ടന്നില്ലെങ്കിൽ തന്റെ ഗതിയെന്ത്?. എത്ര നാം ഇങ്ങനെ നിൽക്കും?. നിന്നുനിന്ന്, മുത്തു നരച്ച്, മുക്കിൽ പ്പല്ലുവന്ന്——

തന്റെ ഭാവി ഈ യാത്രയുടെ വിജയത്തെ ആശ്രയിച്ച നിൽക്കുന്നതായി അവം്കുതോന്നി.

തണത്ത കാറുവന്ന് അവളുടെ നനഞ്ഞ കൺപീലികളെയും, ഒതുക്കമില്ലാത്ത മുടിയിഴകളെയും തലോടിക്കടന്നുപോയി.

ഓ! എന്തൊരു കാറാണ്! കാറു വണ്ടിക്കുള്ളിലേസ്സ് ചുളുചുളെന്നാണ ഊതിക്കയറുന്നത്.വണ്ടിയേക്കാം വേഗതയിൽ ഓടുകയായിരുന്ന അവളുടെ ചിന്തകം.

ഉച്ചയോടുകൂടി അവർ സ്ഥലത്തെത്തി. വികാരിയച്ചൻ പള്ളിമേടയിലുണ്ട്. അദ്ദേഹം ഉണ്ണുകയാണ്.

മുറിവാതിൽക്കൽ അവർ കാത്തു നിന്നു. അരമണിക്കുറിനുള്ളിൽ അദ്ദേഹം വന്നു.

''ഇതൊരു ലീവുവേക്കൻസിയാണ്. ഇവിടെത്തന്നെ അപേക്ഷകരു ധാരാളവും.'' വിവരം ചോദിച്ചറിഞ്ഞശേഷം ആമുഖമായി അദ്ദേഹം പറഞ്ഞു.

അതുകേട്ടപ്പോഴേസ്സും പ്പമേനായുടെ മനസ്സിടിഞ്ഞുപോയി. ''മഠംകാരുടെ എടപാടാണ് എനിക്കിതിലൊന്നും ചെയ്യാൻ മേലാ. കന്യാസ്ത്രീകളുടെ കാര്യമല്ലേ?. അവരു പറേന്നതു് ഞാൻ നടത്തിക്കൊടുക്കുന്നു എന്നുമാത്രം. ഏതായാലും നിങ്ങള ചെന്ന് മദറിനെക്കുടെ ഒന്നു കണ്ടേരു്. കൊച്ചിന്റെ പേരെന്താ?

''ഫിലോമിനാ!''

''കേട്ടോ ഫിലോമിനാ, മദറിനെ ചെന്നുകണ്ട വിവരംപറ. എന്നിട്ടിതിലേവാ. അവരെന്തു പറേന്നെന്ന അറീട്ടെ.'' അതാ അപ്പുറത്താക്കാണുന്നതാമഠം.''

''അച്ചൻ ഞങ്ങളെ സഹായിച്ചില്ലെങ്കി ഞങ്ങള ചുററിപ്പോകും. ഞങ്ങള വെല്യ പ്രതീക്ഷയോടെയാണ് ഇത്തറം വന്നതു''

''ആട്ടെചേട്ടൻ ചെല്ല്. എനിക്കൊരു വിരോധോമില്ല.''

മഠത്തിന്റെ പാർലറിൽ ഒരു വണ്ടിചക്രംവഴി പുറത്തേക്കു തുങ്ങിക്കിടന്ന മുഷിഞ്ഞ കയറിന്റെ അററത്തുപിടിച്ച് പ്പമേനാ പയ്യെ ഒന്നു വലിച്ചു. ആവുതിക്കുള്ളിലെ പരമമായ നിശ്ശബ്ദതയിൽ ഒരു കൊച്ച മണിനാദം മുഴങ്ങി.

അല്പം കഴിഞ്ഞപ്പോം വാതിൽപ്പാളി പകുതി തുറന്ന് ഒരു ചട്ടകാലിപ്പെണ്ണ് പുറത്തേക്കു തലയിട്ട ചോദിച്ചു:

''ആരേക്കാണാനാ?''

''മദറിനെ.''

''എവിടുന്നാ വരുന്നെ?''

പ്പമേന സ്ഥലപ്പേരുപറഞ്ഞു.

''എന്തിനാ?''

''നീയാണോടീ ഇവിടത്തെ മദറ്? അവളുടെ ചോദ്യം കേട്ടപ്പോം ഈറാനിച്ചേട്ടന് അരിശം വന്നു.

''മദറു ഒറങ്ങുകാ''

''ഈ ഉച്ചസ്സാരാടീ ഒറങ്ങുന്നെ? നീ ചെന്നു നോക്ക്.''

''സീയസ്സാ ആരിക്കും'' മഠത്തിലെ പരിപാടികം ഏറെക്കുറെ നിശ്ചയമുള്ള പ്പമേനാ പറഞ്ഞു; അതിന്റെ അത്ഥമെന്താണെന്ന് അയാംക്കു മനസ്സിലായില്ല. ആ പെൺകുട്ടി ചട്ടിച്ചട്ടി ഉള്ളിലേക്കുപോയി.

പുറത്തുമുററത്ത് പൂ വിട്ട നിൽക്കുന്ന സൂര്യകാന്തിയിലേക്കും, ബൊഗയിൻവില്ലയിലേസ്സും ദൃഷ്ടികളന്നി പ്പമേനാ നിന്നു. എത്രരസമാണ്. വെള്ളയും ചൊമലയും പൂക്കളുള്ള ബൊഗയിൻ വില്ല കാണാൻ? അതിന്റെ ഒരു കമ്പു കിട്ടിയിരുന്നെങ്കിൽ എന്ന് അവം അപ്പോം ആശിച്ചുപോയി. അവിടെ നിന്നിട്ടുപോലും ആ ആശയടക്കാൻ അവംക്കു കഴിഞ്ഞില്ല. അവം ആരും കാണാതെ ഒരു കമ്പൊടിച്ചു കടസ്സുള്ളിലിട്ട. ആ മുഷിഞ്ഞ കയറ് കാററിൽ അങ്ങോട്ടമിങ്ങോട്ടം കിടന്നാടുന്നു. മഠത്തെ ബാഹ്യലോകവുമായി ബന്ധിക്കുന്ന ആ കയറിന്റെ അറം തന്റെ അനിശ്ചിതമായ ഭാവിപോലെ.

ചെരിപ്പടികളുടെ ശബ്ദം. കൊന്തമണികം കിലുങ്ങുന്നശബ്ദം——

മദർ പാർലറിലേക്കു വന്നു. സർട്ടിഫിക്കറ്റുകം വാങ്ങി മറിച്ചുനോക്കിക്കൊണ്ട് അവർ പറഞ്ഞു. ''ഇതൊരു ലീവുവേക്കൻസിയാ. ഇവിടെത്തന്നെ അപേക്ഷകരുമുണ്ട്.''

അച്ചൻ പറഞ്ഞതുതന്നെ അമ്മയും പറയുന്നല്ലൊ എന്നു പ്പമേനാസ്സു തോന്നി.

''മഠത്തിച്ചേരാമെന്നു പറഞ്ഞുപോലും കുട്ടികം വരുന്നുണ്ട്.''

''എന്റെറമ്മേ ഇവക്കു റെയിനീങ്ങിനു ഒരു സൗകര്യം കിട്ടുമല്ലോന്നു വിചാരിച്ചാ. നാലോ അഞ്ചോ മാസത്തെ എടപാടല്ലേഉള്ളൂ. അമ്മനിരുവിച്ചാൽ..''

''ടി. ടി. സി.ക്കു കിട്ടാനും വെല്യപാടാ. ഇവിടെ അഞ്ചാറു മാസം സർവ്വീസൊള്ള രണ്ടു സിസ്റ്റേഴ്സുണ്ടായിരുന്നു. അവക്കുപോലും കിട്ടിയില്ല. ഞങ്ങം അവരെ ഇക്കൊല്ലം ബാങ്കുളൊരു ടെയിനിംഗ് സ്കൂളിലാക്കിയിരിക്കുകാ.''

ഒടുവിൽ പ്പമേനായെ മദർ ഉള്ളിലേക്കു വിളിച്ചുകൊണ്ടുപോയി. ഹെഡ് മിസ്ട്രസമ്മയും മറെറാരമ്മയുമുണ്ടായിരുന്നു അവിടെ. ''ഞങ്ങള കൊച്ചിനെ നി

യമിക്കാം. പക്ഷേ വരുന്നകൊല്ലം തല മുണ്ടിടാമോ?'' പ്രേമേനായോട് മദർ ചോദിച്ചു.

ഒരു നിമിഷം പ്രേമേനാ നടുങ്ങിപ്പോയി. ചേച്ചി മാത്തിൽപ്പോയ സാഹചര്യമാണവളുടെ ഓർമ്മയിൽ ഓടിയെത്തിയതു്.

അന്നൊരു ദിവസം: ഇച്ചാച്ചൻ ഒരു ട്രങ്കുപെട്ടിയും വാങ്ങിക്കൊണ്ടുവന്നു. വന്ന പാടേ ചേച്ചിയെ വിളിച്ചു: ''എടീ ഈത്താ നിനക്കു മിഷിയനു പോണുപ്പൊക്കോ. നിന്നെക്കൂടെ വിടാമെന്നു് ആളെട്ടക്കാൻ വന്ന അമ്മയോടു ഞാൻ പറഞ്ഞിട്ടുണ്ടു്.''

ഈത്തമ്മ എന്തു പറയാനാണു്! മനസിൽപ്പോലും വിചാരിക്കാത്ത കാര്യം. എതിരുപറയുന്നതു നാണക്കേടാകുകയും ചെയ്യും.

''നിനക്കാ ഈ പെട്ടീം മേടിച്ചോണ്ടുവന്നിരിക്കെ. പോകാനൊരുങ്ങിക്കൊ.

എത്ര എളുപ്പം ഒരു പെണ്ണിനെ പറഞ്ഞയച്ചുകഴിഞ്ഞു! അവളുടെ സമ്മതം വേണ്ട; ആഗ്രഹം എന്തെന്നു് അറിയുകപോലുംവേണ്ട. ദൈവവിളി ഇടിവാംപോലെയാണവളുടെ മേൽപ്പതിഞ്ഞതു്.

പക്ഷേ, ആറുമാസം കഴിയുന്നതിനുമുമ്പേ ഈത്താമ്മ പനിപിടിച്ചു് ആ സാമിൽ നിന്നു മടങ്ങിയെത്തി. ''ആ സാം വരെപ്പോയിട്ടും ദൈവം നിന്നെ വിളിച്ചില്ലേടീ'' അന്നു് ഇച്ചാച്ചൻ കളിയാക്കിയതു് പ്രേമേനാ ഓർത്തു. എങ്കിലും താമസിയാതെ ഈത്താമ്മയ്ക്കു നാട്ടിലൊരു മഠത്തിൽ പ്രവേശനം കിട്ടി...

കൊച്ചെന്താ ഇത്ര വിചാരിക്കുന്നെ? മനസ്സിലില്ലെങ്കിൽ വേണ്ട'' മദറിന്റെ സ്വരം അവളെ ചിന്തകളിൽ നിന്നുണർത്തി.

''എനിക്കു മനസ്സാ. പക്ഷേ എല്ലാരോടും ആലോചിച്ചിട്ടു്—

''മതി.—മതി. മകളേ ദൈവവിളിയുടെ ചില സൂചനകളേ നമുക്കു കിട്ടൂ. നാമതിൽ സംശയിക്കാനും മറ്റും പോകരുതു്. കർത്താവിന്റെ ക്ഷണം സ്വീകരിക്കുന്നതിൽക്കവിഞ്ഞു ഒരു പെൺകുട്ടിക്കു എന്തു ഭാഗ്യമാണുള്ളതു്

പ്രേമേന പിന്തിരിഞ്ഞപ്പോഴും ആത്മഗതമെന്നോണം മദർഉറക്കെപ്പറഞ്ഞു. നോക്കേ സിസ്റ്റർ, അതിന്റെ കഴുത്തിലൊന്നുമില്ല പൊന്നിലുംപൊടിയിലും മോഹമില്ലാത്ത പെണ്ണു്. കൊച്ചു ത്രേസ്യായും അൽഫോൻസായും ചെറുപ്പത്തിൽ ഇങ്ങനെയായിരുന്നു''

അവർ പ്രേമേനായെ വിളിച്ചു ഇത്രയുംകൂടെ പറഞ്ഞു. ''മകളെ ഏതായാലും മാതാവിനോടു മുട്ടിപ്പായി പ്രാത്ഥിക്കു. ഞാൻ കഴിവതു ചെയ്യാം. ''പിന്നെ, കർത്താവിന്റെ ഇഷ്ടം എന്നാണാൽ അതു നടക്കും.''

അവർ പുറത്തു നിൽക്കുന്ന ഈറാനിച്ചേട്ടനോടു പറഞ്ഞു. മാനേജരച്ചനെ ഒന്നുടെ കണ്ടേച്ചു പൊയ്ക്കോ. ഞങ്ങക്കെതിരില്ല''

മാനേജരച്ചൻ ഒരു വലിയ ചുരുട്ടും വലിച്ചുകൊണ്ടു് ചാരുകസേരയിൽ കിടപ്പുണ്ടായിരുന്നു. ചെന്നപാടേ, ഈറാനിച്ചേട്ടൻ പറഞ്ഞു. ''അച്ചൻ സമ്മതിച്ചാൽ നിയമിക്കാമെന്നു മദറു പറഞ്ഞു.

''കേട്ടോചേട്ടാ. ഇതൊരു പുതിയ സ്കൂളാ. അമ്മമാരു പറേന്നതു് അവക്കു പള്ളിക്കൂടം പണിയാൻ കാശില്ലെന്നാണു്. അതുകൊണ്ടു് ഞാൻ ഉള്ളതു തുറന്നു പറയാം. ഒരു മൂവി പണിയാനുള്ള കാശു കൊടുത്താലു്. കാശുകൊടുത്താൽ ജോലിതരാമെന്നു് അല്ലേ?''

''ആ.. അതിനെന്താ?

''നായന്മാരുംചോകോമ്മാരും മറ്റും മേടിക്കുന്നതുപോലെ കൈക്കൂലി കൊടുത്തു— അല്ലേ?''

ആ ചോദ്യത്തിനു അദ്ദേഹം ഒരു മറുപടിയും പറഞ്ഞില്ല.

''അപ്പളു് നമ്മളും അവരും തമ്മിലുള്ള വിത്യാസം എന്നാ അച്ചോ?. ആട്ടെ, എന്നാ വേണന്നാ അച്ചൻ പറേന്നതു്—

''കൂടുതലൊന്നും വേണ്ട. ഒരഞ്ഞൂറു രൂപാ—''

''നാലുമാസത്തെ ജോലിക്കു് അഞ്ഞൂറു രൂപായോ! എന്റെ അച്ചോ കൈക്കൂലി കൊടുത്തിട്ടു് എന്റെ മകക്കു് ജോലിവേണ്ട. എനിക്കതിനു കാശുമില്ലാ വാടീപെണ്ണേ നമുക്കു പോകാം'' ഈറാനിച്ചേട്ടൻ കടയെടുത്തു.

''ചേട്ടൻ ക്ഷോഭിക്കാതെ. അഞ്ഞൂറു രൂപാ തരാമെങ്കിൽ സ്ഥിരമായി നിയമിച്ചേക്കാം. ആക്കൊക്കെ കാശുകൊടുത്താ ഈ സ്കൂളുനടത്തിപ്പിച്ചെന്നറിയാമോ?.

ഇവിടെ ഈ ഒരു ജോലിക്കുവേണ്ടി എത്ര പേരു വരുന്നുണ്ടെന്നു് നിങ്ങക്കാക്കും അറിയത്തില്ല.''

ഞങ്ങളെങ്ങനെഅറിം? തൊകതെകയാഞ്ഞിട്ടു് ഇതുവരെ ലേലം സ്ഥിരപ്പെടുത്തിയില്ലെന്നു മനസ്സിലായി.''

ശമ്പളത്തീന്നു പിടിക്കത്തക്കപോലെ—'' പ്രേമേനാ പറഞ്ഞു.

''അതു പറയുകേലാ. സി. എസ്. അപ്രൂവു ചെയ്വാനും ശമ്പളംകിട്ടാനും വളരെതാമസിക്കും,പിന്നെ ബോർഡിംഗ്ഫീസുടെ കഴിഞ്ഞു് എന്നാ മിച്ചം കിട്ടാനുണ്ടു്?''

ചുരുക്കം, അഞ്ഞൂറു രൂപാ രൊക്കം തന്നാ ജോലീക്കേറിയാലു് മാസംമാസം ബോർഡിംഗ്ഫീസുടെ ഉണ്ടാക്കിത്തരണമെന്നു്. മടത്തിലെ കഞ്ഞീം കപ്പളങ്ങായും കഴിക്കുന്നെന്നുമാകുമല്ലൊരുനല്ല തൊക!''

ഈറാനിച്ചേട്ടന്റെ സംസാരം പ്രേമേനായ്ക്കും പിടിക്കുന്നില്ല. അവരും നിന്നു പുളയുകയാണു്, ഉള്ളകഞ്ഞിയിൽ കൂടുടെ പാറാറാ ചാടിക്കുന്ന ലക്ഷണമാണു് ഇച്ചാച്ചൻ.

''മേടിക്കച്ചോ മേടിക്കു്. പള്ളിക്കൂടവും ആശുപത്രിയും ബിസിനസ്സും മറ്റും നടത്തി നമ്മുടെ സഭ വളരട്ടെ. ഇതാണല്ലൊ റേരും നൊവാരും, ട്രമീല് സമാധാനം എന്നൊക്കെ നിങ്ങളച്ചമ്മാരു പള്ളീൽ വിളിച്ചു പറേന്നതു്. എന്നാൽ ആ പണിക്കു് ഈ ഈറാനിയെ കിട്ടത്തില്ല. വാടീപെണ്ണേ!''

പ്രേമേനായുടെ കണ്ണുകളും നിറഞ്ഞു. ആ നിറഞ്ഞകണ്ണുകളും കൊണ്ടു അവരം അച്ചനെയും ഇച്ചാച്ചനെയും മാറിമാറി നോക്കി. ആ പെൺകുട്ടിയുടെ ഹൃദയവേദന എന്തെന്നു ഗ്രഹിക്കാൻ അവക്കു രണ്ടുപേക്കും കഴിഞ്ഞില്ല.

ചുരുട്ടിന്റെ കറുത്ത ധൂമവലയത്തിലേക്കു നോക്കി അച്ചൻ ചോദിച്ചു. ''ഇയാളെന്നെ പഠിപ്പിക്കുകാണോ?''

''ഞാനച്ചനെ പഠിപ്പിക്കാനൊ! മോശംമോശം! പക്ഷേങ്കി എനിക്കൊരു സംശയം. അച്ചൻ മലയാളം കുറുവാനയാണോ ചെല്ലുന്നതു്?''

''ഉം. എന്താു്''

''കുറുവാനമലയാളത്തിലായതുകൊണ്ടു് അംമേനികുംക്കും ഇപ്പം കാര്യങ്ങം മനസ്സിലാകും. അയൽക്കാരനോടു കൈക്കൂലി മേടിക്കരുതെന്നും അവനോടു് തിന്മ ചെയ്യരുതെന്നും മറ്റും പറേന്നഭാഗം എടുത്തു കളേന്നതാനല്ലതു്!''

അച്ചൻ ചാടി എഴുന്നേറ്റു.

''അച്ചോ ഒരു റാസക്കു മാത്രം അച്ചന്മാരുണ്ടു് എന്റെ ബന്ധത്തിലു്, എന്റെ മകനേം പട്ടത്തിനാ വിടുന്നതു്. പക്ഷേ. അഞ്ചെട്ടു വയറുള്ള ഒരു കുടുംമ്പം കഞ്ഞികുടിച്ചു കഴിയുന്ന കാര്യമാ. കഞ്ഞിപ്പാത്രം വായീന്നു തട്ടിക്കളയുന്നതു മഹാപാപമാ അച്ചോ''

''പാപോം പുണ്യോമൊക്കെ ഞാൻ നിശ്ചയിച്ചോളാം''

''അല്ല, അതു നിച്ചയിക്കാൻ ഞങ്ങക്കാക്കും അവകാശോമില്ലല്ലൊ'' ഈറാനിച്ചേട്ടൻ മകളുടെ കൈയ്യുപിടിച്ചു വലിച്ചുകൊണ്ടു് മുറ്റത്തേക്കിറങ്ങി. ആ പോക്കു് അദ്ദേഹം നിന്നിമേഷം നോക്കിക്കൊണ്ടു നിന്നു.

''ചേട്ടാ ഒരു ഇരുന്നൂററമ്പതു രൂപാ തരാമെങ്കി സംഗതി ഞാൻ ഒപ്പിച്ചു തരാം.'' അയാളെ തടഞ്ഞുനിറുത്തിക്കൊണ്ടു് കപ്യാരും വേലക്കാരനും കൂടെയായ ഒരാം പറഞ്ഞു.

''നീയാരാ?''

''ഞാനിവിടത്തെ കപ്യാരാ. മൂക്കേലരിശക്കാരനാണച്ചൻ. അങ്ങേരു് അങ്ങനെയൊക്കെ പറഞ്ഞെന്നിരിക്കും. ചേട്ടനു്.''

''ഇഫ ച്ചൂലേ!'' ഈറാനിച്ചേട്ടന്റെ ആട്ടു കേട്ടു് അവൻ ഞെട്ടിപ്പോയി. ''നീ പോയി ധൂമക്കുറ്റി ആടീക്കെടാ.അല്ലെൽ വഴിയേ നടന്നു തെണ്ടു്!''

പ്രേമേനാ പള്ളിയിൽക്കയറി മുട്ടുന്മേൽ നിന്നു് ഒരു നിമിഷം കണ്ണുകളടച്ചു പ്രാത്ഥിച്ചു. അവളുടെ കണ്ണിൽ നിന്നു ഒന്നരണ്ടു കണ്ണീർത്തുള്ളികളും തറയിൽപ്പതിച്ചു. ആ തറയെപ്പോലും ഉരുക്കിക്കളയാൻ കരുത്തുള്ള കണ്ണീർത്തുള്ളികളും!

# സംഘടനാകാര്യം

## അഖിലകേരള കത്തോലിക്കാകോൺഗ്രസ് പ്രതിനിധിസഭയുടെ വിശേഷാൽ യോഗം

എ. കെ. സി. സി
ഹെഡ്ഓഫീസ്
കോട്ടയം
29–9–'64

മാന്യരെ,

അഖിലകേരള കത്തോലിക്കകോൺഗ്രസ്സിന്റെ പ്രതിനിധിസഭയുടെ ഒരു വിശേഷാൽ യോഗം 1964 ഒക്ടോബർ 18–ാംതീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞു് 2–30ന കോട്ടയം സെൻറ് ആൻസ് ഹൈസ്കൂൾഹാളിൽ കൂടുന്നതിനു നിശ്ചയിച്ചിരിക്കുന്നു. യോഗത്തിന്റെ പ്രോഗ്രാം താഴെ ചേർത്തിരിക്കുന്നു. പ്രതിനിധിസഭാംഗങ്ങളും ഏവരുടെയും സാന്നിദ്ധ്യസഹകരണങ്ങളും സാദരം അഭ്യർത്ഥിച്ചുകൊള്ളുന്നു.

ജനറൽസെക്രട്ടറി
കെ. എം. ജോസഫ്
ബി. എ. ബി. എൽ

### കാര്യപരിപാടി

1–30 നു് വിഷയനിർണ്ണയക്കമ്മറ്റിയോഗം
2–30 നു് പ്രതിനിധിസഭായോഗം

1 പ്രാർത്ഥന
2 അദ്ധ്യക്ഷപ്രസംഗം
3 മിനുട്ടുവായന
4 പ്രശ്നോത്തരങ്ങൾ
5 പ്രമേയങ്ങൾ
6 ഇലക്ഷൻബോർഡിന്റെ അഭിപ്രായത്തിന്റെ വെളിച്ചത്തിൽ ഉദ്യോഗഭാരവാഹികളുടെ തെരഞ്ഞെ

---

അടുത്ത വണ്ടിക്കുതന്നെ അവർ നാട്ടിലേക്കു മടങ്ങി.

പ്രേമനായുടെ മുഖം വാടിയും കണ്ണുകൾനിറഞ്ഞുമിരുന്നു. ഓട്ടുന്ന വണ്ടിയിൽ പുറത്തേക്കു തലയുമിട്ടു് അവളിരുന്നു. സുന്ദരങ്ങളായ പ്രകൃതിദൃശ്യങ്ങൾ, പ്രതീക്ഷകളും കിനാവുകളും പോലെ കൺമുമ്പിൽ നിന്നുഓടിമറയുന്നു. ഹൈറേഞ്ചിന്റെ സുന്ദരദൃശ്യങ്ങൾ. പുതിയ ദേഹണ്ഡങ്ങൾ. മഞ്ഞിന്റെ തലമുണ്ടിട്ട പർവ്വത കന്യകമാർ—— മുതലാളിമാരെപ്പോലെ ഉയർന്നു ഞെളിഞ്ഞു നിൽക്കുന്ന കുന്നുകളും മലകളും. കത്തിച്ചുതുടിന്റെ നീലപ്പുകപോലെ അന്തരീക്ഷത്തിലൂടെ ഒഴുകുന്ന നേരിയ മഞ്ഞും പുകയും——

സന്ധ്യയോടുകൂടെയാണവർ വീട്ടിൽ മടങ്ങിയെത്തിയതു് അവരെ കണ്ടപ്പോഴേ മറിയാമ്മ ചോദിച്ചു ''ജോലികിട്ടിയോ?''

''ഇഫ ച്ചൂലേ! നിന്റെ അമ്മായിയപ്പനുണ്ടോ അവിടെ ജോലീംവെച്ചോണ്ടിരുപ്പു്?. പൊക്കോ എന്റെ കണ്ണുംവെട്ടത്തുന്നു്. അല്ലേലു് ഒരു പോട്ടഞാൻ വെച്ചതരുംഴ''

''ഇതെന്നതാടീ ഇതിയാൻ വന്ന വഴിക്കു വല്ല കള്ളഷാപ്പിലും കേറിയോ?''

''എടീ മനുഷ്യത്തീ, നീ എന്നെ അരിശം പിടിപ്പിക്കരുതു്. ഞാനൊരു വീക്കുവച്ചതന്നാ അതിരുപ്പതാ. ഒറത്തല്ലിനു്...''

''എന്നാ നിങ്ങളൊന്നല്ലു്! കെട്ടിയോന്റെ കൈകൊണ്ട ചാകുന്നതാ എനിക്കും ഇട്ടം... ആണ്ടെ വെള്ളം ചൂടാക്കിയിട്ടിരിക്കുന്നുവേണോവന്നുകുളിക്കു.''

പ്രേമനായുടെ മുഖം കണ്ടപ്പോഴെ മറിയാമ്മയ്ക്കു മനസ്സിലായി പോയകാര്യം നടന്നില്ലെന്നു്.

അവരം സാരി മാറിക്കൊണ്ടിരുന്നിടത്തുചെന്നു് മറിയാമ്മ വിവരങ്ങളെല്ലാം ചോദിച്ചറിഞ്ഞു.

''മടത്തിച്ചേരാവെന്നു് നെനക്കുങ്ങെ പറഞ്ഞേക്കാമേലാരുന്നോ? നേരം വരുമ്പം ഒക്കുകേലെന്നു പറഞ്ഞാമതിയല്ലൊ''.

''മതിമതി അമ്മയായിരിക്കണം അവിടുത്തെ മദു്''.

''ഞാനപ്പഴേ പറഞ്ഞതാ വല്ലനേർച്ചേംനേന്നോണ്ടു പോകാൻ. അന്നേരം അതിയാനെന്നെ ഊശിയാക്കുകയായിരുന്നു''.

''എങ്കിലാകാശ്രുകൂടെ വെള്ളത്തിലായേനെ''. എടീ അവളമാക്കു കാശ്രു കൊടുക്കണമെന്നു്!''

''കാശൊന്നേ പെണ്ണിനെ കെട്ടിക്കാമ്മേലേ!''

രാത്രിയിൽ പ്രേമനായുടെ ഏങ്ങലടികും കേട്ടിട്ടു് ആ അമ്മയ്ക്കു സഹിച്ചില്ല. ''നിങ്ങടംക്കിവളെ ആ വണ്ടിക്കടീലോട്ടെങ്ങാനും തള്ളിയേച്ചുപോരാമ്മേലാഞ്ഞോ?''

''എന്നാപ്പിന്നെ മടത്തിവിട്ടേക്കുതോ? എടീ നീ കേട്ടിട്ടുണ്ടോ സമരംചെയ്യുന്ന സഭ എന്നു്? അതു നമ്മളാ. സഹിക്കുക, ക്ഷമിക്കുക, മരിക്കുക, നമുക്കതേ പറഞ്ഞിട്ടൊള്ളടീ''.

''ഓ! മതി! വല്ലോംപറഞ്ഞാലൊടനേ പള്ളിപ്രസംഗമായി''

കഴിഞ്ഞ വെള്ളിയാഴ്ച പള്ളിയിൽ വച്ചു് പ്രേമനാ തന്റെ ഒരു സ്നേഹിതയായ ചാച്ചിയമ്മയെ കണ്ടു. അവരം പറഞ്ഞു: എടീ പ്രേമേ, എനിക്കു കെഴക്കൊരു പള്ളിക്കുടത്തി ജോലികിട്ടി. ഞാൻ തിങ്കളാഴ്ച പോകുകാ''

''ജോലി കിട്ടിയോ? എങ്ങനെകിട്ടിയെടീ''.

''ഒന്നുംപറേണ്ട.'' എന്നേടീ മിറർ തരികിൽനിന്നവരിക്കപ്പൊവുവെട്ടി, കറക്കാനുള്ള പശുനേംവിറ്റു''

''എന്തിനു്?''

''സ്ത്രീധനമൊണ്ടാക്കാൻ! അഞ്ഞൂറുരൂപാകൊടുത്താലേ ജോലിതരുവൊള്ളെന്നുപറഞ്ഞു''.

''മടത്തിച്ചേരാവേ എന്നെ നിയമിക്കാവെന്നുപറഞ്ഞു ഒരു സ്ലൂളിലു്''

''എന്നാടെയിനിംങ്ങും മറ്റും വേണ്ടല്ലൊ'' ചാച്ചിയമ്മ ചിരിച്ചു.

''ഞാന്നാളെ അങ്ങോട്ടെഴുതാൻപോകുകാ. സ്ഥിരംജോലി തരാമെങ്കി മടത്തിച്ചേരാമെന്നുപറഞ്ഞു''

''മടത്തിച്ചേരാമെന്നു സമ്മതിച്ചാപ്പിന്നെ സ്ഥിരമാണേലെന്നാ അല്ലേലെന്നാ ജോലിയില്ലേലെന്നാ''

''അതിനൊക്കെ വേറെ പണികണ്ടിട്ടൊണ്ടു്. ഒത്തേൽ നീ കണ്ടോ!''

''ഏതുരൂപതയാ? രൂപത മാറിയോ? രൂപതമാറിയാ ജോലിയില്ല; ഏടവകമാറിയാ ജോലിയില്ല. സക്കാറുകാര്യംപോലെയാണു്.''

''നമ്മളൊക്കെ പള്ളിക്കുടത്തിപ്പടിച്ചാലെന്നാഗ്രഹണം; മാപ്പളയാണെന്നു പറഞ്ഞാലെന്നാഗ്രഹണം?''

മാപ്പളയാണെന്നു പറേണ്ടതുതന്നെ നാണക്കേടാടീ ചിലപ്പം''

ഞാമ്പോണു. പോകുന്നേനുമുമ്പു് ഒന്നുടെ കാണണേ!''

അവർ പിരിഞ്ഞു. കറുത്തു നിബിഡമായിനിൽക്കുന്ന അത്തിമരത്തിന്റെ കീഴിൽ വീടിന്റെ മുകളെറ്റപ്പു ഉയർന്നു നില്ക്കുന്നതു പ്രേമനാ ദൂരെവച്ചുതന്നെ കണ്ടു.

പുതിയൊരു ഉത്സാഹത്തോടെ അവരം വേഗം നടന്നു.

ടുപ്പ് 1965 ഏപ്രിൽ 5-
നുമുമ്പു നടത്തുന്നതിനുള്ള
പ്രയാസങ്ങളെപ്പറ്റി ച
ർച്ചയും തീരുമാനവും
7 ഉപസംഹാരം
8 കൃതജ്ഞത
9 പ്രാർത്ഥന

N. B. യോഗത്തിൽ ചർച്ച ചെയ്യുന്നതിനുള്ള ചോദ്യങ്ങളും പ്രമേയങ്ങളും യോഗത്തിനു ഏഴ്(7) ദിവസം മുമ്പെങ്കിലും കേന്ദ്രകാര്യാലയത്തിൽ എത്തിയിരിക്കേണ്ടതാണു്.

## വർക്കിംഗ് കമ്മറ്റി യോഗം-മിനിറ്റ്സ്

അഖിലകേരള കത്തോലിക്കാകോൺഗ്രസ് വർക്കിംഗ്കമ്മറ്റിയോഗം 9-8-1964-ൽപ്രസിഡൻറു, വൈസ്പ്രസിഡൻറ് എന്നിവരുടെ അസാന്നിദ്ധ്യത്തിൽ ശ്രീ. പി. എസ്. വില്യം ബി.എ എൽ. റ്റി.യുടെ അദ്ധ്യക്ഷതയിൽ രാവിലെ 11 മണിക്കു് ഹെഡാഫീസിൽ സമ്മേളിച്ചു.

ഈശ്വരപ്രാർത്ഥനയ്ക്കു ശേഷം, മുൻവർക്കിംഗ്കമ്മറ്റിമെമ്പർ ശ്രീ. സി.എം.ജോസഫ് കരിപ്പാത്തു്, മരങ്ങാട്ടുപിള്ളി, മുൻ ആഭ്യന്തര മന്ത്രി ശ്രീ. പി. റ്റി. ചാക്കോ, ദീപിക ജനറൽ മാനേജർ റവ: ഫാ: വിൽഫ്രഡ് സി.എം.ഐ എന്നിവരുടെ നിര്യാണത്തിൽ അനുശോചിച്ചുകൊണ്ടുള്ള പ്രമേയങ്ങൾ അവതരിപ്പിച്ചു് പാസാക്കി. പ്രമേയങ്ങൾ അവരവരുടെ കുടുംബാംഗങ്ങൾക്കു് അയച്ചുകൊടുക്കുവാനും തീരുമാനംചെയ്തു. വൈസ്പ്രസിഡണ്ടു ശ്രീ. ഇ. എം. ജോസഫ് ഹാജരായതിനാൽ യോഗനടപടികൾ അദ്ദേഹത്തിൻെറ അദ്ധ്യക്ഷതയിൽ തുടർന്നു. 28-6-64-ൽ കൂടിയ വർക്കിംഗ്കമ്മറ്റിയോഗറിപ്പോർട്ടു് ജനറൽ സെക്രട്ടറി വായീക്കുകയും ആയതു പാസ്സാക്കപ്പെടുകയും ചെയ്തു. ഭരണഘടന 30-ാം വകുപ്പനുസരിച്ചു വർക്കിംഗ് കമ്മറ്റി നടപ്പാക്കിയിരിക്കുന്ന ചട്ടങ്ങൾവായിച്ചുപാസാക്കി. അനന്തരം കത്തോലിക്കാ കോൺഗ്രസ്സിൻെറ പുതിയ ഭാരവാഹികളെ തെരഞ്ഞെടുക്കുന്നതു സംബന്ധിച്ചു് ഇലക്ഷൻ ബോർഡിലേയ്ക്കു മെ. ഏ. ഏ. ജോസഫ് ബി. എ. ബി എൽ. (ചെയർമാൻ) എ. റ്റി. ജോസഫ് മാക്കീൽ ബി. എ.ബി എൽ. ഏ. പി. ജോസഫ് ബി. എ. ബിൽ എന്നിവരെ പ്രസിഡൻറു നിയമിച്ച വിവരം വർക്കിംഗ് കമ്മറ്റിയെ അറിയിച്ചു.

പരേതനായ മുൻവർക്കിംഗ് കമ്മറ്റിമെമ്പർ ശ്രീ. സി. എം. ജോസഫ് കരിപ്പാത്തു്, മരങ്ങാട്ടുപിള്ളിയുടെ ആത്മാനുകൂലാർത്ഥം കത്തോലിക്കാ കോൺഗ്രസ്സിൻെറ ചെലവിൽ ഒരു പാട്ടുകുർബ്ബാന ചൊല്ലിക്കുന്നതിനും ആയതിലേയ്ക്കു് ആവശ്യമായ പണം കത്തോലിക്കാകോൺഗ്രസ്സിൻെറ മരങ്ങാട്ടുപിള്ളി ശാഖയെ ഏല്പിക്കുന്നതിനും തീരുമാനം ചെയ്തു.

വരവുചെലവു കണക്കുകളുടെ ത്രൈമാസികം സ്റ്റേറ്റുമെൻറു യോഗത്തിൽ വായിച്ചു പാസാക്കി.

മുൻആഭ്യന്തരമന്ത്രി ശ്രീ. പി. റ്റി. ചാക്കോയുടെമൃതദേഹത്തിൽ പ്രസിഡൻറും, ജനറൽ സെക്രട്ടറിയും കൂടി വാഴ്ചർവച്ചു് റീത്തു സമർപ്പിച്ച ചെലവിനത്തിലുള്ള 6.ക. യോഗം പാസ്സാക്കുകയുണ്ടായി.

ശവസംസ്ക്കാരചടങ്ങിലും റീത്തു സമർപ്പണത്തിലും പ്രസിഡൻറു, ജനറൽ സെക്രട്ടറി എന്നിവരോടൊപ്പം വർക്കിംഗ്കമ്മറ്റി മെമ്പർ ശ്രീ. സിറിയക്കു് നിധിയിരിയും സന്നിഹിതനായിരുന്നു.

മുൻ ഓർഗനൈസറന്മാർക്കു് യാത്രചെലവിനത്തിലും അലവൻസിനത്തിലും കൊടുത്തുതീർക്കുവാനുണ്ടായിരുന്ന തുകകൾ കഴിവതും വേഗം കൊടുത്തു തീർക്കുന്നതിനും തീരുമാനം ചെയ്തു. ഓർഗനൈസർ മി. ഏബ്രാഹം കണ്ണങ്കര സംഘടിപ്പിച്ച കുരമ്പാല, കുടശ്ശനാടു് എന്നീ ശാഖകളുടെ രജിസ്ട്രേഷൻ, പണസംബന്ധമായ കൃഷ്ണങ്ങൾ മൂലം തടയപ്പെട്ടിരുന്നു. പ്രസ്തുത തുക ശാഖകൾ രജിസ്റ്റർ ചെയ്യുന്നതിനാവശ്യമായ കണക്കുകൾ നോക്കി അലവൻസുകണക്കിൽ പറ്റെഴുതി ശാഖാരജിസ്ട്രേഷൻകണക്കിൽ വരവുവെച്ചു് പ്രസ്തുത ശാഖകൾ രജിസ്റ്റർചെയ്തുകൊടുക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കണമെന്നും നിശ്ചയം ചെയ്തു.

അനന്തരം അടുത്തു നടക്കുവാനിരിക്കുന്ന കെരളത്തിലെ പൊതുതെരഞ്ഞെടുപ്പു സംബന്ധിച്ചും മറ്റും കത്തോലിക്കരുടെ അഭിപ്രായം ആരായുന്നതിലേയ്ക്കു് ജനറൽ സെക്രട്ടറി പത്രങ്ങളിൽ നൽകിയിരുന്ന പരസ്യത്തിൻെറ ബില്ലുകൾ പാസ്സാക്കി. ഒരു വിദ്യാർത്ഥിനിയുടെ കോളജ് പഠനത്തിലേയ്ക്കു് ആവശ്യമായ സഹായം നൽകാമെന്നും പറഞ്ഞു് മി റ്റി. എ. ആഗസ്തി M. S. W. എറണാകുളം, അയച്ചിരുന്ന കത്തു വായിച്ചു. അതിനു മറുപടിയായി വിദ്യാർത്ഥിനിയെ തെരഞ്ഞെടുക്കുന്ന കാര്യവും മറ്റും കത്തോലിക്കാകോൺഗ്രസ്സിനു വിട്ടുകിട്ടാതെയും അതിനുള്ളപണം ഏ. കെ. സി. സി.യെ ഏല്പിക്കാതെയും സേക്കാളർഷിപ്പിൻെറ കാര്യത്തിൽ ഒന്നും ചെയ്യാവുന്നതല്ല എന്നു തീരുമാനിച്ചു. ഈ തീരുമാനം മി. ആഗസ്തിയെ അറിയിക്കുന്നതിനും നിശ്ചയിച്ചു.

ഈ ഓഫീസിൽ പ്യൂൺ ആയി ജോലിനോക്കി ജോലിയിൽ നിന്നും പിരിഞ്ഞുപോയ കെ.റ്റി. തോമസ് 1-6-64-ൽ അയച്ചിരുന്ന കത്തിലെ താല്പര്യമനുസരിച്ചു് ഇതിനു മുൻപു് ഇവിടെ നിന്നും പിരിഞ്ഞുപോയിട്ടുള്ള പ്യൂണിനു നൽകിയിരുന്ന തുകയെപ്പറ്റിയുള്ള വിശദവിവരങ്ങൾ ശേഖരിക്കുന്നതിനും, തോമസ് എന്നു ജോലിയിൽ പ്രവേശിച്ചുവെന്നുള്ള സംഗതികൾ അടുത്ത വർക്കിംഗ് കമ്മറ്റിയോഗത്തിൽ ഹാജരാക്കണമെന്നും നിശ്ചയം ചെയ്തു.

ശ്രീ. എൻ. എ. ജോസഫ് നാലുപറക്കൽ, പുളിംകുന്നു് അയച്ചിരുന്ന കത്തു വായിച്ചു. പ്രസ്തുത കത്തു് ചങ്ങനാശ്ശേരി രൂപതാസംഘത്തിനയച്ചു കൊടുക്കുന്നതിനും ശാഖകൾസംഘടിപ്പിക്കുവാൻ ശ്രമിക്കുന്നതിനു് എഴുതണമെന്നും തീരുമാനിച്ചു.

ശ്രീ. ജോൺ ഗീ കുന്നംപുറത്തെ ബുള്ളറിൻവരിസംഖ്യയിനത്തിലുള്ള കുടിശിക പിരിക്കുന്നതിനും പുതിയ വരിക്കാരെ ചേർക്കുന്നതിനും ഹെഡാഫീസിൽനിന്നും ചുമതലപ്പെടുത്തുന്നതു സംബ

ന്ധിച്ച് അദ്ദേഹം പിരിക്കുന്ന പണസംബന്ധമായ കാര്യങ്ങൾക്ക് ഉത്തരവാദിത്വം ആവശ്യപ്പെട്ടുകൊണ്ട് മുത്തോലി കൊവേന്ത പ്രിയോർക്ക് കത്തയക്കുന്നതിനും തീരുമാനമെടുത്തു.

''ജൻറിൽമെൻസ് ക്ലബ്'' കുറിച്ചിത്താനം— സെക്രട്ടറി അയച്ചിരുന്ന കത്തിലെ താല്പര്യമനുസരിച്ച് ശാഖസ്ഥാപിക്കുന്നതിനു ആവശ്യമായ നിർദ്ദേശം നൽകണമെന്നു തീരുമാനിക്കുകയുണ്ടായി. അമ്പനോളി ശാഖയിൽ ഉണ്ടായ കുഴപ്പങ്ങൾ സംബന്ധിച്ച് ഇവിടെ ലഭിച്ചിരുന്ന പരാതികളും, മെമ്മോറാണ്ടം തുടങ്ങിയവ തൃശ്ശൂർ ത്രുപ്താസംഘം പ്രസിഡണ്ടിന്റെപേർക്കു അയച്ചുകൊടുക്കുന്നതിനും അതു സംബന്ധിച്ചുള്ള തീരുമാനങ്ങൾ ചെയ്യുന്നതിനാവശ്യപ്പെട്ടുകൊണ്ടുള്ള കത്തയയ്ക്കുന്നതിനും നിശ്ചയിച്ചു.

മുൻഓർഗനൈസർ ശ്രീ. യോഹന്നാൻ എബ്രാഞ്ചിവയൽ സംഘടിപ്പിച്ചിരുന്ന ശാഖകൾ (ഗണ്ടിബാഗ്, കളഞ്ച, പതാവു, നരസിംഹരാജപുരം) ഹെഡാഫീസിൽ വരേണ്ടതായ വിഹിതങ്ങളും മറ്റും ലഭിക്കായ്കയാൽ രജിസ്റ്റർ ചെയ്യാതെ കിടന്നിരുന്നതും, ഓർഗനൈസർക്കു യാത്രചെലവിനത്തിൽ കൊടുക്കേണ്ട തുകയിൽ വകവെച്ചുകൊണ്ട് ശാഖകൾ രജിസ്റ്റർ ചെയ്തുകൊടുക്കുന്നതിനും നിശ്ചയം ചെയ്തു.

മി. കെ. വി. ജോസഫ് കുരുക്കാട്ടുമൂലയിൽ ഏടത്വ, അയച്ചിരുന്ന കത്തു ചങ്ങനാശ്ശേരി ത്രുപതാ സംഘത്തിനയച്ചുകൊടുക്കുന്നതിനും തീരുമാനമെടുത്തു, സംഘടനയുടെ അടുത്ത ഇലക്ഷൻ ഒക്ടോബർ 30—ന മുൻപ് നടത്തുന്നതിന തീരുമാനിച്ചു.

ഇലക്ഷൻ സംബന്ധിച്ച് അസി. സെക്രട്ടറി ശ്രീ കെ. സി. ജോസഫ് കളമ്പുകാട്ടുശേരി ഇലക്ഷൻബോർഡ് കൺവീനറും സെക്രട്ടറിയുമായിരിക്കുമെന്നു നിശ്ചയം ചെയ്തു.

ശ്രീ സി. എം. സെബാസ്റ്റ്യനെ ബുള്ളറിന്റെ എഡിറ്റോറിയൽ ബോർഡിലേയ്ക്ക് കോ—ഓപ്റ്റു ചെയ്തുകൊണ്ടുള്ള തീരുമാനമെടുത്തു. എ. കെ. സി. സി. ബുള്ളറിന്റെ ആഭിമുഖ്യത്തിൽനടന്ന ഉപന്യാസമത്സരത്തിൽ വിജയികളായവർക്കു അടുത്തുനടക്കുന്ന പ്രതിനിധിയോഗത്തിൽവച്ചു സമ്മാനമായി മെഡൽ നൽകുന്നതിനും തീരുമാനംചെയ്തു.

യോഗത്തിൽ മെ. ഇ. എം. ജോസഫ്, കെ. എം. ജോസഫ്, (ജനറൽസെക്രട്ടറി), സിറിയക്ക് ജെ. നിധിയിരി, വി. ജെ. കുര്യൻ വള്ളവന്താ, എം. സി. ചാക്കോ മാന്തുരുത്തിൽ, കെ. എം. ജോസഫ് (ദീപിക) എൻ. എൽ. ജോസഫ് ഞള്ളനൂഴ, പി. എസ്. വില്യം, പോൾ ജെ. കൊണത്താപ്പള്ളി എന്നിവർ സംബന്ധിച്ചിരുന്നു.

യോഗം വൈകുന്നേരം 4—30നു സമംഗളം പര്യവസാനിച്ചു.

കോട്ടയം ജനറൽസെക്രട്ടറി
20—9—'64 കെ. എം. ജോസഫ്
ബി. എ. ബി. എൽ

## ശാഖാവാർത്തകൾ

### എറണാകുളം

ഏ. കെ. സി. സി. എറണാകുളം അതിരൂപതാ പ്രതിനിധികളായി റവ. ഫാ. വറുഗീസ് പഴേമഠം ബി. ഏ. ഡി. ഡി. (ഉപദേഷ്ടാവു) മെ. വി. ഓ. ജോൺ (പ്രസിഡൻറു) എം. വി. വക്കീ മഴുവഞ്ചേരി (വൈസ്പ്രസിഡൻറു) പോൾ. ജെ. കൊണത്താപ്പള്ളി (സെക്രട്ടറി) മത്തായിവറുഗീസ് കോട്ടപ്പള്ളിൽ തുടങ്ങിയവർ എറണാകുളം മെത്രാപ്പോലീത്താ മോ റവ. ഡോ. ജോസഫ് പാറേക്കാട്ടിൽ തിരുമനസ്സിലെ പൗരോഹിത്യരജത ജൂബിലി ദിനത്തിൽ തിരുമേനിയെ സന്ദർശിച്ചു മംഗളോപഹാരവും ബൊക്കേയും സമർപ്പിച്ചു. അഭിവന്ദ്യതിരുമേനി കത്തോലിക്കാകോൺഗ്രസ്സ് കാര്യങ്ങളെപ്പറ്റി കാര്യമായി അന്വേഷിക്കുകയും, പ്രസ്തുത സംഘടനയെ പരിപുഷ്ടിപ്പെടുത്തേണ്ട ആവശ്യകതയേപ്പറ്റി ഉത്ബോധിപ്പിക്കുകയും ചെയ്തു.

സെക്രട്ടറി.

### ആലപ്പുഴ

19—7—64—ൽ കത്തോലിക്കാകോൺഗ്രസ്സ് 208—ാംനമ്പർ പൂന്തോപ്പുശാഖയുടെ പൊതുയോഗത്തിൽ വച്ചു മെ.റവ.റവ.ജോസഫ് തൈയിൽ (പ്രസിഡൻറു) പി. എഫ് പോൾ പുത്തൻപുരയ്ക്കൽ (സെക്രട്ടറി) കുര്യൻ ചാക്കോ വാടക്കുഴിയിൽ (ഖജാൻജി) എന്നീ ഭാരവാഹികളെയും മെ. മൈക്കിൾ പി. ജോസഫ്, കെ. വി. ജോൺ എന്നീ പ്രതിനിധികളെയും തെരഞ്ഞെടുത്തു.

പ്രസ്തുതയോഗത്തിൽ പാസാക്കിയ പ്രമേയം ചുവടെ ചേർക്കുന്നു.

ഇപ്പോൾ തുടരെത്തുടരെ ദേവാലയാക്രമണങ്ങൾ നടന്നുകൊണ്ടിരിക്കുകയാണു. തിരുസ്വരൂപങ്ങളും വിശുദ്ധ സ്ഥാപനങ്ങളും അധിക്ഷേപിക്കപ്പെടുകയും നശിപ്പിക്കുകയും ചെയ്യുന്നു. ഈ പരിതസ്ഥിതിയിൽ കത്തോലിക്കരുടെ മതവികാരങ്ങൾ മന:പൂർവ്വം അധിക്ഷേപിക്കപ്പെടുകയാണു. ഇതിനൊരു പരിഹാരം കാണുകയോ കുറവാളികളെ കണ്ടുപിടിക്കുവാൻ ശ്രമിക്കുകയോ ചെയ്യുന്നതിനു ഗവൺമെൻറിനു ഉത്സാഹമില്ലാത്തതുപോലെ കാണുന്നു. ഇതിനെയെല്ലാം ഈ യോഗം ശക്തിയായി പ്രതിഷേധിക്കുകയും മേലിൽ ഇത്തരം സംരംഭങ്ങൾ ഉണ്ടാകാതിരിക്കാൻ ഗവൺമെൻറ് ശ്രദ്ധിക്കണമെന്നു ആവശ്യപ്പെടുകയും ചെയ്യുന്നു.

അവതാരകൻ— പി. വി. വക്കീ.
അനുവാദകൻ— കുര്യൻ പാക്കോ.

### തലയോലപ്പറമ്പ്

ആഗസ്റ്റ് 16—ാംനു- ഞായറാഴ്ച സ്ഥലം ശാഖയുടെ ആഭിമുഖ്യത്തിൽ പാരീഷ് ഹാളിൽവച്ചു കൃത്യം 3 P. M. നു ഒരു ചർച്ചാസമ്മേളനം നടത്തപ്പെട്ടു, ചർച്ചയിൽ ആദ്യന്തം കത്തോലിക്കാകോൺഗ്രസ്സ് വൈസ്പ്രസിഡൻറു ശ്രീ ഈ. എം. ജോസഫ് ബി. എ. ബി. എൽ. സംബന്ധിച്ചിരുന്നു. കത്തോലിക്കരും സംഘടനയും എന്ന വിഷയം ആസ്പദമാക്കി രണ്ടു മണിക്കൂർ നീണ്ടുനിന്ന ചർച്ചകൾ പലതും നടത്തപ്പെട്ടു. ചർച്ച

യിൽ ശ്രീ ഒ. എസ്സ്. ജോസഫ് ബ. എസ്സ് സി. ബി. ററി. ശ്രീ ററി, എ. കുര്യൻ, ശ്രീ പി. കെ, മാത്യു, ശ്രീ കെ. ജെ. തോമസ്, ശ്രീമാന്മാരായ ജോസഫ് കുന്നക്കാട്ട്, പി. ററി, ആന്റ്രൂസ് എന്നിവർ വസ്തുനിഷ്ഠമായി സംഘടയനടെ ആവശ്യം, ശക്തിപ്പെടുത്തേണ്ടവിധം പൊതുജനങ്ങൾക്കു സംഘടയോടുള്ള വിശ്വാസം, മതിപ്പ് ഇവയെപ്പററിയെല്ലാം കാര്യകാരണസഹിതം വിശദീകരിക്കയും ശ്രീ ഈ. എം. ജോസഫ് ആവശ്യാനുസരണമായി മറുപടി നൽകുകയും ചെയ്തു. തുടർന്നു കത്തോലിക്കരും പ്രൊട്ടസ്ററന്റിയവും എന്ന വിഷയം ചർച്ച ചെയ്തു. ന്യായവും നീതിയുമായി കേരളത്തിൽ ഉറച്ച ഒരു സൽഭരണം ഉണ്ടാകുവാൻ പര്യാപ്തമായ രീതിയിൽ കത്തോലിക്കാകോൺഗ്രസ് വർക്കിംഗ് കമ്മററി വേണ്ട നടപടി ബിഷപ്പുസു കോൺഫറൻസിന്റെ സഹായത്തോടുകൂടി ചെയ്യേണ്ടതാണെന്നു ആഹ്വാനം ചെയ്യുകയും ആ കാര്യത്തിൽ ക. കോൺഗ്രസ് വർക്കിംഗ് കമ്മററി മുൻകൈ എടുത്തു പ്രവർത്തിക്കുന്നതാണെന്നു വൈസ്പ്രസിഡൻറ് ഉറപ്പു നൽകി. അതിനുശേഷം ദീവംഗതനായ ശ്രീ പി. ററി. ചാക്കോയുടേയും, ദീപിക മാനേജരായിരുന്ന റവ. ഫാദർ വിൽഫ്രഡ് ഇവർകളുടെയും ആകസ്മികമായ ചരമത്തിൽ അനുശോചനം രേഖപ്പെടുത്തി യോഗം വൈകുന്നേരം 6 മണിക്കു് സമംഗളം അവസാനിച്ചു.

സെക്രട്ടറി

### കൊടകര

ഓ. 23—കത്തോലിക്കാ കോൺഗ്രസ് തൃശ്ശൂർരൂപതാകൗൺസിലിന്റെ ഒരു യോഗം ആളൂർ ബെററർ ലൈഫ് സെൻററിൽവച്ചു് പ്രസിഡണ്ടു് ശ്രീ ലോനപ്പൻ നമ്പാടന്റെ അദ്ധ്യക്ഷതയിൽ കൂടി മുൻ കേരള ആഭ്യന്തരമന്ത്രി ശ്രീ പി. ടി. ചാക്കോയുടെ അകാല നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തുകയുണ്ടായി. ജെ പി ഒല്ലൂർ അവതാരകനായും ശ്രീ എ. സി. റപ്പായി അനുവാദകനായും അവതരിപ്പിച്ച പ്രമേയം രണ്ടുമിനുട്ട്

പ്രഹസനം

# മാത്തപ്പന്റെ മാനസാന്തരം

— പൗലോസ് തെക്കത്തു് —

(തുടർച്ച)

രംഗം മൂന്നു്

(സമയം പ്രഭാതം. പള്ളിയിൽ കുർബ്ബാനയുടെ മണി കൊട്ടുന്ന സ്വരം കേൾക്കുന്നു. കുഞ്ഞാളിച്ചി നേരത്തെ എഴുന്നേറ്റു കുട്ടികളെ വിളിച്ചു പ്രാർത്ഥനയുടെ തയ്യാറാകുന്നു. മാത്തപ്പൻ പുറത്തെവിടെയോയോ പോകാനുള്ള ഒരുക്കമാണു്.)

മാത്തപ്പൻ—''എടീ കൊച്ചുത്രേസ്യേ! പല്ലുതേക്കാൻ ഇത്തിരി ഉമിക്കരിയും വെള്ളോം ഇങ്ങോട്ടു കൊണ്ടുവന്നേ.''

കുഞ്ഞാ:—''കൊന്ത എത്തിച്ചിട്ടു കൊണ്ടുവരാം വെള്ളോം ഉമിക്കരിയും ഒക്കെ''

മാത്ത:—ഞാൻ പോയിട്ടു് എത്തിച്ചാൽ മതി കൊന്തയും പ്രാർത്ഥനയും ഒക്കെ.''

കുഞ്ഞാ:—ഇത്ര ധൃതിയായിട്ടു ഇപ്പോം എങ്ങോട്ടാണു് യാത്ര?''

---

നേരത്തെ മൗനപ്രാർത്ഥനയോടെയാണു് പാസ്സാക്കിയതു്. കത്തോലിക്കർ സ്ഥാപിച്ച കുരിശു് തല്ലിത്തകർത്തു് ചോച്ചേരിക്കുന്നിൽ ഹൈന്ദവർ സ്ഥാപിച്ച ക്ഷേത്രം പൊളിച്ചുനീക്കുവാൻ ഗവണ്മെണ്ടു് കാലതാമസം വരുത്തുന്നതിൽ അധികൃതരെ യോഗം ശക്തിയായി അപലപിക്കുകയുണ്ടായി.

അവശക്രൈസ്തവ സമരത്തോടനുഭാവം രേഖപ്പെടുത്തി.

കൊടകരയിലെത്തിയ കോൺഗ്രസ് പ്രസിഡണ്ടു് ശ്രീ കാമരാജനു് കേരളത്തിൽ നടന്ന ക്രൈസ്തവദേവാലയാക്രമണങ്ങളെ സംബന്ധിച്ചുള്ളഒരു മെമ്മോറാണ്ടം തൃശ്ശൂർരൂപത കത്തോലിക്കകോൺഗ്രസ് പ്രസിഡണ്ടു് ശ്രീ ലോനപ്പൻനമ്പാടൻ സമർപ്പിക്കുകയുണ്ടായി.

മാത്ത:—''എനിക്കു ഇഷ്ടമുള്ളോടത്തേയ്ക്കു് പോകും. അതൊക്കെ നിങ്ങളോടു പറഞ്ഞിട്ടുവേണോ?

(അയൽവാസിയായ ചുമ്മാർ പ്രവേശിക്കുന്നു.)

ചുമ്മാർ:— അതിരാവിലത്തെ നൃസ്രാജ് ബസ്സിലാണു് ഞാൻ പോണതു്. കൊച്ചുത്രേസ്യയുടെ തുണിത്തരത്തിന്റെ കാര്യം....''

കുഞ്ഞാ:—ചുമ്മാരു ഒരു കാര്യം ചെയ്യണം. വേണ്ടതൊക്കെ ഒന്നു ശരിപ്പെടുത്തിത്തരണം. വരുന്ന ആഴ്ചേലു് ഒററ നയാപൈസയില്ലാതെ എല്ലാം തന്നേക്കാം.

മാത്ത:—''ചുമ്മാര് എവിടേയ്ക്കാണു ഇത്ര നേരത്തെ യാത്രു?''

''കുട്ട്യോംടെ ആദ്യകുർബ്ബാന കൈക്കൊള്ളപ്പാടിന്റെ കാര്യം പറഞ്ഞിട്ടില്ലേ മിനിഞ്ഞാന്നു്?''

മാത്ത:—എടാ ചുമ്മാരേ, എന്റെ കുട്ട്യോളെ കമ്പസാരിപ്പിക്കാനും കുർബ്ബാന കൈക്കൊള്ളിക്കാനും നിനക്കു എന്താണ്ടാ ഇത്ര ഉഷ്ണം? അതിനൊക്കെ ഇവിടെ ആളുണ്ടടാ.

കുഞ്ഞാ:—''ഇവിടത്തെ ആളുണ്ടായിട്ടു, ഇപ്പോം പെണ്ണിനു വയസ്സു പത്തുപന്ത്രണ്ടായില്ലേ? കൊച്ചിന്റെ കാര്യം ഇതുവരെ അന്വേഷിച്ചോ?''

മാത്ത:— (അസഹ്യഭാവത്തിൽ) ''ഓ എന്നാൽ കൊണ്ടുപോയി വേഗം കമ്പസാരിപ്പിക്കു്!''

ചുമ്മാരു്:— ''പോകാൻ ധൃതിയുണ്ടു്. ബസ്സു ദേ, വടക്കോട്ടു പോയി. ക്ഷണം തിരിച്ചെത്തും. ആ ബസ്സു തെററിയാൽ പിന്നെ കാഞ്ഞാണിക്കവല വരെ നടക്കണം.''

കുഞ്ഞാ:— എന്നാൽ ചുമ്മാരു പൊയ്ക്കോ, നിന്റെ ഒരൊററക്കാശില്ലാണ്ടു എല്ലാം ഞാൻ തന്നേക്കണ്ടു്. പിന്നെ അമ്മിണിക്കുട്ടിയു

ടെ പ്രായംതന്നെയല്ലേ ഇവിടത്തെ കൊച്ചുത്രേസ്യാക്കും? തുണിയുടെ കാര്യം അപ്പോഴും വ്യത്യാസം കാണില്ലല്ലൊ.

ചുമ്മാർ:— കാശ് മടക്കിക്കിട്ടാൻ താമസം വരില്ലല്ലൊ. ഞാൻ വല്ലവന്റെ കയ്യീന്നൊക്കെ കടംമേടിച്ചാണ് കാര്യം നടത്താൻ പോണതു്.

കുഞ്ഞാ:— ചുമ്മാരു് ഒരു പേടിയും കരുതണ്ട. എന്റെ വല്യാങ്ങള ഇങ്ങോട്ട വരുന്നുണ്ടെന്നു എഴുത്തയച്ചിട്ടുണ്ടു്.

(ചുമ്മാർ പോകുന്നു)

മാത്ത:— തൊടങ്ങി അവളപിന്നെയും അവളടെ വീട്ടുകാരുടെ ഒരു പ്രതാപം! അവരുടെ ചെലവുകൊണ്ടല്ലേ ഇവിടത്തെ ഒരു കഴിച്ചലു്?

കുഞ്ഞാ:— നിങ്ങളടെ ആ ഗുണവതിയാരംകൊണ്ടല്ലേ ഈ നാട്ടിൽ നാലുകാശു കടംതരാൽ ആളില്ലാണ്ടായതു്? (കുഞ്ഞാളിച്ചി സ്വരം താഴ്ത്തിയിട്ടു്) "ഹേയ് പിന്നെയ്! ഞാനിന്നലെ നമ്മുടെ കൊവേന്തയിൽ പോയാർന്നു."

മാത്ത:— "എന്നിട്ടു അവിടത്തെ അച്ചന്മാരൊക്കെ എന്തുപറഞ്ഞു?"

കുഞ്ഞാ— "നിങ്ങളുടെ കാര്യം പറയാനാണു ഞാൻ പോയതു"

മാത്ത— "എന്റെ കാര്യമോ? അതിനു ഇവിടെ എന്തുവിശേഷമുണ്ടായിട്ടു"?"

കുഞ്ഞാ— "ഇവിടെ ഒരു വിശേഷോം ഇല്ല; അല്ലേ?"

മാത്ത— "ഇവിടെ എന്തെങ്കിലും കുഴപ്പമുള്ളതായി എനിക്കറിഞ്ഞുകൂടാ"

കുഞ്ഞാ— "ഞാൻ ചോദിക്കട്ടെ നിങ്ങളിപ്പോഴും മരിച്ചാലും മോക്ഷത്തിലേക്കാണോ പോകുവാ; അതോ നരകത്തിലേക്കോ?"

മാത്ത— "മോക്ഷത്തിലു്. അതിനു എന്താണിത്ര സംശയം?"

കുഞ്ഞാ—എന്താണു നിങ്ങക്കിത്ര തീർച്ച?

മാത്ത— എന്റെ ഹൃദയം വെടിപ്പുള്ളതാണു്; അതുതന്നെ.

കുഞ്ഞാ— നല്ല ഒന്നാന്തരം "തിരുഹൃദയ" മായിരിക്കും!!!

മാത്ത— അതുതെല്ല അങ്ങനെതന്നെയാണെന്നു കൂട്ടിയ്ക്കോ

കുഞ്ഞാ— നിങ്ങളുടെ കാര്യമെല്ലാം വിസ്തരിച്ചു പറഞ്ഞപ്പോഴും അവിടത്തെ ആ താടിമീശക്കാരനച്ചൻ എനിക്കു മാതാവിന്റെ ഒരു അത്ഭുത കാശ്ചര്യരൂപം തന്നു.

മാത്ത— അല്ലെങ്കിലും അച്ചന്മാരുടെ കയ്യിൽ കാശ്ചര്യരൂപോക്കെയല്ലാതെ വല്ലാം ഒണ്ടോ?

കുഞ്ഞാളിച്ചി— ദേ! ഇതു കണ്ടോ? അമലോത്ഭമാതാവിന്റെ അത്ഭുതകാശ്ചര്യരൂപമാണു്, എന്തൊരു ഭംഗിയാണു്.

(ജിജ്ഞാസാഭരിതനായി മാത്തപ്പൻ അടുത്തുചെല്ലുന്നു.)

മാത്തപ്പൻ— (സാത്ഭുതം) എടീ ആ കാശ്ചര്യരൂപം ഇങ്ങോട്ടു തന്നേ ഞാനൊന്നു കാണട്ടെ.

കുഞ്ഞാ— നിങ്ങളുടെ കൈയിൽത്തരാൻ തന്നെയാണു എന്നോടു പറഞ്ഞിട്ടുള്ളതാ

(കാശ്ചര്യരൂപംകൊടുക്കുന്നു മാത്തപ്പൻ അതു വാങ്ങുന്നു....അയാളുടെ ഹൃദയിൽ അവാച്യമായ എന്തൊ അസ്വാസ്ഥ്യങ്ങളും ചലനങ്ങളും അനുഭവപ്പെടുന്നതായി മുഖഭാവം വ്യക്തമാകുന്നുണ്ടു്. വികാരവിവശനായി അയാളം നടത്തു മുട്ടുകുത്തുന്നു. കാശ്ചര്യരൂപത്തിലെപടത്തിലേക്കു ഇടയ്ക്കിടെ സൂക്ഷിച്ചു നോക്കുന്നുമുണ്ടു്.)

മാത്ത— തെറ്റിപ്പോയി! അമ്മേ തെറ്റിപ്പോയി. ഞാനിനി കള്ളു തൊടില്ല. എന്റെ അമ്മേ! എന്റെ ആശ്രയമേ! ഇക്കാലംവരെയും.... അങ്ങയെയും.... അങ്ങേ.... തിരുക്കുമാരനെയും ....ഉപദ്രവിച്ചതു....ദുരുതന്നെ....പക്ഷെ ഇന്നുമുതൽ....ഞാൻ....മകനായി ജീവിച്ചോളാം. (വിങ്ങി വിങ്ങിക്കരയുന്നു.)

(മാത്തപ്പൻ ഇടയ്ക്കിടെ മാതാവിന്റെ പടം ചുംബിച്ചുകൊണ്ടു് വിക്കിവിക്കിയാണു അത്രയും പറഞ്ഞവസാനിപ്പിച്ചതു്.)

കുഞ്ഞാ— "എന്റെ നിത്യസഹായമാതാവെ! ഞങ്ങളെ കൈവിടല്ലേ!"

(മാത്തപ്പന്റെ കുഞ്ഞുങ്ങളും മാതാവിന്റെ തിരുസ്വരൂപത്തിനു മുമ്പിൽ തിരികത്തിക്കുന്നു. എല്ലാവരുംകൂടി കൊന്തയെത്തിക്കുന്നു.ഗാനത്തിനുശേഷം മാത്തപ്പൻ മുട്ടിന്മേൽനിന്നും എഴുന്നേറ്റുനില്ക്കുന്നു)

മാത്ത— ഈ കാശ്ചര്യരൂപം തന്നു അച്ചന്റെപക്കൽ എനിക്കു ഇപ്പോൾത്തന്നെ പോകണം. എനിക്കു ഒന്നു കുമ്പസാരിച്ചു വിശുദ്ധ കുർബാന സ്വീകരിക്കണം.

കൊ— അപ്പച്ചന്റെകൂടെ ഞാനും പോരാം കൊവേന്തയിലേക്കു്. ആ താടിമീശക്കാരനച്ചൻ കുർബാന ചെല്ലുന്നനേരത്തു അദ്ദേഹത്തിന്റെ മുഖത്തു എന്തൊരു പ്രകാശമാണപ്പച്ചാ.

മാത്ത— ഉവ്വോ മകളെ!! എങ്കിൽ നമുക്കു ഉടനെപോയി കുർബാന കാണാം.

കുഞ്ഞാ— "മോളും അപ്പച്ചനുംകൂടി കൊവേന്തയിലേക്കു ചെല്ലു്. ഞാൻ പോയി എല്ലാ വിവരങ്ങളും വികാരിയച്ചനോടു പറയട്ടെ. നമുക്കു ഈ വീടു് ഒന്നു വെഞ്ചരിപ്പിക്കയുംവേണം.

(ശുഭം)

## For Favours Received and to be received



BY
K. C. JOSEPH,
Kalampukattussery,
Pulikku ttussery, P. O.

### ബുള്ളറിൻവരിസംഖ്യ

ഒരുവർഷത്തേയ്ക്കു് 3.രൂ. സിങ്കിംകോപ്പി 25പൈ. (വരിസംഖ്യ എപ്പോഴും മുൻകൂർ അയച്ചിരിക്കണം.)

എഡിറ്റർ

## ഇൻഡ്യൻപ്രധാനമന്ത്രിയുടെ സമക്ഷത്തിൽ താഴെ പേരെഴുതി ഒപ്പിട്ടിരിക്കുന്ന, തൃശ്ശൂർ ജില്ലയിലെ കത്തോലിക്കരായ പൗരജനങ്ങൾ സമർപ്പിക്കുന്ന

# മെമ്മോറാണ്ടം

അത്യധികമായ ഖേദത്തോടും അതിലേറെ ഉൽക്കണ്ഠയോടുംകൂടെയാണ് ഞങ്ങൾ ഈ നിവേദനപത്രിക അങ്ങേയ്ക്കു സമർപ്പിക്കുന്നതു്. കഴിഞ്ഞ മൂന്നു മാസങ്ങളായി കേരളത്തിലുടനീളം നാല്പതോളം ക്രൈസ്തവദൈവാലയങ്ങൾ തകർക്കപ്പെട്ടു. ഈ ദൈവാലയഭേദനങ്ങൾ ഞങ്ങൾക്കുഹൃദയഭേദകങ്ങളാണു്. അക്രമികൾ ദൈവാലയങ്കണങ്ങളിൽ വിശുദ്ധസ്ഥലത്തു പ്രവേശിച്ചു് ഞങ്ങളുടെ ജീവനേറ ജീവനായ തിരുവോസ്തികളെടുത്തു് മൂത്രപ്പുരകളിലും ചെളിക്കുഴികളിലും എറിയുകയും തിരുസ്വരൂപങ്ങളും കുരിശുകളും തല്ലിത്തകർക്കുകയുമാണു് ചെയ്തുകൊണ്ടിരിക്കുന്നതു്.

ഈ നീചകൃത്യത്തിനേറ പിന്നിൽ സംഘടിതമായ ഒരു ശക്തി പ്രവർത്തിക്കുന്നുണ്ടെന്നു ഞങ്ങൾ ബലമായി വിശ്വസിക്കുന്നു. ഞങ്ങളുടെ മുഖ്യമന്ത്രിയും അനേകംതവണ അതു സമ്മതിച്ചിട്ടുണ്ടു് മോഷണമാണു് ഈ കൊടിയ അക്രമങ്ങൾക്കു പിന്നിലുള്ളതെന്നുവിശ്വസിക്കാൻ തീരെ ന്യായം കാണുന്നില്ല. താരതമ്യേന സാമ്പത്തികശേഷി വളരെക്കുറഞ്ഞ ദൈവാലയങ്ങളാണു് തകർക്കപ്പെട്ടിരിക്കുന്നതു്. വിശുദ്ധ വസ്തുക്കൾ നിന്ദിക്കുവാൻ മാത്രമേ പലസ്ഥലങ്ങളിലും അക്രമികൾ ശ്രമിച്ചിട്ടുള്ളൂ.

കേരളത്തിലെ കത്തോലിക്കർ ഇന്നു തികച്ചും സംഭീതരും ഉൽക്കണ്ഠാകുലരുമായിക്കഴിയുകയാണു്. മഹത്തായ ഇൻഡ്യൻ ഭരണഘടന ഇന്നാട്ടിലെ എല്ലാ ജനങ്ങൾക്കും വാഗ്ദാനംചെയ്തിട്ടുള്ള മൗലികാവകാശങ്ങളും മതസ്വാതന്ത്ര്യവും ഞങ്ങൾക്കുമാത്രം നിഷേധിക്കരുതേ എന്നു ഞങ്ങൾ കേരളസർക്കാരിനോടു് ആയിരംതവണ അപേക്ഷിച്ചു, പക്ഷേ അവയൊക്കെ നിഷ്ഫലം നിരസിക്കപ്പെടുകയാണുണ്ടായതു്. അതിനാൽ, ഭരണഘടന ഞങ്ങൾക്കു് ഉറപ്പുതന്നിട്ടുള്ള മൗലികാവകാശങ്ങൾ ഞങ്ങൾക്കു നിഷേധിക്കരുതേ എന്നു ഞങ്ങൾ അങ്ങയോടപേക്ഷിക്കുന്നു.

കേരളസർക്കാരും ഇവിടത്തെ പോലീസുവകുപ്പും ഈ വിഷയത്തിൽ കുറ്റകരമായ അനാസ്ഥകാണിക്കുന്നതുകൊണ്ടു് ദൈവാലയധ്വംസനങ്ങൾ അനസ്യൂതം തുടർന്നുകൊണ്ടിരിക്കുകയാണു്. ഈ സാഹചര്യത്തിൽ കേന്ദ്രഗവൺമെന്റിടപെട്ടു് കുറ്റക്കാരെ കണ്ടുപിടിച്ചു് നിയമാനുസരണം ശിക്ഷിക്കണമെന്നും, മേലാൽ ഞങ്ങളുടെ വിശുദ്ധ സ്ഥാപനങ്ങൾക്കു വേണ്ടതു സംരക്ഷണം നൽകി ഇത്തരം ധർമ്മസങ്കടത്തിൽനിന്നു ഞങ്ങളെ രക്ഷിക്കണമെന്നും വിനയപൂർവ്വം അപേക്ഷിക്കുന്നു.

Copy to:-

1 ഇന്ത്യൻആഭ്യന്തരമന്ത്രി

2 ഇന്ത്യൻ നാഷണൽ കോൺഗ്രസ് പ്രസിഡണ്ടു് ശ്രീ. കാമരാജു്

3 കേരള ഗവർണ്ണർ ശ്രീ. വി. വി. ഗിരി

—0—

ഡോക്ടർ സംസാരിക്കുന്നു

## കൺകുരു

കണ്ണിനേറ പോളകൾക്കു് നീരുവരുന്നതിനു് കൺകുരുവെന്നു പറയുന്നു. പലരേയും ഇതു് വളരെ അധികം പീഡിപ്പിക്കാറുണ്ടു്. ആരോഗ്യക്കുറവു് ഉള്ളവരെ ഇതു പെട്ടെന്നു് പിടികൂടുന്നതായിക്കാണുന്നു. വളരെ വേദനയോടുകൂടി നീരുവന്നു് പഴുത്തു പൊട്ടിപ്പോകുന്നു. പഴുത്തുപൊട്ടിപ്പോകുന്നതോടുകൂടി അസുഖം മാറുന്നു. ഹോമിയോ ഔഷധങ്ങളുടെ ഉപയോഗംമൂലം കൺകുരു പെട്ടെന്നു് മാറുന്നതായി കണ്ടുവരുന്നു. ചില പ്രധാന ഔഷധങ്ങൾ.

പൽസറില 30.

മുകളിലത്തെപോളയ്ക്കു് ഉണ്ടാകുന്ന കൺകുരു.

സ്റ്റാഫിസാഗ്രിയാ 30.

പഴകിയകൺകുരു. പൽസാറിലാകൊണ്ടു പ്രയോജനംകാണാതെവരുമ്പോൾ ഉപയോഗിക്കുക. അടിപ്പോളയ്ക്കും മുകൾപോളയ്ക്കും ഉണ്ടാകുന്നതിനു് കൊള്ളാം.

ഹെപ്പാർസൽഫ് 30.

വീണ്ടും വീണ്ടും വരിക, പഴുപ്പു് ആരംഭിക്കുമ്പോൾ.

തുയാ 30.

അരിമ്പാറമാതിരിയുള്ള കൺകുരുവിനു്.

സൽഫർ 30.

കൺകുരു വരാതിരിക്കുന്നതിനു്.

കൂടാതെ കാൽക്കേറിക്കാർ ബൈൻസോലിഡു് ആസിഡു്, അലുമിനസിലിക്കേറു് എന്നിവയും ലക്ഷണം നോക്കി ഉപയോഗിക്കാം.

ഔഷധം ദിവസം മൂന്നുനേരം ഉപയോഗിക്കാം.

ഹോമിയോഔഷധങ്ങൾ സേവിക്കുമ്പോൾ ലഹരിസാധനങ്ങൾ ഉപയോഗിക്കരുതു്.

—0—


### പ്രത്യേക ശ്രദ്ധയ്ക്കു്

ബുള്ളറിൻ സംബന്ധമായ എഴുത്തുകുത്തുകളോ, ലേഖനങ്ങളോ, വരിസംഖ്യയോ, സംഭാവനകളോ "എഡിറ്റർ, എ. കെ. സി. സി; ബുള്ളറിൻ, നാഗമ്പടം, കോട്ടയം. എന്ന വിലാസത്തിൽ അയയ്ക്കുണമെന്നഭ്യർത്ഥിക്കുന്നു.

# വായനക്കാർ എഴുതുന്നു

പ്രിയ പത്രാധിപരെ,

കെട്ടിലും മട്ടിലും മാത്രമല്ല ഉള്ളടക്കത്തിലും കൂടി ബുള്ളറിൻ പുരോഗമിക്കുന്നതു് ആമോദജനകവും അനുമോദനാർഹവുമാണു്. സാഹിത്യരംഗത്തെ കുത്തകമുതലാളിത്തത്തിൽ വീർപ്പുമുട്ടിക്കഴിയുന്ന നമ്മുടെ യുവസാഹിത്യകാരന്മാർക്കു്, വളരാനും ഉയരാനും വികസിക്കാനുമൊക്കെ 'ബുള്ളറിൻ' കനത്ത സംഭാവനകൾ നൽകുമെന്നു പ്രതീക്ഷിക്കുന്നു.

മറ്റു പലരേയും പോലെ 'ബുള്ളറിനു' പകരം വല്ല 'ദീപശിഖ'യോ— 'ഭദ്രദീപമോ' നവൈക്യനാളമോ 'കേരളദീപ'മോ പ്രത്യക്ഷപ്പെടുന്ന നാളിനു വേണ്ടി കാത്തിരിക്കുന്നു.

ഭാവുകാശംസകളോടെ;
ഫാ. ജി. ററി. ഊന്നുകല്ലിൽ.

ഏ. കെ. സി. സി. ബുള്ളറിൻ വളരെയധികം ഞാനിഷ്ടപ്പെടുന്ന ഒരു മാസികയാണു്. അതിൽ പുതിയ പുതിയ പംക്തികൾ കാണുന്നതിൽ സന്തോഷിക്കുന്നു. ബുള്ളറിൻറെ പേരു മാറണമെന്നു പലരും അഭിപ്രായപ്പെടുന്നതു കണ്ടു. പക്ഷേ എൻറെ അഭിപ്രായത്തിൽ ബുള്ളറിൻ എന്നുള്ള പേരു മാത്രമിപ്പോൾ മതിയെന്നാണു്. എല്ലാവരുടെയും ഇഷ്ടംപോലെയാകട്ടെ. ബുള്ളറിനു എല്ലാവിധ മംഗളങ്ങളും നേർന്നുകൊള്ളുന്നു.

മത്തായി മത്തായി
ഈററത്തോട്ട മാളിയേക്കൽ
പൂവരണി.

## 'ഓടിട്ട വീട്'

സർ,

ബുള്ളറിൻ പരിഷ്ക്കരിക്കുന്നതിൽ വളരെ സന്തോഷം! ഇതുവരെ ലേഖനസഹായത്തിനു കഴിഞ്ഞില്ല. അതിൽ എനിക്കു് ആത്മാർത്ഥമായ ഖേദമുണ്ടു്. ഒരു ചെറുകഥയ്ക്കുള്ള രൂപം നൽകി വരുന്നു.

'ഓടിട്ട വീടിൻറെ' പ്രാരംഭം തികച്ചുമൈച്ചം തന്നെ. രചനാസൗന്ദര്യം സഹൃദയരെ മനംമയക്കും. കഥാഗതി നമുക്കു കാത്തിരുന്നു കാണാം. എന്നാൽ വിമർശകനായോജിക്കാൻ കഴിയാത്തതായി ചില അംശങ്ങളും ഓടിട്ട വീട്ടിൽ കാണുന്നുണ്ടു്. ഒരെണ്ണം എടുത്തു കാട്ടുന്നു:—

പള്ളിയിലേയ്ക്കു പോകുന്ന വഴി റബ്ബർ തോട്ടത്തിൽ, കശാപ്പുകാരൻ പന്നിയെ കൊന്നു മറിച്ചിട്ടിരിക്കുന്നതു് ഈരാനിച്ചേട്ടൻ കാണുന്നു. വാസ്തവം പറഞ്ഞാൽ ഉടനെ ആ ഇരച്ചിക്കൊതിയൻറെ കൊതി ഉണരുകയില്ലേ? ഉണരും. അതു സ്വാഭാവികം മാത്രം. ആ നിമിഷം തന്നെ അയാളുടെ ചിന്തകളും ഇരച്ചിയെയും പന്നകുള്ളിനെയും ചുററിപ്പററി ഉയരുകതന്നെ ചെയ്യും. മനശ്ശാസ്ത്രഗതി അങ്ങനെയാണല്ലോ. അതിനാൽ, കഥാകൃത്തു് അവിടെത്തന്നെ അയാളുടെ ചേതോവികാരങ്ങളെ ചിത്രീകരിക്കേണ്ടതായിരുന്നു. പള്ളിയിൽ അച്ചൻറെ പ്രസംഗം തനിക്കു് രസിക്കാതെ വന്നപ്പോഴും പന്നംകള്ളും പന്നിയിറച്ചിയും അയാളുടെ ചിന്തയിൽ തുടരേണ്ടതുമായിരുന്നു. പക്ഷേ, കഥാകൃത്തു് ഈരാനിച്ചേട്ടനെ പള്ളിയിൽ കൊണ്ടെചെന്നിരുത്തിയിട്ടേ ഇരച്ചിയെപ്പററിയും മറും ചിന്തിപ്പിക്കുന്നുള്ളൂ. വിമർശകനു് ഇതു രസിക്കുമെന്നു തോന്നുന്നില്ല. ശ്രീ. മററം, ശ്രീ. മുട്ടത്തുവക്കിയെ കഴിഞ്ഞാൽ നമ്മുടെ സമുദായത്തിനു് അഭിമാനിക്കാൻ വക തരുന്ന അടുത്ത ആളാണു്.

വേളൂർ കെ. സി. തോമസു്,
കോട്ടയം—3

## ലേഖനം നന്നായിരുന്നു


സർ,

ഏ. കെ. സി. സി. ബുള്ളറിൻറെ ആരംഭം മുതൽക്കുള്ള ഒരു വായനക്കാരനാണു ഞാൻ. ബുള്ളറിൻ ഉപര്യംപരി നന്നായി കാണുന്നതിൽ സന്തോഷിക്കുന്നു. കഴിഞ്ഞ ലക്കത്തിൽ ശ്രീ. ജോസു് വാക്കയിൽ പറമ്പിൽ ബി. ഏ., ബി. എൽ. എഴുതിയിരുന്ന മനഃശാസ്ത്രസംബന്ധമായ ലേഖനം നന്നായിരുന്നു. ഇത്തരം സാംസ്ക്കാരികമൂല്യങ്ങളുള്ള ലേഖനങ്ങളും ഇനിയും പ്രസിദ്ധപ്പെടുത്തിക്കാണുവാൻ ആഗ്രഹിക്കുന്നു. മുഖചിത്രം കുറേക്കൂടി ആകർഷകമാക്കിയാൽ കൊള്ളാം. അതുപോലെ ബുള്ളറിൻറെ പേരും പരിഷ്ക്കരിക്കുന്നതു നന്നായിരിക്കും. 'കേരള കത്തോലിക്കൻ' എന്നാക്കിയാൽ കൊള്ളാമെന്നെനിക്കു തോന്നുന്നു. ഓരോ ചെറുകഥയും, രണ്ടോ മൂന്നോ കവിതകളും ഓരോ ലക്കത്തിലും ഉൾക്കൊള്ളിച്ചാൽ കൊള്ളാം. ബുള്ളറിനു സർവ്വവിജയങ്ങളും ആശംസിക്കുന്നു.

വി. ററി. മാത്യു, ബി. എസ്സ്സി. ബി. എഡ്; പെങ്ങന്നൂർ.

## ലേഖകന്മാരുടെ ശ്രദ്ധയ്ക്ക്

ലേഖനങ്ങൾ, ചെറുകഥ, കവിത തുടങ്ങിയവ കടലാസിൻറെ ഒരു വശത്തു് മഷികൊണ്ടു് വൃത്തിയായി കഴിവതും ചുരുങ്ങിയ രീതിയിൽ എഴുതി, അയച്ചുതരണമെന്നു ഭ്യർത്ഥിക്കുന്നു.



പോംപെ ദിവ്യകാരുണ്യകോൺഗ്രസിനു ആശീർവദിക്കുന്ന വിശുദ്ധിക്കളായ വൈദിക
മേലധ്യക്ഷന്മാർക്കുപയോഗിക്കുന്നതിനുള്ള വസ്ത്രങ്ങൾ കണ്ടുകൊണ്ടു നിൽക്കുന്നു.

Edited, Printed and Published for the Working Committee of the All Kerala Catholic Congress
by Joseph Kalampukattussery, at Deepika Press, Kottayam.